Annual Subscription : Rs.100/-

# NEW VISION FOR A CHANGING WORLD

Vol 10 ● Issue 3 ● NOVEMBER 2009

## അനാഥമാകുന്ന കേരളം 3




7 ഫലകരമായ നേതൃത്വശൈലി

10 ഞായറാഴ്ച – ആത്മതപനത്തിന്റെ ദിനം

17 സ്വദേശാഭിമാനിക്ക് സ്ഥാനക്കയറ്റം

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome

## EDITORIAL BOARD

**Patron**
Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan

**Chairman**
The Rt. Rev. Dr. Sam Mathew

**Hon. Chief Editor**
Prof. Dr. Cyriac Thomas

**Executive Editor**
Prof. Dr. Jose Parakadavil

**Managing Editor**
Prof. Dr. Mathew Koshy Punnakkadu

**Editors**
The Rev. Dr. Mathew Daniel
Mr. George Bahanan
Dr. Stany Thomas
Prof. Sabu de Mathew
Mr. John George Athyal
Dr. Anne Susan Koshy
Prof. Muse Mary George

**Manager**
The Rev. Prof. K.C. Mathew

**Office Assistant**
Mr Kurien Thomas T.

### രിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മന്ദിരം, മാങ്ങാനം പി. ഒ, കോട്ടയം – 686 018

കോട്ടയം സി. എസ്. ഐ. ഡയോസിസൻ ബുക്ക് ഡിപ്പോയിലും
തിരുവല്ല സി. എസ്സ്. എസ്സിലും വരിസംഖ്യ അടയ്ക്കാവുന്നതാണ്.
റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക

### കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട് പി. ഒ, കോഴഞ്ചേരി – 689 652,
ഫോൺ/ഫാക്സ് : 0468 – 2214068, 2310376 Mob : 9847275754
e-mail: mkoshy@satyam.net.in

### CONTACT PERSONS

Mr. C.J. Rajan
25, Razak Gardens, 8-Cross Street,
Arumbakkam, Chennai - 600 106, Ph: 044-23634755

Major (Retd.) Jacob K. Philipose
98, Arbour Wood Cres. N.W.,
Calgary, Alberta, Canada T3 G4 C3
Ph: 403 - 239 - 8489, e-mail: jacob_p@shaw.ca

The Rev. Dr. Jacob Thomas
United Kingdom
Phone : +028 90308683

Mr. Varghese Abraham
141 Brintnell RD, Fort Me Murray, Canada. T9K1K3
Mr. George Eapen, Kuwait. Mob: 6031607
Mr. Regi Chandy Koshy, Kuwait. Mob: 6011377

### വരിസംഖ്യ

| | | | | |
|---|---|---|---|---|
| ഒരു വർഷത്തേക്ക് | : | 100രൂപ | (വിദേശത്തുള്ളവർക്ക് | US$ 20) |
| രണ്ടു വർഷത്തേക്ക് | : | 175രൂപ | ( ” | US$ 30) |
| മൂന്നു വർഷത്തേക്ക് | : | 250രൂപ | ( ” | US$ 40) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000രൂപ | ( ” | US$ 250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000/- രൂപ | ( ” | US$ 1000) |

Page Layout @ THE PAGEMAKERS, KZY. ✆0468 3207374

*Visit our website :*
**www.newvisionforachangingworld.com**

## C O N T E N T S

■ Editorial 3
■ Study 4
**പണമല്ല ജീവിത ...**
***ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ***
■ Focus 5
**ആചാര്യ ദേവോ ഭവ...**
***റവ. ഡോ.അലക്സാണ്ടർ എ.തോമസ്***
■ Counselling 7
**നമ്മൾ ശവംകുത്തികളാകരുത് ....**
***ജോർജ്ജ് ബഹനാൻ***
■ Life 9
**എൻ മനമേ....**
***ഫാദർജി***
■ Reflections 10
**വീണ്ടുമൊരു സ്വാശ്രയ സഭ...**
***ഡോ. കെ. വി. വറുഗീസ്***
■ Current Affairs 11
**ജീവിത ശൈലിയും**
***വർക്കി കുര്യൻ***
■ Sport Light 12
**കൂട്ടവും കൂട്ടായ്മയും**
***ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്***
■ മറുപുറം 14
**ബന്ധങ്ങളില്ലാതായതെങ്ങനെ...**
***ഡോ. ജോസ് പാറക്കടവിൽ***
■ Study 15
The opening Chapter
Ashgar Ali Engineer
■ Well being 17
**കുഞ്ഞുങ്ങളുടെ വരദാനം**
***ഡോ. പി.കെ.പീതാംബരൻ***
■ Bible Study 19
**കൂടെ കൂടുന്ന ഭർത്താവ്**
***റവ. ജോസഫ് അയിരൂക്കുഴി***
■ Responses 22

### MANAGEMENT BOARD MEMBERS

Prof. Dr. C.T Kurian
Dr. Annamma George
Mr. Varghese Koshy
Mr. Reji Chandy Koshy
Mr. Thomas T. Thomas
Mr. Sam Pynumoodu
Mr. P.E. Thomas
Mr. Aji John Mathews
Mr. P.V. Varughese
Mr. Joby Peter
Mr. George Eapen
Mr. K.P. Koshy
Mr. Thomas Koshy
Mr. George Koshy
Mr. Justin T. Varughese
Mr. Jacob Mathew
Dr. S. Joseph
Rev. Mathew Idiculla
Prof. Zachariah Mathew

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 5000 | Rs.2500 | Rs.1250 |
| Back Cover (inside) | Rs. 4000 | Rs.2000 | Rs.1000 |
| Inner Pages | Rs. 3000 | Rs.1500 | Rs.800 |

# Editorial

# അനാഥമാകുന്ന കേരളം



ഡോ. ജോസ് പാറക്കടവിൽ
എക്സിക്യൂട്ടീവ് എഡിറ്റർ

*__കേരളപ്പിറവിയെക്കുറിച്ചുള്ള__ ഓർമകളുമായാണ് എല്ലാ വർഷവും നവംബർ മാസം വന്നെത്തുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മുറിഞ്ഞു കിടന്നിരുന്നതും അതിനു മുമ്പ് അനവധി നാട്ടുരാജ്യങ്ങളായി കിടന്നതുമായ മലയാളക്കരയെക്കുറിച്ചുള്ള സ്മരണകൾ, ഐക്യകേരളം എന്ന സ്വപ്നത്തെ ദീർഘകാലം മനസ്സിൽ താലോലിച്ചവരെക്കുറിച്ചുള്ള ചിന്തകൾ, കേരള സംസ്ഥാന രൂപീകരണത്തിനായി അക്ഷീണം പരിശ്രമിച്ച ദേശാഭിമാനികളെക്കുറിച്ചുള്ള ഓർമ്മകൾ ഇവയെല്ലാം മനസ്സിൽ തെളിഞ്ഞു വരുന്ന സന്ദർഭം.*

*ഭാഷയുടെ അടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപീകൃതമാകുന്നതോടു കൂടി കേരളത്തിനു വരാൻ പോകുന്ന വികസന പുരോഗതിയെപ്പറ്റി കേരളപ്പിറവി ദിനത്തിൽ നേതാക്കൾ പ്രസംഗിച്ചതോർക്കുന്നു. എന്നാൽ അൻപതു വർഷം പിന്നിട്ടപ്പോൾ സംസ്ഥാനം രൂപീകരണത്തിന്റെ സുവർണ ജൂബിലി പോലും അർത്ഥവത്തായി കൊണ്ടാടുവാൻ സാധിച്ചില്ല എന്നതാണ് കേരള സംസ്ഥാനം എത്തിനില്ക്കുന്ന വർത്തമാനകാലാവസ്ഥ.*

*ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുമ്പോൾ വിദ്യാഭ്യാസം, വൈദ്യശുശ്രൂഷ തുടങ്ങിയ പ്രാഥമിക വികസന മേഖലകളിൽ പോലും വളരെ പിന്നാക്കമായിരുന്ന പ്രദേശങ്ങൾ കഴിഞ്ഞ അര നൂറ്റാണ്ടുകാലം കൊണ്ടു വിവിധ മേഖലകളിൽ നേടിയ വളർച്ച പ്രശംസനീയമാണ്. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുന്ന കാലത്ത് വികസന മാതൃകയിൽ ഒന്നാം സംസ്ഥാനത്തായിരുന്നു, കേരളം. അന്യസംസ്ഥാനങ്ങളിൽ വികസനത്തിന്റെ ചുവടുകളുറപ്പിക്കുവാൻ അവരെ സഹായിച്ചത് കേരളത്തിൽ നിന്നുള്ള അഭ്യസ്തവിദ്യരായിരുന്നു. അക്കാലത്ത് കേരളത്തിലെ വിദ്യാഭ്യാസം ഇന്ത്യയിലെ ഏറ്റവും മികച്ച നിലവാരം പുലർത്തുന്നതുമായിരുന്നു.*

*ഇന്നു കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നിലവാരം തന്നെ ആശങ്ക ജനിപ്പിക്കുന്ന അവസ്ഥയിലായി. എത്രയോ കാലം സംസ്ഥാനത്ത് പ്രകാശഗോപുരങ്ങളായി നിന്ന കലാലയങ്ങളുടെ ഇന്നത്തെ ശോചനീയാവസ്ഥ ദീർഘവീക്ഷണമില്ലാത്ത ഭരണകർത്താക്കളുടെ സങ്കുചിത മനോഭാവങ്ങളെ വിളംബരം ചെയ്യുന്നു.*

*കാർഷിക മേഖലയിലും വ്യവസായ രംഗത്തും ഭരണകർത്താക്കൾക്ക് നാടിന്റെ വികസനം എന്ന പരമലക്ഷ്യം പാലിക്കുവാൻ കഴിയാത്തതു കൊണ്ടുണ്ടായ നഷ്ടങ്ങൾ ഏറെയാണ്. അധികാരവികേന്ദ്രീകരണം എന്ന ഗാന്ധിയൻ വിപ്ലവം ഉദ്ഘോഷിച്ചു കൊണ്ടു നടപ്പിലാക്കിയ പഞ്ചായത്ത് രാജ് സംവിധാനവും കക്ഷിരാഷ്ട്രീയത്തിന്റെ പോർക്കളങ്ങൾ സൃഷ്ടിക്കുവാൻ മാത്രമേ സഹായിച്ചിട്ടുള്ളൂ. ബുദ്ധിരാക്ഷസന്മാർ എന്നു സ്വയം വിശേഷിപ്പിക്കുന്ന മലയാളികൾ സ്വന്തം നാടിന്റെ പുരോഗതിക്കു വഴിമുട്ടിക്കുവാൻ മാത്രം കഴിവു നേടി.*

*ഏതുമേഖലയിലും കക്ഷിരാഷ്ട്രീയത്തിന്റെ പേരിലുള്ള പോർവിളികളും കിടമത്സരങ്ങളും പാലം വലികളും നടത്തുവാനല്ലാതെ സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങളെ പ്രാധാന്യമായി കരുതുവാൻ കഴിയുന്ന രാഷ്ട്രീയസംസ്ക്കാരം ശീലിക്കുവാൻ മലയാളിക്കു കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാനങ്ങളിൽ നാടിന്റെ നന്മയ്ക്കു വേണ്ടി കക്ഷിഭേദം മറന്ന് രാഷ്ട്രീയ പാർട്ടികൾ നിലകൊള്ളുന്നത് കണ്ടു പഠിക്കുവാനെങ്കിലും കേരളത്തിലെ 'ബുദ്ധിരാക്ഷസന്മാർ'ക്കു കഴിഞ്ഞിരുന്നെങ്കിൽ!!*

**STUDY**

# വേദാന്തം സുവിശേഷ വെളിച്ചത്തിൽ

**കെ. എം. തോമസ് കലഞ്ഞൂർ**

**യേ**ശുവിന്റെ മാർഗ്ഗം ഒരു ഹിന്ദു സന്യാസിയാൽ വിലയിരുത്തപ്പെടുന്ന മലയാളത്തിലെ ആദ്യ കൃതിയാണ് സ്വാമി മുനി നാരായണ പ്രസാധം എഴുതിയതും ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചതും ആയ സുവിശേഷങ്ങൾ വേദാന്ത ദൃഷ്ടിയിൽ എന്നത്. ഈ പഠനത്തിൽ അവതരിപ്പിക്കന്ന രീതിയിൽ മാത്രമാണ് സുവിശേഷങ്ങൾ വ്യാഖ്യാനിക്കേണ്ടതെന്ന അഭിപ്രായം ഗ്രന്ഥകാരനില്ല. മുഖവുരയിൽ അത് സൂചിപ്പിക്കുന്നുണ്ട്. തന്റെ ഗ്രന്ഥത്തോട് ഒരു പ്രതികരണവും പാടില്ലെന്ന അർത്ഥത്തിലല്ലല്ലോ അങ്ങനെ സൂചപ്പിക്കുന്നത്. അനാവശ്യ വിവാദം ഉണ്ടാകാതിരിക്കാനുള്ള ഒരു പ്രതിരോധത്തിൽ കവിഞ്ഞ് സൃഷ്ടിപരമായ സംവാദത്തിന്റെ വാതിലുകൾ കൊട്ടിയടച്ചിട്ടില്ലെന്ന്ന കരുതികൊണ്ടാണ് ഗ്രന്ഥത്തെപ്പറ്റിയുള്ള ഈ കുറിപ്പ്.നാലു സുവിശേഷങ്ങളും ബൈബിളിൽ ഉൾപ്പെടുത്താതെ പോയ തോമസിന്റെ സുവിശേഷവും ചേർത്തുള്ള വ്യാഖ്യാനമാണീ ഗ്രന്ഥം. ഗ്രന്ഥകാരനെ സംബന്ധിച്ച്, യേശുവിന്റെ വാക്കുകളിൽ അന്തർഗതമായിട്ടുള്ള വേദാന്തരഹസ്യങ്ങളെ വേദാന്തത്തിന്റെ ശൈലിയിൽ താൻ പുറത്തെടുക്കുകയാണ്. വേദാന്ത രഹസ്യം സെമറ്റിക് മാനങ്ങളുടെ ഭാഷാശൈലിയിൽ യേശു വെളിപ്പെടുത്തിയപ്പോൾ അതിൽ ഒരു അദ്വൈതിയുടെ നിലാപാടാണെന്ന് താൻ വ്യാഖ്യാനിക്കുന്നു. ഇത്തരമൊരു വ്യാഖ്യാനമായതു കൊണ്ട് പുസ്തകത്തിന്റെ തലക്കെട്ട് സുവിശേഷങ്ങൾ വേദാന്തദൃഷ്ടിയിൽ എന്നതിനു പകരം വേദാന്തം സുവിശേഷ വെളിച്ചത്തിൽ എന്നായിരുന്നുവെങ്കിൽ കുറേ കൂടി അന്വർത്ഥമായേനേ എന്നു തോന്നുന്നു. കാരണം സുവിശേഷങ്ങളിൽ തേടുന്നത് ഒളിഞ്ഞിരിക്കുന്ന വേദാന്ത അദ്വൈത രഹസ്യങ്ങളെയാണ്. തന്റെ അന്വേഷണത്തിൽ ആദിശങ്കരൻ, നാരായണഗുരു ചിന്തകളും ഭഗവത്ഗീത, ഉപനിഷത്ത് ചിന്തകളും മറ്റും സജീവമാക്കപ്പെടുന്നു.

ഗ്രന്ഥകാരൻ ഗ്രന്ഥത്തിലൂടനീളം ക്രിസ്തുവിനെ ഒരു ഗുരുവായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ജീവിതരഹസ്യമായ വേദാന്തമാണ് യേശുവിന്റെ വാക്കുകളിൽ കാണുന്നത്. ഓരോ വ്യക്തിയും തന്റെ ഉണ്മയെ ആകെയുള്ള ഉണ്മയിൽ നിന്നും അന്യമല്ലാതെ കാണുന്നതിൽ ഒരാനന്ദം അനുഭവിക്കുന്നു. ഗുരുക്കന്മാർ അതിനുള്ള വഴി തെളിച്ചു തരികയും ചെയ്യുന്നു. യേശുവും അങ്ങനെയുള്ള ഒരു ഗുരുവാണ്. **അദ്വൈത സത്യം ജീവിതത്തിൽ അന്വർത്ഥമാക്കി ജീവിതം നയിക്കേണ്ടുന്നവിധം എങ്ങനെയെന്ന് യേശു മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും സകല മനുഷ്യരും ദൈവപുത്രന്മാരാണെന്ന ചിന്തയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.** ദൈവത്തിൽ നിന്നുള്ള അനന്യത നിരന്തരം അനുഭവിച്ച് അറിഞ്ഞു കൊണ്ടിരിക്കുന്നുവെന്ന അറിവാണ് ഒരു ഗുരുവിനെ ദൈവപുത്രനാക്കുന്നത്.

ഒരു യഥാർത്ഥ ഗുരുവിന് രണ്ടു വശങ്ങൾ ഉള്ളതായി കാണാം. ഒന്ന് എല്ലാവരെയും പോലെ ജീവിച്ചിരിക്കുകയും തന്നെ സമീപിക്കുന്നവർക്ക് തക്കരൂപത്തിൽ സത്യസ്വരൂപം വെളിപ്പെടുത്തിക്കൊടുക്കുകയും പിന്നീട് എല്ലാ മനുഷ്യരേയും പോലെ മരിച്ചു പോകുകയും ചെയ്യുന്നവശം. രണ്ട്. അനാദിയും നിത്യവുമായ ഗുരുത്വത്തിന്റെ മൂർത്തരൂപം എന്ന വശം. യേശുവിന്റെ കാര്യത്തിൽ ആദ്യത്തെ വശത്തെ മനുഷ്യ പുത്രൻ എന്നും രണ്ടാമത്തെ വശത്തെ ദൈവപുത്രൻ എന്നുമാണ് പരാമർശിച്ചു പോരുന്നത്. ഇവിടെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നത് മനുഷ്യപുത്രനാണ്, ദൈവപുത്രനല്ല. യേശുവിന്റെ മരണത്തോടു കൂടി മനുഷ്യപുത്രൻ എന്ന പദവിയിൽ നിന്ന് ദൈവപുത്രൻ എന്ന പദവിയിലേക്ക് ഉയിർത്തെഴുന്നേല്പ് സംഭവിച്ചിരിക്കുന്നു. ഇനിയുള്ളത് ഉയർത്തെവുന്നേല്ക്കപ്പെട്ട ഗുരുത്വം മാത്രം. ആ ഗുരുത്വത്തിന് ജനനമോ മരണമോ ഇല്ല (പേജ് 189)

ഗുരുവിനെ ഒരു തത്വമായി അംഗീകരിക്കുകയും തന്റെ ഉപദേശങ്ങളുടെ ജ്ഞാനരഹസ്യം കണ്ടെത്തുകയും ആദ്ധ്യാത്മിക സാധനയുടെ പഥത്തിൽ മുന്നേറുകയും ചെയ്യുമ്പോൾ ഒരുവൻ ചെന്നെത്തുന്നത് ജ്ഞാനോദയത്തിലായിരിക്കും (ബൈബിൾ ഭാഷയിൽ സ്വർഗ്ഗരാജ്യം) അപ്പോൾ ദൃശ്യലോകത്തിന്റെ സത്യത അവിടെ അവസാനിക്കുകയും ദൈവത്തിന്റെ മാത്രം സത്യത അവശേഷിക്കുകയും ചെയ്യും. ഇവിടെ മനുഷ്യപുത്രന്റെ ദൈവിക പുത്രത്വത്തിലേക്കുള്ള ഒരു പകർന്നാട്ടമുണ്ട്. ഈ പകർന്നാട്ടത്തിൽ മരണം മരിക്കുകയും പുനരുത്ഥാനം യാഥാർത്ഥ്യമാകുകയും ചെയ്യുകയാണ്.

പുനരുത്ഥാനത്തിന്റെ പിന്നിൽ സാധാരണ കല്പിക്കപ്പെട്ടിട്ടുള്ള പ്രകൃത്യാതീത ദിവ്യപരിവേഷം ഗ്രന്ഥകാരൻ ഉരിഞ്ഞു കളയുകയാണ്. സംഭവത്തെ പ്രകൃതിക്കും ചരിത്രത്തിനുമുള്ളിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ വ്യാഖ്യാനിക്കുമ്പോഴും അവയുടെ ദിവ്യപരിവേഷം അഴിച്ചു കളയുന്നുണ്ട്. പക്ഷേ പ്രകൃതിയുടെ കാര്യത്തിൽ അതിന്റെ ദിവ്യതയെ ഒരു വിധത്തിലും തൊടുന്നില്ല. പ്രകൃതിയിലെ പ്രതിഭാസങ്ങളോട്, ഇത് എങ്ങനെ സംഭവിക്കുന്നു എന്ന ചോദ്യത്തോട് പ്രപഞ്ചത്തിലെന്തു നടക്കുന്നുവെന്നും എങ്ങനെ എപ്പോൾ നടക്കുന്നുവെന്നും ഒന്നും ആർക്കും മുൻകൂട്ടി പറയുവാൻ കഴിയില്ല. എല്ലാവാക്കുകൾക്കും വിവരണങ്ങൾക്കും അതീതമായി അതു നിലകൊള്ളുന്നു. ഇതെങ്ങനെ എന്ന സത്യത്തെ തങ്ങളിൽ തന്നെ കണ്ടെത്തി അതിൽ സ്വയം അമർന്ന് അതിന്റെ കേലവതയിൽ ലയിച്ച് കൈവല്യരസാനുഭൂതി അനുഭവിക്കണം. ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരമല്ല, ചോദ്യങ്ങളിൽ നിന്നുള്ള മുക്തിതന്നെയാണാവശ്യം. താൻ തന്നെ ആ അത്ഭുതമാണെന്ന് തിരിച്ചറിവ്, അനുഭൂതി, അതിൽ അമർന്നിരിക്കുന്നവരെയാണ് മുക്തന്മാർ അഥവാ നിത്യ ജീവൻ പ്രാപിച്ചവർ എന്നു പറയുന്നത്.

പ്രകൃത്യതീതവും ദിവ്യവുമായി ക്രിസ്തുവിശ്വാസികൾ കാണുന്ന പല കാര്യങ്ങളെയും ചരിത്രത്തിനുള്ളിൽ നടക്കുന്ന സാധാരണ സംഭവങ്ങളായി ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്നു. ഉദാഹരണത്തിന് പുനരുത്ഥാനമെന്നത് ഒരു വ്യക്തിയുടെ ഉണ്മയെ ആകെയുള്ള ഉണ്മയിൽ, അതായത് ബ്രഹ്മത്തിൽ വിലയിക്കുക മാത്രമാണ്. ശരീരത്തോടു കൂടെയുള്ള ഉയിർത്തെഴുന്നേല്പിനെ ഗ്രന്ഥകാരൻ അംഗീകരിക്കുന്നില്ല. മരണമെന്ന പ്രതിഭാസത്തോടുള്ള സമീപനവും ഇതിന്റെ ഭാഗമാണ്. ശരീരം ആത്മാവിന്റെ തടവറയാണ്. അതുകൊണ്ട് ശരീരത്തിന്റെ നാശത്തിൽ ആത്മാവ് വീണ്ടെടുക്കപ്പെടുകയാണ്. യഥാർത്ഥശരീരം ബ്രഹ്മം തന്നെ. ഈ സമീ

*Contd 6*

**ലീഡ് കൈൻഡ്‌ലി!**

*ഒരിക്കൽ യൂഹാനോൻ മാർത്തോമ്മാ തിരുമേനി എന്റെ വീട്ടിൽ അതിഥിയായി താമസിച്ചു. രാവിലെ അടുക്കളയിൽ നിന്ന് ലീഡ് കൈൻഡ്‌ലി ലൈറ്റ് എന്ന പാട്ടു പാടുന്നതു കേട്ട് തിരുമേനി എന്റെ ഭാര്യയെ പ്രശംസിച്ചു. എന്നാൽ പാട്ടിന്റെ രഹസ്യം ഞങ്ങൾക്കേ അറിയൂ. മുട്ട പുഴുങ്ങുവാൻ അടുപ്പിൽ കയറ്റിയ ശേഷം ലീഡ് കൈൻഡ്‌ലി ലൈറ്റ് മുഴുവൻ പാടിത്തീരുമ്പോൾ മുട്ട വെന്തു പാകമായിരിക്കും. മുട്ട വാട്ടിയെടുക്കാനാണെങ്കിൽ പാട്ടിന്റെ പകുതി പാടിയാൽ മതി.*

# കരിമ്പു വള്ളത്തിൽ മണിമലയാറ്റിൽ കൂടി യാത്ര!



(കെ. ഐ. ഏബ്രഹാം, ബാംഗ്ലൂർ)

ഏറ്റവും ദുഷ്ക്കരവും ദുരിതപൂർണ്ണവുമായ കൃഷി ഏതെന്നു ചോദിച്ചാൽ ഞാൻ പറയും കരിമ്പുകൃഷി എന്ന്. കരിമ്പിന്റെ തലക്കം കുഴിയിൽ വച്ച് അത് കിളിർത്ത്, വിളഞ്ഞ്, വെട്ടിയെടുക്കുന്നതു വരെയുള്ള ശ്രമകരമായ ശുശ്രൂഷകൾ, പ്രത്യേകിച്ച് തഴച്ചു വളരുന്ന കരിമ്പിന്റെ ഇടയിൽ കയറി അത് തൂത്തുകെട്ടി വളമിടുന്ന പ്രക്രിയയിൽ കരിമ്പിൻപോള കൊണ്ട് ദേഹത്തുണ്ടാകുന്ന ദുസ്സഹമായ പോറലുകൾ പറഞ്ഞറിയിക്കാവുന്നതല്ല, കരിമ്പു വിളഞ്ഞാൽ അത് വെട്ടിയെടുത്ത്, സ്വന്തം ചക്കുള്ളവർ അവരുടെ ചക്കുകളിലും ഇല്ലാത്തവർ മറ്റുള്ളവരുടെ ചക്കുകൾ എവിടെയുണ്ടോ, അവിടെ കൊണ്ടു പോയിട്ടും ആട്ടുന്നു. മണിമലയാറിന്റെയും പമ്പാനദിയുടെയും മറ്റുള്ള നദികളുടെയും തീരങ്ങളിൽ താമസിച്ചിരുന്ന കർഷകപിതാക്കന്മാർ കരിമ്പു വെട്ടു തുടങ്ങിയാൽ രാത്രിപകലില്ലാതെ അദ്ധ്വാനിച്ച് ചക്കുകളത്തിൽ കഷ്ടപ്പെട്ട് കരിമ്പ്, കരിമ്പിൻ നീരാക്കി കുറുക്കുപുര യെന്ന Processing unit ൽ ഉണ്ടാക്കിയിട്ടുള്ള വല്യ അടുപ്പുകളിൽ വച്ചിരിക്കുന്നു. ഭീമാകാരമായ ചെമ്പുകളിൽ ഒഴിച്ച്, തിളപ്പിച്ച്, പാകമാകുമ്പോൾ, പരന്ന മരത്തോണികളിൽ ഒഴിച്ച്, തണുപ്പിച്ച്, ശർക്കരയും ഉണ്ടയും ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയ ഏതാണ്ട് നാലഞ്ചു മാസം നീണ്ടു നിൽക്കും.

ചെമ്പിനുള്ളിൽ തിളച്ചു മറിയുന്ന കരിമ്പിൻ നീരും, ചെമ്പടുപ്പിലെ ഉഗ്രമായ തീയും മറ്റും ഓർക്കുമ്പോൾ, നെബൂഖദ്നേസർ രാജാവ് ഏഴുമടങ്ങ് ചൂടു പിടിപ്പിച്ച ചൂളയെപ്പറ്റിയുള്ള ചിന്തകൾ മനസ്സിൽ വരുന്നത്. എന്തിന്! ഒരു സീസൺ കഴിയുമ്പോൾ ദേഹവും ദേഹിയും ക്ഷയിച്ച് കരിഞ്ഞ് കരിവാളിച്ച മുഖവും ഉണങ്ങിയ ശരീരവുമായിത്തീർന്ന എത്രയോ കർഷക പിതാക്കന്മാർ. ഈ കൈപ്പേറിയ അദ്ധ്വാനത്തിന്റെ മദ്ധ്യത്തിലും ആത്മവിശ്വാസം മുതൽകൂട്ട് ആയിരുന്ന അവരിൽ ആരുവൻ പോലും ആത്മഹത്യ ചെയ്തില്ല. കാരണം ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും പ്രാർത്ഥനയും ആശ്രയവും.

ഈ കഷ്ടപ്പാടുകൾക്കെല്ലാം വിരാമമിട്ടുകൊണ്ട് പ്യാരി ആൻഡ് കമ്പനി പുളിക്കീഴ് (തിരുവല്ലായ്ക്ക് അടുത്ത്) ഒരു പഞ്ചസാര മിൽ 1940 കളുടെ അവസാനത്തിൽ ആണ് തുടങ്ങുന്നത് എന്നു തോന്നുന്നു? ഇത് കരിമ്പു കർഷകർക്ക് ആശ്വാസവും സന്തോഷവും തരുന്ന ഒരു കാര്യമായിരുന്നു. ഫാക്ടറിയുടെ ആവിർഭാവത്തോടു കൂടി ചക്കും, ചക്കുകളവും, കാളകളും കുറുക്കു പുരയും, ചെമ്പും തോണിയും എല്ലാം പുരാവസ്തുക്കളായി.

കരിമ്പ് വിളഞ്ഞ് കഴിഞ്ഞാൽ കർഷകർ എല്ലാം ആകാംക്ഷയോടെ കരിമ്പു വെട്ടുവാൻ ഫാക്ടറിയിൽ നിന്നുള്ള കൽപ്പനയ്ക്കു വേണ്ടി കാത്തിരിക്കും. ചിലപ്പോൾ ദിവസങ്ങൾ തന്നെ കാത്തിരിക്കേണ്ടി വരും. ഈ കാത്തിരിപ്പിനെപ്പറ്റി ഓർക്കുമ്പോൾ സാധു കൊച്ചുകുഞ്ഞുപദേശിയുടെ വരവു നോക്കി കാത്തുനായകാ! തവപൊൻ മുഖത്തിലെ അരുമയുള്ള കാന്തി വിലസുവാൻ എന്നുള്ള അർത്ഥവത്തായ പാട്ടാണ് ഓർമ്മകളിൽ വരുന്നത്. ഈ കൽപ്പനയുമായി ലേഖകന്റെ ഗ്രാമമായ കീഴ്വായ്പൂരിൽ എത്തിയിരുന്നത് പ്യാരി ആൻഡ് കമ്പനിയിലെ ഉദ്യോഗസ്ഥനായ ഞങ്ങളുടെ സ്വന്തം വല്യമണ്ണിലെ ചാക്കോച്ചൻ ആയിരുന്നു. തന്റെ റോയൽ എൻഫീൽഡ് മോട്ടോർ സൈക്കിളിന്റെ ടും ടും ടും ശബ്ദം പടുതോടു കവല (ബഹു. പി. ജെ. കുര്യൻ എം. പിയുടെ ഭവനം സ്ഥിതി ചെയ്യുന്ന സ്ഥലം)യിൽ വരുമ്പോൾ തന്നെ, കർഷകർ ഇതൊരു ഇഫക്ടീവ് കമ്യൂണിക്കേഷൻ ആയി എടുത്തു കൊണ്ട് ഉടൻ തന്നെ ചന്തയിൽ ഒത്തു ചേരും. മിനിട്ടുകൾക്കകം, കരിമ്പുവെട്ടുവാനുള്ള കൽപ്പനകൾ, അതത് കർഷകർക്ക് കൊടുത്തിട്ട് പ്രിയപ്പെട്ട ചാക്കോച്ചൻ മല്ലപ്പള്ളിയെ ലക്ഷ്യമാക്കി തന്റെ ദൗത്യ നിർവ്വഹണവുമായി പായുകയാണ്.

ഈ കൽപ്പനയോടൊപ്പം തന്നെ, ഇതിന്റെ ഒരു പകർപ്പ് കരിമ്പു കയറ്റി കൊണ്ടു പോകുവാനുള്ള കെട്ടുവള്ളത്തിന്റെ ഉടമസ്ഥനും ലഭിക്കുന്നു. വള്ളക്കാർ പുളിക്കീഴ് നിന്നും തങ്ങൾക്കു ലഭിച്ച പകർപ്പുമായി, പമ്പാനദിയിൽ കൂടി തുഴഞ്ഞ് മണിമലയാറ്റിൽ പ്രവേശിച്ച് ഒഴുക്കിനെതിരെ വള്ളമൂന്നി രണ്ടുമൂന്നു ദിവസം കൊണ്ട് തനിക്ക് നിർദ്ദേശം നൽകിയിരിക്കുന്ന കടവിൽ അടുക്കുമ്പോൾ കരിമ്പു കെട്ടുകൾ കയറ്റുവാൻ റെഡിയായി വച്ചിരിക്കണം. അന്നു നോക്കു കൂലിയില്ല! കർഷകനും കർഷകതൊഴിലാളിയും തോളോട് തോൾ ചേർന്നു ജോലി ചെയ്യുന്ന കാലം.

എന്റെ പിതാവ് ഏകദേശം 15 ടൺ കരിമ്പ് ഉൽപ്പാദിപ്പിച്ചിരുന്നു. രണ്ടു വള്ളം കരിമ്പ്. രണ്ടാമത്തെ വള്ളത്തിൽ എന്നെയും കൂടി പിതാവ് പുളിക്കീഴുള്ള ഫാക്ടറിയിലേക്കു കൊണ്ടുപോകുമായിരുന്നു. ഈ ദിവസത്തിനു വേണ്ടി എന്റെ ബാലഹൃദയം ആകാംക്ഷയോടെയും പ്രതീക്ഷയോടെയും കാത്തിരിക്കും. എന്റെ ജീവിതത്തിലെ ഏറ്റവും ആഹ്ലാദകരമായ മണിക്കൂറുകൾ-പിതാവിനോടു കൂടെയുള്ള യാത്രയും, വള്ളക്കാരുടെ സംഭാഷണ രീതിയും, പ്രിയ മാതാവ് തന്നയച്ചിട്ടുള്ള പൊതിച്ചോറും എല്ലാം കൂടി യാത്ര വളരെ ആനന്ദ പ്രദമായിരുന്നു.

ഇപ്രകാരം ഒരു ദിവസം പ്രഭാതത്തിൽ ഞാനും പിതാവും കൂടി കരിമ്പു വള്ളത്തിൽ യാത്രയായി. എനിക്ക് 9 വയസ്സ്. പാട്ടിൽ താൽപര്യമുള്ള ഞാൻ അറിയാവുന്ന ക്രിസ്തീയ പാട്ടുകൾ പാടി ശാന്തമായൊഴുകുന്ന ആറിനെ ശബ്ദമുഖരിതമാക്കി കൊണ്ടിരുന്നു. മതി മറന്ന സന്തോഷം- ഇടയ്ക്കിടക്കുള്ള പിതാവിന്റെ ശാസന തെല്ലും കൂട്ടാക്കാതെ പാടുകയാണ് ഞാൻ. തലേദിവസത്തെ മഴയിൽ ആറ്റിൽ ജലവിതാനം കൂടിയിട്ടുണ്ട്. വെള്ളം. കലങ്ങിയിട്ടുണ്ട്. നല്ല ഒഴുക്കുള്ളതിനാൽ വള്ളക്കാർക്ക് കഴുക്കോലിന്റെ ആവശ്യം ഇല്ലതായിരുന്നു- അടനയമ്പ് ഉപയോഗിച്ച് വള്ളത്തിന്റെ ദിശ മാറ്റിക്കൊണ്ടിരുന്നു. മാത്രനേരത്തിനുള്ളിൽ ഞങ്ങളുടെ സർവ്വസമ്പത്തുമായി പൊയ്ക്കൊണ്ടിരുന്ന വള്ളം ആടിയുലഞ്ഞു! മഞ്ഞു മലയിൽ ഇടിച്ച ടൈറ്റാനിക്കിനെ പോലെ നേരേ പോയ വള്ളം കുറുകെ തിരിഞ്ഞു വള്ളം മണൽ തിട്ടയിൽ ഇടിച്ചിരിക്കുന്നു. സംഭവം നടക്കുന്നത് കല്ലൂപ്പാറ എന്ന സ്ഥലത്തുള്ള അഴകണ്ണാപാറയ്ക്കടുത്താണ്-അവിടെ മണിമലയാർ ദിശ മാറിയൊഴുകുന്ന സ്ഥലമാണ്.

മന:സാന്നിദ്ധ്യം കൈവിടാതെ അനുഭവസമ്പത്തുള്ള ആ നല്ല വള്ളക്കാർ ആറ്റിൽ ചാടിയിറങ്ങി-നല്ലവരായ നാട്ടുകാരും, മറ്റു പടകുകളിൽ ഉണ്ടായിരുന്നു. ശാരീരിക ശക്തിയുള്ള എന്റെ പിതാവും എല്ലാവരും കൂടി ഭഗീരഥപ്രയത്നം ചെയ്ത് വള്ളം നേരെയാക്കി. ഞാൻ കരയാൻ തുടങ്ങി- എന്റെ ആഹ്ലാദത്തിനു തിരശ്ശീല വീണു. എന്റെ ശരീരം വിറച്ചു മഞ്ഞു പോലെയായി. ഹൃദയമിടിപ്പിനു വേഗതയും ശക്തിയും കൂടി. കൃഷിക്കാരനായ എന്റെ പിതാവ് എന്നോട് പറഞ്ഞ വാക്കുകകൾ ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക, ഭയപ്പെടരുത്, ഭ്രമിച്ചു പോകരുത്. യോശുവായെ ധൈര്യപ്പെടുത്തിയ യഹോവയുടെ വാക്കുകൾ-ഞാൻ ജീവിതത്തിൽ ഒരിക്കലും മറന്നിട്ടില്ല. എന്റെ പിൽക്കാല ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഈ വചനങ്ങൾ എന്നെ എത്രമാത്രം ശക്തീകരിച്ചിട്ടുണ്ട് എന്നു പറയേണ്ടതില്ലല്ലോ.

എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട് വീണ്ടും ഞങ്ങൾ യാത്രയായി. സന്ധ്യയായപ്പോൾ, ഞങ്ങളുടെ വള്ളം

*Contd 16*

പനം ശരീരത്തോടും ലോകത്തോടും പിന്നെ ലോക ചരിത്രത്തോടും ഒരു നിഷേധഭാവം പുലർത്താൻ നിർബദ്ധിക്കപ്പെടുന്നു. അതുപോലെ ക്രിസ്തുവിശ്വാസത്തിന്റെ കേന്ദ്രഘടകമായ ക്രൂശിന് (ലേഖകന്റെ അഭിപ്രായത്തിൽ) പരമ്പരാഗത അർത്ഥത്തിൽ ഇവിടെ പ്രസക്തിയില്ലാതെ പോകുന്നു. മനുഷ്യപുത്രൻ അവിദ്യയുടെ ശക്തികൾക്ക് തോറ്റു കൊടുക്കുകയാണ്. ഇരുട്ട് അതിന്റെ പാരമ്യത്തിലും. അതേസമയം ശരീരം വെടിഞ്ഞ ഗുരുത്വം അതിന്റെ എല്ലാ ജാജ്വല്യതകളോടും വിളങ്ങുന്നു. അവിദ്യയുടെ ശക്തികളുടെ മേലുള്ള ഒരു ആത്യന്തിക വിജയമായി ഗ്രന്ഥകാരൻ ക്രൂശിനെ ഇവിടെ തെരിയപ്പെടുത്തുന്നില്ല. അവിദ്യയുടെ കീറാമുട്ടി എന്നെന്നേക്കുമായി എല്ലാവർക്കും വേണ്ടി ഒരിക്കലായി ക്രൂശിൽ പൊട്ടിച്ചെടുക്കപ്പെടുന്നില്ല. ഇവിടെ ഗുരുവെന്ന വ്യക്തി അവിദ്യയെ മറി കടക്കുന്നു. മരണത്തെ നേരിടുന്നു. തന്റേതല്ലാത്ത സാധാരണ ശരീരം വെടിഞ്ഞു തന്റേതായ ബ്രഹ്മമാകുന്ന ശരീരം സ്വീകരിക്കുന്നു. ചിന്തയുടെ ഈ ചട്ടക്കൂട്ടിൽ ശരീരത്തോടു കൂടിയ പുനരുത്ഥാനം അപ്രസക്തമാണ്. അതുകൊണ്ടാണ് പ്രകൃത്യതീതവും ദിവ്യവുമായ ശരീരത്തോടു കൂടിയ പുനരുത്ഥാനത്തെ ചരിത്രത്തിനുള്ളിലെ സാധാരണ വ്യവഹാരത്തിന്റെ ഭാഗമാക്കുന്നത്.

തന്റേതല്ലാത്ത ശരീരം തന്റേതായ ബ്രഹ്മശരീരം പ്രാപിക്കുന്നതും ബ്രഹ്മശക്തി ബ്രഹ്മലീല എന്നീ സംവർഗ്ഗങ്ങളുടെ ഭാഷാപരമായ സൃഷ്ടിയും ഒക്കെ വിശ്വാസപരമായി വേദാന്തികൾ ഭാവന ചെയ്യുന്നതുപോലെ ക്രിസ്തു വിശ്വാസത്തിലും മിത്തിന്റെ രൂപത്തിൽ ജീവിത സമസ്യകളെ എത്തിപ്പിടിക്കാനുള്ള ശ്രമങ്ങളുണ്ട്. ഒരു ക്രിസ്ത്യാനി തന്റെ മരണത്തോടെ ദിവ്യത്വം ഉള്ള ശരീരം നശിച്ച് അദ്രവ്യത്വത്തെയും മർത്യമായത് അമർത്യത്തെയും പ്രാപിക്കുമെന്നും അശരീരികളായ ആത്മാക്കളോ മർത്യമായ ശരീരികളോ അല്ല മറിച്ച് അദ്രവത്വത്തെ പ്രാപിച്ച് നിത്യ ജീവനവകാശികളാകുമെന്നും ആത്മ ശരീരം നിത്യതയിൽ മനുഷ്യാളത്വത്തിന്റെ അവിഭാജ്യഘടകമായി ദൈവം ക്രിസ്തുവിൽ വെളിപ്പെടുത്തിയിരിക്കുന്നുവെന്നും മറ്റും വി. പൗലോസ് പ്രസ്താവിക്കുന്നത് മിത്തിന്റെ ഭാഷയാണ്. അതുകൊണ്ട് ക്രിസ്തുവിശ്വാസിക്ക് അതിന്റെ കനം ഒട്ടും ചോർന്നു പോകുന്നില്ല.

അതുപോലെ ദൈവപുത്രൻ എന്ന സങ്കല്പത്തിന്റെ പിന്നിലുള്ള ദിവ്യത്വവും തിരുത്തിക്കുറിച്ചിരിക്കുന്നു. ഇവിടെ ദിവ്യത്വം നശിപ്പിക്കുന്നില്ലയ മറിച്ച് അത് ഗുരുവിലേക്കു പകരുകയാണ്. എല്ലാ മനുഷ്യരും ദൈവ പുത്രന്മാരാണ്. , അവിദ്യ കാരണം അവർ അതറിയുന്നില്ല. അവിദ്യ നീക്കുന്നതിന് ഗുരുവിന്റെ സഹായം തേടണം. ശരീരബന്ധിയായ ഗുരുവെന്ന മനുഷ്യനല്ല ഗുരുത്വമെന്ന ആത്മീയ പ്രതിഭാസത്തിനാണ് പ്രസക്തി. ഗുരു ഭൗതിക തലത്തിലും (ആപേക്ഷികം) ഗുരുത്വം ബ്രഹ്മതലത്തിലും (പാരമർത്ഥികം) ദൈവപുത്രന്റെ മേൽ ഗുരുത്വം അണിയിച്ച് ക്രിസ്തുവിനെ അദ്വൈതിയായി വീണ്ടെടുക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്.

ക്രിസ്തു, ഒരുവേദാന്തിയെ സംബന്ധിച്ച് ഒരു പ്രമാണമായി ഗുരുത്വത്തിന്റെ രൂപത്തിൽ ഭക്തർക്ക് ബ്രഹ്മലോകത്തേക്ക് വഴികാട്ടുന്നുവെങ്കിൽ ക്രിസ്ത്യാനിക്ക് അവിദ്യയുടെ ലോകത്ത് (പാപലോകം) നിന്നും ആളത്തമായി ദൈവരാജ്യത്തിലേക്ക് അവരെ വീണ്ടെടുക്കുന്നു. യഹൂദ മതത്തിന്റെ ന്യായപ്രമാണമാകുന്ന ഭൂമികയിലാണ് ആളത്തമായ ക്രിസ്തു രക്ഷകനായി വെളിപ്പെടുന്നത്. യഹൂദരെ സംബന്ധിച്ച് ലോക ചരിത്രത്തിൽ സ്വതന്ത്രവും പക്ഷെ പതറുന്നതുമായ മനുഷ്യാളത്തം ഒരു മശിഹായ്ക്കു വേണ്ടി നിരന്തരം നില വിളിക്കുന്നു. അതിനുള്ള യഹോവായുടെ പ്രത്യുത്തരമാണ് ക്രിസ്തു. സ്വതന്ത്രമനുഷ്യനും ലക്ഷ്യോന്മുഖ ലോകചരിത്രവും എന്ന രണ്ടു സങ്കല്പത്തെ ഒരു രക്ഷകൻ എന്ന നിലയ്ക്ക് മനസ്സിലാക്കാൻ അനിവാര്യമാണ്. അതുകൊണ്ട് ഒരു വേദാന്തിക്ക് ഒരു തരത്തിലുള്ള എബ്രായീകരണം പിടിപെടുമ്പോൾ പ്രമാണങ്ങൾക്കതീതമായ ആളത്തസങ്കല്പം ആവേശിതമാകും. ഹൈന്ദവ നവീകരണം കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി ആ വഴിക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതിന്റെ ഒരു ചിന്താധാര ആധുനിക ഭാരതചരിത്രത്തിലുണ്ട്. (ഈ കുറിപ്പിന്റെ പരിധിയിൽ ആ വിഷയം വിശദമാക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു.)

ക്രിസ്തുവിശ്വാസികൾ നേരിടാവുന്ന ഒരു ബുദ്ധിമുട്ട് ചരിത്രത്തിൽ ജീവിച്ചു മരിച്ചുയർത്തെഴുന്നേറ്റ നസ്രേയനായ യേശുവിനെ ഗ്രന്ഥകാരൻ വിട്ടുകളയുന്നുവെന്നതാണ്. ലോകചരിത്രത്തിൽ നിന്നും തന്റെ ആളത്തത്തിൽ നിന്നും തന്റെ ഉപദേശങ്ങലുടെ ജ്ഞാനരഹസ്യം മാത്രം അടർത്തി മാറ്റപ്പെടുകയും അതു മാത്രം സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ഓരോ ഗുരുവിന്റെയും ഉപദേശത്തിൽ നിന്നും നാം ഉൾക്കൊള്ളേണ്ടത് അവയ്ക്ക് രൂപം നൽകുന്നതിന് കാരണമായ കാലികവും ദേശപരവുമായ സാഹചര്യങ്ങളുടെയും അനിവാര്യതകളുടെയും വശങ്ങളെയല്ല മറിച്ച് അവയെല്ലാം കൊണ്ട് പൊതിഞ്ഞു വച്ചിരിക്കുന്ന ജ്ഞാനരഹസ്യത്തെയാണ് (പേജ് 188) ഈ വ്യാഖ്യാന രീതി സ്വീകരിച്ചാൽ ഒരു ക്രിസ്തു വിശ്വാസി അഭിമുഖീകരിക്കുന്ന പ്രതിസന്ധി ചൂണ്ടിക്കാണിക്കുന്നതിന് ഡോ. എം. എം. തോമസിന്റെ (സുവിശേഷത്തിന്റെ രചനാപശ്ചാത്തലം ഗൗരവമായെടുക്കുന്ന) ഒരു വ്യാഖ്യാന രീതി പ്രസക്തമാണ്.)

വി. യോഹന്നാൻ തനിക്കു മുമ്പെഴുതിയ മറ്റു 3 സുവിശേഷങ്ങളെയും പാരമ്പര്യ രേഖകളെയും ആശ്രയിച്ചും കൂടാതെ താനുമായി ബന്ധപ്പെട്ട സഭ (മാർ യോഹന്നാൻ സഭ?) പുലർത്തിയ പാരമ്പര്യങ്ങളും നേരിട്ട പ്രശ്നങ്ങളും കൈകാര്യം ചെയ്തുമാണ് തന്റെ സുവിശേഷം രചിച്ചിരിക്കുന്നത്. എ. ഡി. 90-110 കാലത്ത്. എ. ഡി 70 ൽ റോമാക്കാർ യെരുശലേം കയ്യേറുന്നു, ദേവാലയം നശിപ്പിക്കുന്നു, യഹൂദ ക്രിസ്ത്യാനികളെ സിനഗോഗുകളിൽ നിന്നും പുറത്താക്കി പീഡിപ്പിക്കുന്നു. സഭയിൽ നോസ്റ്റിക് മത ചിന്തകൾ പടർന്നു കയറുന്നു;പത്രോസിന്റെ യാഥാസ്ഥിതിക പാരമ്പര്യം പുലർത്തുന്നവർ സഭയിലെ യവനർക്കും ശമര്യർക്കും അലോസരങ്ങൾ സൃഷ്ടിക്കുന്നു. തുടങ്ങിയുള്ള പ്രശ്നങ്ങളുടെ നടുവിൽ അവയ്ക്കുള്ള പരിഹാരം തേടിയാണ് ഏതാണ്ട് 7 പതിറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചു മരിച്ചുയിർത്ത യേശുവിനെ യോഹന്നാൻ സമകാലികമായി അവതരിപ്പിക്കുന്നത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു പരിശുദ്ധാത്മാവിലൂടെ ലോകത്തിന്റെ മേൽ കർത്തൃത്വം നടത്തുന്നു എന്ന വസ്തുതയോടുള്ള വിശ്വാസ പ്രതികരണമാണ് തന്റെ സുവിശേഷം. ഡോ. തോമസ് തന്റെ വ്യാഖ്യാനത്തിൽ പറയുന്നു : യേശുക്രിസ്തുവിന്റെ ആളത്തത്തിന്റെയും പ്രവൃത്തികളുടെയും ദൈവശാസ്ത്രപരമായ അർത്ഥം തേടിയുള്ള ഒരു ധ്യാനമാണ് യോഹന്നാന്റെ സുവിശേഷം. അതിൽ കൊടുത്തിരിക്കുന്ന സംഭവങ്ങൾ, അതേപടി നടന്നോ എന്ന ന്വേഷിക്കുന്നതിൽ ഫലമില്ല. ആ ധ്യാനത്തിൽ പങ്കു ചേരാനും അതിന്റെ ഇന്നത്തെ ജീവിതത്തിനുള്ള സകലതും പരിശോധിക്കുവാനുമേ നമുക്ക് സാധിക്കൂ. യേശുവിന്റെ ജീവിതവും മരണവും ഉയിർപ്പും ഉപദേശങ്ങളും എല്ലാം സഭയുടെ ചരിത്രത്തിൽ എല്ലാ കാലങ്ങളിലും ആനുകാലിക സംഭവങ്ങളായി വ്യാഖ്യാനിക്കപ്പെടേണ്ടതാണ്.

ക്രിസ്തുസുവിശേഷത്തോടും പരിശുദ്ധാത്മ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസപ്രതികരണം നിർണ്ണായകവും സഭയുടെ നിയോഗവുമാണ്. പക്ഷെ ചൈതന്യമറ്റ് ജഡത പടർന്ന ഒരു സംവിധാനമായി സഭയെപ്പറ്റി ഗ്രന്ഥകാരൻ പല ഇടങ്ങളിലും ഓർമ്മപ്പെടുത്തുന്നുണ്ട്. ഈ വിമർശനത്തിന് അടിവര ഇട്ടു സമ്മതിച്ചു കൊണ്ടേ സഭയുടെ നിയോഗത്തെക്കുറിച്ച് പറയാൻ കഴിയൂ. ക്രിസ്തുമതം ഉൾപ്പെടെ എല്ലാ മതങ്ങളെയും ഇല്ലാതാക്കുന്നതാണ് ക്രിസ്തുവിന്റെ ആത്മാവ്. സ്രഷ്ടാവായ ദൈവത്തിന്റെ പരമകർതൃത്വത്തിന് വിധേയപ്പെടാതെ സ്വയം നീതിയുടെ ഫലമായി സ്രഷ്ടിക്കപ്പെടുന്നതാണ് ദൈവങ്ങളും മതങ്ങളുമെന്ന് പ്രസിദ്ധ ജർമ്മൻ ദൈവശാസ്ത്രജ്ഞൻ കാറൾ ബാക്ക് സമർത്ഥിക്കുന്നുണ്ട്. അതുകൊണ്ട് ക്രിസ്തുവിൽ വെളിപ്പെട്ട ദൈവ കൃപയുടെയും വെളിപാടുകളുടെയും കുത്തക ഏറ്റെടുത്തിരിക്കുന്ന സ്ഥാപിത സഭകൾക്കും മതത്തിനും കൃപയും വെളിപാടും ഉണ്ടാകണമെന്നില്ല. അതുകൊണ്ട് ഈ പ്രപഞ്ചത്തിന്റെ തന്നെ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ സുവിശേഷം ദൈവത്തിന്റെ സ്നേഹ-നീതി രാജ്യങ്ങൾ പ്രകാശിപ്പിക്കപ്പെടുന്നിടത്തെല്ലാം ദർശിക്കപ്പെടേണ്ടതാണ്. ഇതര മതങ്ങളിലും പ്രത്യയ ശാസ്ത്രങ്ങളിലും മനുഷ്യന്റെ നിലനില്പ് പോരാട്ടങ്ങളിലും പ്രകൃതി സംരക്ഷണത്തിലും എല്ലാം തന്നെ.

ഈ കൃതി മനുഷ്യപുത്രനെ നമുക്കായി വീണ്ടെടുക്കുന്നു എന്ന് പ്രസാധകരുടെ പ്രസ്താവനയ്ക്ക് മനുഷ്യപുത്രൻ ഈ കൃതിയെ നമുക്കായി വീണ്ടെടുക്കട്ടെ എന്നുള്ള ഒരുതിരുത്ത് നിർദ്ദേശിക്കുന്നു. മനുഷ്യജാതിയുടെ മാത്രമല്ല ഈ സൃഷ്ടിപ്രപഞ്ചത്തിന്റെ ആകെ തന്നെ ഉള്ള വീണ്ടെടുപ്പുകാരൻ മനുഷ്യപുത്രനാണല്ലോ.

○

# ഫലകരമായ നേതൃത്വശൈലി

## (മർക്കോസ് 6:34-44)

ഇടയനില്ലാത്ത ആടുകൾ- അവരെ കണ്ടു മനസ്സലിയുന്ന കർത്താവ് ഈ സംഭവത്തിലൂടെ നമ്മോടും ആവശ്യപ്പെടുന്നത് യഥാർത്ഥ നേതൃത്വശൈലിയാണ്. ഇന്നും ഭാരത സുവിശേഷീകരണം നമ്മുടെ മുമ്പിൽ വെല്ലുവിളിയായി അവശേഷിക്കുന്നു. കേരളത്തിലെ സുറിയാനിക്കാരൻ സുവിശേഷം എ. ഡി. 52 ൽ കേട്ടു എങ്കിൽ 2009 ലും കേൾക്കാത്ത അനേകം ഭാരതീയർ നമ്മുടെ ചുറ്റുപാടും ഈ സദ്വർത്ഥമാനത്തിനായി കാത്തിരിക്കുന്നു.

**സഭയുടെ ലാക്കും പ്രവൃത്തിയും**

കർത്താവിന്റെ പരസ്യ ശുശ്രൂഷയിൽ കണ്ട ദൗത്യബോധം സഭയുടെ തുടർസന്ദേശമാണ്. ലൂക്കോസ് 4: 17-19 വരെയുള്ള ഭാഗത്ത് ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തു. അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. അതുകൊണ്ട് ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്ക് കാഴ്ചയും പീഡിതന്മാരെ വിട്ടയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്നു വ്യക്തമാക്കി. നമ്മുടെ ദൗത്യത്തിന് പ്രസംഗവും പ്രവർത്തനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. എന്തുപ്രസംഗിക്കണം? എങ്ങനെ പ്രവർത്തിക്കണം? എന്നുള്ള തിരിച്ചറിവ് നേതാക്കൾക്ക് ഇല്ലാതെയാകുമ്പോൾ ആടുകൾ ചിതറിപ്പോകുന്ന കാഴ്ച നമ്മുടെ ഹൃദയത്തെ വേദനിപ്പിക്കുന്നുണ്ടോ? നമുക്ക് പ്രസ്ഥാനമാണോ വലുത് വ്യക്തികളാണോ എന്ന് ഉറക്കെ ചിന്തിക്കേണ്ട സന്ദർഭം ഇതാണ്.

മതതീവ്രവാദവും ആൾദൈവങ്ങളുടെ വേലിയേറ്റവും വർദ്ധിച്ചു വരുമ്പോൾ ദൗത്യബോധവും ദർശനവുമുള്ള നേതാക്കളുടെ അഭാവം സഭാമക്കൾ ഞങ്ങൾ ഇടയനില്ലാത്ത ആടുകളെപ്പോലെ എന്ന മാനസികാവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. **ഈ തലമുറയുടെ ഒരു പ്രത്യേകത എന്തെന്നാൽ ഞാൻ ക്രിസ്ത്യാനിയായത് ഞാൻ തെരഞ്ഞെടുത്തതല്ല. മാതാപിതാക്കളുടെ പാരമ്പര്യം ഞങ്ങൾ പിന്തുടർന്നുവെന്നു മാത്രം. ജനിച്ചു വളർന്ന സഭയുടെ ആത്മീയതയ്ക്കു വേണ്ട ന്യായീകരണവും മേന്മയും ശ്രേഷ്ഠതയും കണ്ടെത്തുകയാണ് നമ്മുടെ ശ്രമം.**

ദർശനം വിശാലമാക്കുക

നേരം വൈകി എന്ന ബോധം ശിഷ്യന്മാർക്കുണ്ടാകുമ്പോൾ സദുദ്ദേശത്തോടു കൂടി പറയുകയാണ് ജനത്തെ പറഞ്ഞയക്കുക എന്ന്. യേശുവിന്റെ കാഴ്ചപ്പാടും ശിഷ്യന്മാരുടെ കാഴ്ചപ്പാടും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ശിഷ്യന്മാരെ ഒരു പരിധിവരെ കുറ്റപ്പെടുത്തുവാൻ ആർക്കും കഴിയില്ല. അവർ പരിമിതികളുടെ തടവറയിൽ കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ തിടുക്കം കാണിച്ചു. കർത്താവിന്റെ നേതൃത്വശൈലി വിഭിന്നമാണ്. കർത്താവിന്റെ മനസ്സലിവ് ആത്മീയവും ഭൗമീകവുമായ മേഖലയിൽ അധിഷ്ഠിതമായിരിക്കുന്നു. ആഗോളതാപനം ഉയർത്തുന്ന വെല്ലുവിളികൾ മനുഷ്യനിർമ്മിതവും പ്രകൃതി നിർമ്മിതവുമായ ദുരന്തങ്ങൾ, പകർച്ചവ്യാധികൾ, കുടിവെള്ളക്ഷാമം, ഊർജ്ജപ്രതിസന്ധി വിശ്വാസികളുടെ ഇടയിലെ വചനാധിഷ്ടിതമല്ലാത്ത ഒത്തു തീർപ്പുകൾ ഇവ കാണുമ്പോൾ നേരം വൈകി എന്ന തോന്നൽ നമുക്കുണ്ടാകാം. അപ്പോഴാണ് ദൈവജനം പ്രവർത്തനനിരതരാകേണ്ടത്. ഉൾക്കരുത്തില്ലാത്തിടത്ത് ധൈര്യം, ക്ഷീണിച്ചിരിക്കുന്നവനു ശക്തി, ബലഹീനനായവന് കൃപ, രോഗിക്കു സൗഖ്യം, വഴിയറിയാത്തവനു വഴികാട്ടി എന്നീ നിലകളിൽ പ്രത്യാശയുടെ നേതൃത്വം നല്കണം. നെപ്പോളിയൻ ഒരിക്കൽ പറഞ്ഞു "A leader is a dealer in Hope"

**കാര്യവിചാരകത്വം**

നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പീൻ. നിങ്ങളുടെ പക്കൽ എന്തുണ്ട്. ഈ ചോദ്യത്തിന്റെ മുമ്പിൽ നാം പകച്ചു നിൽക്കുകയാണോ? ഇന്ത്യയിൽ 27145 പിൻകോഡുകൾ ഉണ്ട്. ക്രിസ്തീയ സാന്നിദ്ധ്യം 8468 പിൻകോഡു പ്രദേശത്ത് മാത്രമേ ഉള്ളൂ. 1652 ഭാഷകൾ സംസാരിക്കുന്ന ജനത്തിന്റെ നടുവിൽ 39 ഭാഷകളിൽ സമ്പൂർണ്ണ വേദപുസ്തകവും 31 ഭാഷകളിൽ പുതിയ നിയമവും 107 ഭാഷകളിൽ സുവിശേഷ പ്രതികളും വിതരണം ചെയ്തു കഴിഞ്ഞു. വിശാലമായ വാതിൽ തുറന്നു കിടക്കുമ്പോൾ ഉയരത്തിലെ ശക്തിയാൽ അഭിഷേകം ലഭിച്ച യേശു നമ്മുടെ മാതൃകയാവണം. ഉയരത്തിലെ ശക്തി കൂടാതെ നമ്മുടെ 5 അപ്പത്തിനും 2 മീനിനും ഒന്നും ചെയ്യുവാൻ കഴിയില്ല. ഉയരത്തിലെ ശക്തിയില്ലാത്ത നേതൃത്വം ആചാരാനുഷ്ഠാനങ്ങളിൽ തൃപ്തിയടയുന്ന പരിതാപകരമായ കാഴ്ചയാണ് നമ്മുടെ തലമുറ ദർശിക്കുന്നത്. ആവർത്തന വിരസത കൊണ്ട് പൊറുതിമുട്ടുന്ന ഞായറാഴ്ച തൊഴിലാളികളുടെ എണ്ണം കൂടി വരുന്നതിൽ യുവജനങ്ങൾ തികച്ചും അതൃപ്രരാണ്. അവർ അതുകൊണ്ട് സഭയ്ക്കു അന്യമാകുന്നു. ഇതു കണ്ടില്ലെന്നു നടിക്കുന്നത് ഭാവിയുടെ നിലനില്പിന് കടുത്ത പ്രഹരം ഏൽപ്പിക്കും. സംശയമില്ല!

ബാലകൻ ശ്രദ്ധിക്കപ്പെടണം. വിളമ്പിയ 12 ശിഷ്യന്മാരും 12 കൊട്ടയിലും ചിലതു ശേഷിപ്പിച്ചു. രണ്ടാം നിര നേതൃത്വം ശക്തിപ്പെടുത്തുവാൻ നാം എന്തു ശേഷിപ്പിക്കുന്നു? ആർക്കും പ്രവർത്തിച്ചു കൂടാത്ത ഒരു രാത്രി വരുന്നു.പകലുള്ളിടത്തോളം അയച്ചവന്റെ വേല ചെയ്യുവാൻ നമ്മെ സമർപ്പിക്കാം. എന്തുകൊണ്ട് നാം കർമ്മ നിരതരാവണം? വെളിപ്പാട് 14:13 ൽ നമുക്ക് ഒരു നിത്യവിശ്രമം? work is worship തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് അഥവാ പ്രയത്നിച്ചവർക്ക് വിശ്രമം. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു. നിത്യതയിലും ●

### ആശംസാകാർഡ്

*ജന്മദിനാശംസാ കാർഡിൽ അയച്ചയാളിന്റെ പേരോ ഒപ്പോ ഒന്നും കണ്ടില്ല. പേന തൊട്ടിട്ടേയില്ല. കവറിൽ നിന്ന് അയച്ചയാളിനെ മനസ്സിലായെങ്കിലും കാർഡിൽ പേന തൊടാത്തത് എന്തുകൊണ്ടാണെന്നു വിളിച്ചു ചോദിച്ചു. ആ കാർഡ് മറ്റൊരാൾക്ക് അയയ്ക്കാനും ഉപകരിക്കുമല്ലോ എന്നു കരുതി, എന്നായിരുന്നു മറുപടി.*

# അബ്രഹാം എന്ന പൈതൃകം



കമാണ്ടർ തര്യൻ കോശി

രസകരമായ വായനയാണ് യോഹ. 8 ന്റെ 31 മുതൽ 47 വരെയുള്ള ഭാഗം. ഒരുവന്റെ പിതൃത്വം പ്രവൃത്തിയിലാണ് എന്ന് യേശു പറഞ്ഞു വെയ്ക്കയാണീ ഭാഗത്ത്. കേട്ടു നിന്ന യഹൂദർ ആദ്യം ഞങ്ങൾ അബ്രഹാമിന്റെ മക്കൾ എന്നും, തുടർന്നു ദൈവത്തിന്റെ മക്കൾ എന്നും പറയുമ്പോൾ, യേശു അവർ എന്തുകൊണ്ട് പിശാചിന്റെ സന്തതികളാകുന്നു എന്നു പറയുന്നു. അവനിൽ വിശ്വാസം തോന്നി കേട്ടുനിന്ന വരാണിവരെന്ന് തുടക്കത്തിൽ എഴുതിയിരിക്കുന്നു. യേശുവിനെ കേട്ടിരുന്ന അവർക്ക് ഇത് അസഹ്യമായി തോന്നി. യേശുവിനെ ശമര്യനെന്നും ഭൂതം ബാധിച്ചവൻ എന്നും ആക്ഷേപിക്കുന്നു! (ഇക്കാലത്ത് യേശു എന്നില്ല, ഏതവനായാലും ഇങ്ങനെ പാരമ്പര്യത്തെയും പിതൃത്വത്തെയും തൊട്ടുകളിച്ചാൽ ഇത്തരം പേരു വിളിക്കുന്നതിനു പകരം നന്നായി ഒന്നു പെരുമാറിയെന്നു വരും!)മ

യോഹന്നാന്റെ ഈ സുവിശേഷഭാഗത്തു മാത്രമല്ല യോഹന്നാൻ തന്റെ ലേഖനത്തിലും (1 യോഹ 3:1-10) ദൈവമക്കൾ ആരെന്നും സാത്താന്റെ സന്തതികൾ ആരെന്നും പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഷയത്തെ ആധാരമാക്കിയ പ്രസംഗങ്ങളും പഠനങ്ങളും നമുക്കു സുപരിചിതമാണ്. എന്നാൽ അബ്രഹാമിന്റെ പേരിലുള്ള പിതൃത്വമഹിമയെ സൂചിപ്പിക്കുന്ന യോഹ 8:37-40 ഈ ലേഖന വിഷയമെന്ന നിലയിൽ ഉദ്ധരിക്കുന്നു. നിങ്ങൾ അബ്രഹാമിന്റെ സന്തതി എന്നു ഞാൻ അറിയുന്നു. എങ്കിലും എന്റെ വചനത്തിനു നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു എന്നെ കൊല്ലുവാൻ നോക്കുന്നു. പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളതു ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിനോടു കേട്ടിട്ടുള്ളത്ര നിങ്ങൾ ചെയ്യുന്നു എന്നു ഉത്തരം പറഞ്ഞു. അവർ അവനോടു അബ്രഹാം ആകുന്നു ഞങ്ങളുടെ പിതാവ് എന്നു ഉത്തരം പറഞ്ഞതിനു യേശു അവരോടു നിങ്ങൾ അബ്രഹാമിന്റെ പ്രവർത്തികളെ ചെയ്യുമായിരുന്നു. എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളുടെ സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു. അങ്ങനെ അബ്രഹാം ചെയ്തില്ലല്ലോ.

അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാം ചെയ്യും പോലെ ചെയ്യുമായിരുന്നു, അത് കൊല്ലുവാൻ നോക്കുകയല്ല എന്ന് യേശു ഇവിടെ വ്യക്തമാക്കുന്നു. എങ്കിൽ അബ്രഹാമിന്റെ ജീവിതത്തിലെ ഏത് പ്രവൃർത്തികളെയാണ് യേശു ഉദ്ദേശിക്കുന്നത്? കൊല്ലുവാൻ അബ്രഹാം ശ്രമിച്ചതായി വായിക്കുന്നില്ല. എങ്കിൽ കൊല്ലേണ്ട പതിവിനു പകരം കൊല്ലാതിരിക്കയോ രക്ഷിക്കുന്നതായോ ആയ സംഭവങ്ങളെ ആവാം യേശു സൂചിപ്പിക്കുന്നത്. അബ്രഹാമിന്റെ ചരിത്രം എഴുതപ്പെട്ടിരിക്കുന്ന ഉല്പത്തി അദ്ധ്യായം 11-25 വരെയാണ്. യേശു നൽകിയ സൂചന ഏതിനെ അടിസ്ഥാനമാക്കിയാണ് എന്നതറിയുവാൻ ഈ അദ്ധ്യായങ്ങളിലൂടെ ഒരു അവലോകനം നടത്തേണ്ടതുണ്ട്.

യേശു സൂചിപ്പിച്ചതിൽ അബ്രഹാമിന്റെ വിശ്വാസ പിതൃത്വവുമായി ബന്ധമില്ലെന്നത് വ്യക്തം. (അവ മോശയിലൂടെ ന്യായപ്രമാണമായി യഹൂദർക്കു പിൽക്കാലത്ത് ഒഴിച്ചു കൂടാനാവാത്ത സാമൂഹ്യ വ്യവസ്ഥയായല്ലോ) മൂന്നു അദ്ധ്യായങ്ങൾ ഇതിനാൽ ഒഴിവാക്കുന്നു. അദ്ധ്യ. 15 യഹോവയുടെ അനുഗ്രഹവും യാഗാർപ്പണവും; അദ്ധ്യ; 22; ഇസഹാക്കിനെ യാഗമാക്കുന്ന പരീക്ഷ; അദ്ധ്യ 17 പരിഛേദനയുടെ അടയാളം.

അബ്രഹാമിന്റെ പ്രവർത്തികളിൽ പെടാത്ത വിവരണങ്ങളും ഒഴിവാക്കാം- ഗോമോറായുടെ നാശം (അദ്ധ്യ 19), റബേക്കായ കണ്ടെത്തുന്നത് (അദ്ധ്യ 24) ഇവയ്ക്കും യേശു സൂചിപ്പിച്ചതുമായി ബന്ധമില്ല.

ഇത്രയും ഒഴിവാക്കിയാൽ ബാക്കി അബ്രഹാമുമായി നേരിട്ടു ബന്ധപ്പെട്ടവയെ അഞ്ച് കൂട്ടമായി തരം തിരിച്ച് കാണാനാവും.

ഒന്ന് : മിസ്രായേമിൽ വെച്ചും (അദ്ധ്യ 12) ഗെരാർ രാജാവായ അബീമേലേക്കുമായും (അദ്ധ്യ 20) സാറാ സഹോദരിയാണ് എന്ന് ധരിപ്പിച്ച സംഭവങ്ങൾ.

**വിട്ടുമാറാത്ത രോഗത്തിന്റെ പിടിയിലാണോ നിങ്ങൾ?**
**ഇംഗ്ലീഷ് മരുന്നുകൾ കഴിച്ച് നിങ്ങൾ മടുത്തുവോ?**
**വണ്ണം കുറയ്ക്കാൻ വാങ്ങിയ ഉപകരണങ്ങൾ നിഷ്ഫലമായോ?**

*എങ്കിൽ 19 വർഷമായി പ്രശസ്തനിലയിൽ പ്രവർത്തിച്ചു വരുന്ന*

*ചൈതന്യയിൽ വിദഗ്ധ ചികിത്സ*

- അമിത വണ്ണം, ഹൃദ്രോഗം, (ബൈപാസ് സർജറി ഒഴിവാക്കാം)
- പ്രഷർ, നട്ടെല്ലു രോഗങ്ങൾ
- ആസ്ത്മ, ത്വക്കു രോഗങ്ങൾ, വാതരോഗങ്ങൾ, തുടങ്ങി നിങ്ങളെ അലട്ടുന്ന എല്ലാ രോഗങ്ങൾക്കും ഫലപ്രദവും ചെലവു കുറഞ്ഞതുമായ ചികിത്സ
- നേത്ര രോഗങ്ങൾക്ക് പ്രത്യേക ചികിത്സ
- പ്രകൃതി ചികിത്സ പ്രചരണത്തിനായി ഡോ. ജോൺ മാത്യു എഴുതിയ പുസ്തകങ്ങളും, ആരോഗ്യമാർഗ്ഗം മാസികയും പ്രകൃതി ചികിത്സാ കോഴ്സുകളും

**ചൈതന്യ പ്രകൃതി ചികിത്സാലയം & യോഗാ സെന്റർ**
**തടിയൂർ, പത്തനംതിട്ട ജില്ല**
**ഫോൺ : 0469 - 2654476, 2654086, 9447409559**
**website:www.chaithanyanaturecure.com**

രണ്ട് : ഹാഗാറിനെയും ഇസ്മായേലുമായി ബന്ധപ്പെട്ടവ (അദ്ധ്യ 16, 21)

മൂന്ന് : സാറായുടെ മരണവും, ശ്മശാന സ്ഥലവും, വീണ്ടും ഭാര്യയെ എടുക്കുന്നതും സ്വത്തു വിഭജനവും അബ്രഹാമിന്റെ മരണവും നൽകുന്നു. അദ്ധ്യായങ്ങൾ 230-250

നാല് : ലോത്തുമായി ബന്ധപ്പെട്ടവ (അദ്ധ്യ 13,14).

അഞ്ച് : സോദോം ഗോമോറായുടെ നാശത്തിനെതിരെയുള്ള അപേക്ഷ (അദ്ധ്യ 18:16-33)

പഴയ കാല കാര്യങ്ങൾ പഠന വിഷയമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം വിശദമാക്കേണ്ടതുണ്ട്. നാം ഇന്നു ജീവിക്കുന്ന സംസ്കൃതിയിൽ അംഗീകരിച്ച സാമൂഹ്യ മൂല്യത്തിന്റെ കണ്ണിലൂടെ പഴമയെ അവലോകനം ചെയ്താൽ അക്കാല സംഭവങ്ങളും അവയ്ക്കു പ്രേരികമായ മൂല്യങ്ങളേയും തെറ്റായി വിലയിരുത്തുവാൻ ഇടയുണ്ട്. താരതമ്യ പഠനത്തിന് അക്കാല സാമൂഹ്യ സംസ്കൃതിയേയും ഉൾക്കൊള്ളേണ്ടതുണ്ട്, എങ്കിൽ മാത്രമേ ശരി തെറ്റകളുടെ ആഴവും പരപ്പും ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാനാവൂ. വിശ്വാസത്തിന്റെ പിതാവായ അബ്രഹാമിന്റെ ചില പ്രവൃത്തികൾ നമ്മുടെ ഇക്കാല നാട്ടു നടപ്പുമായി തട്ടിച്ചു നോക്കുമ്പോൾ ചേ മോശം മ്ലേഛം എന്നു തന്നെ മനസ്സിൽ തോന്നും. മേൽ വിവരിച്ച ആദ്യ മൂന്നും ആ ഗണത്തിൽ പെടുന്നു. യേശു സൂചിപ്പിച്ചതുപിതൃത്വപ്രവർത്തികൾ അവ അല്ലെന്നു വ്യക്തം. കൂടാതെ അബ്രഹാമിന്റെ ആ വക പ്രവൃത്തിയിലടങ്ങിയ പന്തികേടുകളെ 400 ഓളം വർഷങ്ങൾക്കു ശേഷം മോശയുടെ ന്യാപ്രമാണങ്ങളിലൂടെ ഏറെ തിരുത്തിയിരിക്കുന്നതും കാണാം. (ദൈവപ്രീതിക്കായി മക്കളെ യാഗം ചെയ്യുന്നതിലെ അർത്ഥശൂന്യതയുൾപ്പെടെ) യേശുവിന്റെ പരാമർശം മേൽ പറഞ്ഞ മൂന്നു സംഭവങ്ങളുമായി ബന്ധമില്ല.

അടുത്തത് ലോത്തുമായി ബന്ധപ്പെട്ടവയാണ്. അവരുടെ സമ്പത്ത് ഏറുന്നതിനാൽ ദേശത്തിനത് ഉൾക്കൊള്ളാനാവാതെ അബ്രഹാമിന്റേയും ലോത്തിന്റെയും ഇടയന്മാരുടെ ഇടയിൽ പിണക്കത്തിനു കാരണമായി. ഇതറിഞ്ഞ അബ്രഹാം സഹോദരന്റെ മകനായ ലോത്തിനോട്, കന്നുകാലികളുടെ ഇടയന്മാർക്കു ഇടർച്ചയുണ്ടാകരുത്. നമ്മൾ സഹോദരന്മാരല്ലോ (ഉല്പ 13:8) എന്നു പറയുന്നു. ഈ പ്രയോഗം വേദപുസ്തകാടിസ്ഥാനത്തിൽ ഏറെ ശ്രദ്ധേയമാകുന്നു. കായേന്റെ പ്രതീകത്തിനു നേർവിപരീതമായി നിന്റെ സഹോദരനെവിടെ എന്ന ദൈവിക ചോദ്യത്തിനു ഇട നൽകാത്ത കരുതലിന്റെ പ്രവർത്തി വേദപുസ്തകം ആദ്യമായി രേഖപ്പെടുത്തുന്നു. തുടർന്നു അബ്രാം ചെയ്യുന്നതോ ആ കാലത്തിന് അതീതമായ പ്രവൃത്തിയാണ്- ഭിന്നത ഒഴിവാക്കുക മാത്രമല്ല നല്ലത് തിരഞ്ഞെടുക്കുവാൻ ഉള്ള അവസരം ലോത്തിന് കൊടുക്കുന്നു! ലോത്തോ അക്കാല മനുഷ്യസഹജമായ (ഇക്കാലത്തും അങ്ങിനെ തന്നെയാണ്) രീതിയിൽ നീരോട്ടമുള്ള ആ ഭാഗം യഹോവയുടെ തോട്ടം പോലെയും.... മിസ്രായിം ദേശം പോലെയും ആയിരുന്ന (ഉല്പ 13:10) ഇടം തിരഞ്ഞെടുത്തു. (അബ്രഹാമിന്റെ സമീപനം ഇക്കാലത്ത് ഉണ്ടായിരുന്നെങ്കിൽ പല ക്രിസ്തീയ കുടുംബങ്ങളിലെ സ്വത്ത് വിഭജനം എന്ത് എളുപ്പമായിരുന്നു) തുടർന്നു അബ്രഹാമിനെ യഹോവ പതിൻ മടങ്ങു അനുഗ്രഹിക്കുന്നതായി നാം വായിക്കുന്നുണ്ടെങ്കിലും, ഈ മഹാ മനസ്ക്കതയും നന്മയും ചെയ്താൽ യഹോവ അനുഗ്രഹിക്കുമെന്ന് നിനച്ചല്ല അബ്രാം ഇത്രയും ചെയ്യുന്നത് എന്ന് ശ്രദ്ധേയം.

അടുത്ത സംഭവം (ഉല്പ 14) എന്നും എന്നെ അത്ഭുതപ്പെടുത്താറുണ്ട്. അബ്രാമിന് ലോത്തിനോടുള്ള സമീപനം സാമാന്യ ജീവിതത്തിൽ ചിന്താതീതമാണ്. ആ ദേശങ്ങളിലുള്ള 9 രാജാക്കന്മാർ രണ്ടായി പരസ്പരം യുദ്ധം ചെയ്യുന്നു. സോദോം ഗോമോറാ കൊള്ളയടിക്കപ്പെടുന്നു. അതിൽ ലോത്തും അവന്റെ സമ്പത്തും കുടുംബവും പെടുന്നു. തന്റെ സഹോദരനെ കൊണ്ടു പോയി എന്ന് അറിഞ്ഞ അബ്രാം തന്റെ സ്വന്ത സ്വത്തായ ആളുകളെ സംഘടിപ്പിച്ച് പുറകെ പോയി ആ രാജാക്കന്മാരോടു പൊരുതി തോല്പിച്ച് ലോത്തിനെയും അവന്റെ സ്വത്തിനേയും സ്ത്രീകളെയും ജനത്തെയും മടക്കി കൊണ്ടു വരുന്നു. (നാം വിചാരിക്കുക ഇപ്രകാരമാവും 1. നല്ലതും പൊക്കി കൊണ്ടു പോയ അവന്റെ അത്യാഗ്രഹത്തിന് ഇത് സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ, ദൈവം മേലെയുണ്ടെന്ന് ഓർമ്മ വേണം അല്ലെങ്കിൽ 2. അല്ല ഈ രാജാക്കന്മാരോടു മല്ലിടാൻ എന്നെകൊണ്ടാവുമോ? എന്നു നെടുവീർപ്പെടും)ഒരു കാര്യം ശ്രദ്ധിക്കുക-സ്വയരക്ഷക്കായി സാറായെ പെങ്ങളെന്ന് പറഞ്ഞ അബ്രഹാമാണ് ലോത്തിന് വേണ്ടി രണ്ടും കല്പിച്ച് യുദ്ധത്തിൽ ജയിച്ച് കൊള്ളയടിച്ച് തിരികെ പോകുന്ന 5 രാജാക്കന്മാരുടെ പടയോട് നേരിടുന്നത്!!

കാര്യം വ്യക്തം..... നിങ്ങൾ കൊല്ലുവാൻ നോക്കുക, അങ്ങനെ അബ്രഹാം ചെയ്തില്ലല്ലോ, എന്നു യേശു സൂചിപ്പിച്ചത് സ്വയം അപകടത്തിലായാലും സഹോദരനെ രക്ഷിക്കുന്ന ഈ പൈതൃക പാരമ്പര്യത്തെയാണ്.

യോഹന്നാന്റെ സുവിശേഷഭാഗത്തേക്കു തിരികെ വരാം. തുടർന്നുള്ള ഭാഗം 8:48-59 വരെയുള്ളത് യേശു സ്വയം വെളിപ്പെടുത്തുകയാണ്. അതിൽ വീണ്ടും അബ്രഹാമിനെ പരാമർശിക്കുന്നത് കാണാം.....എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ട് ഉല്ലസിച്ചു. അവൻ അതു കണ്ടു സന്തോഷിച്ചിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു (8:55-56).

അല്പം കടങ്കഥ കലർന്നതല്ലേ ഈ പ്രഖ്യാപനം? മശിഹായുടെ ദിവസത്തെ പറ്റി അബ്രഹാമിന്റെ കാലത്തോ മക്കൾ പെരുകി ജനതയായ മോശയുടെ കാലത്തോ എഴുതപ്പെട്ടതായി കാണുന്നില്ല. അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ടു ഉല്ലസിച്ചു എന്ന് ഉദ്ദേശിക്കുന്നതെന്താണ്? അത് അറിഞ്ഞ നാളിൽ എന്തുകൊണ്ട് സന്തോഷവും ഉല്ലാസവും അബ്രഹാമിന് ഉണ്ടായി?

യേശു പറയുന്ന എന്റെ ദിവസം എന്നാൽ എന്താണ്? യേശു മുഖാന്തിരമായ ലോകമാനവ രക്ഷയുടെ നാൾ എന്നല്ലേ അർത്ഥമാക്കുന്നത്? ഈ മാനവ രക്ഷയിൽ സന്തോഷിക്കയും ഉല്ലസിക്കയും ചെയ്യണമെങ്കിൽ അപ്രകാരമുള്ള താല്പര്യവും പ്രവൃത്തിയും അബ്രഹാം ഉൾക്കൊണ്ടിട്ടുണ്ടോ? കാട്ടിയിട്ടുണ്ടോ?നിന്റെ സഹോദരനെവിടെ എന്ന ആദിമ ചോദ്യത്തിനു മാതൃക പ്രവൃത്തി കാട്ടിയ അബ്രഹാമിന്റെ സ്വഭാവത്തിലോ പ്രകൃതിയിലോ മാനവികതയുടെ രക്ഷയും നന്മയും ഉൾക്കൊണ്ടിട്ടുണ്ടോ?

ഉല്പത്തി 18- ാം അദ്ധ്യായം മിച്ചവായനയാണ്. അതിൽ ഇപ്രകാരം ആണ് വിവരണം -

മൂന്നു പുരുഷന്മാർ അബ്രഹാമിനെ സന്ദർശിക്കുന്നു. സാറായിലൂടെ പുത്രൻ ജനിക്കുമെന്ന് അറിയിക്കുന്നു. അവർ സോദോം വഴി തിരികെ പോകുന്നു. സോദോമിന്റെ നാശവും അബ്രഹാം അറിയുന്നു. അബ്രഹാമിന് പുത്രാനുഗ്രഹം ലഭിച്ചു എന്ന പ്രത്യാശാസന്തോഷത്തേക്കാൾ പ്രധാനം സോദോമിന്റെ നാശത്തിന്റെ അറിവാണ്. അബ്രഹാം യഹോവയോട് അതിരു വിട്ട് അപേക്ഷിക്കയാണ്. 50 നീതിമാന്മാർ ഉണ്ടെങ്കിൽ ആ നഗരം നശിപ്പിക്കരുത് എന്ന് സമ്മതം വാങ്ങിയ ശേഷം പടിപടിയായി 45, 40, 30,20,10 എന്നിങ്ങനെ നീതിമാന്മാരുടെ എണ്ണം കുറച്ചതായി കാണുന്നു. പ്രതികാരത്തിന്റെ സൈന്യങ്ങളുടെ ദൈവമായ യഹോവയോടാണീ പടിപടിയായുള്ള ആറ് നില ബാർഗേനിംഗ്! അബ്രഹാമിനു എന്തു നേടാനായിരുന്നത്? മാനവികതയുടെ നന്മ എന്ന ഉൾകാമ്പ് അബ്രഹാമിൽ ഉള്ളതിനാലല്ലേ ഇത്? ഇത് ഉൾക്കൊണ്ടല്ലേ യേശു നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ടു ഉല്ലസിച്ചു എന്നു പറയുന്നത്.

വിശ്വാസത്തിന്റെ പിതാവായ അബ്രഹാമിനെ പറ്റി യേശു പരാമർശിക്കുന്നത് അബ്രഹാമിന്റെ പ്രവൃത്തികളെ അടിസ്ഥാനമാക്കിയാണ്. യോഗ്യമായ പ്രവൃത്തികൾക്ക് ആണ് പ്രാധാന്യമെങ്കിൽ, ക്രിസ്ത്യാനികൾ സ്വയം അഭിമാനിക്കുന്ന പിതൃത്വം നമുക്ക് അർഹതപ്പെട്ടതാണോ? ●

FOCUS

# ഞായറാഴ്ച ആത്മതപനത്തിന്റെ ദിനം

**ഞാ**യറാഴ്ച പള്ളിയിൽ പോകുന്ന വിശ്വാസിക്ക് എന്തെങ്കിലും പ്രത്യേകിച്ച് ഉത്തരവാദിത്വങ്ങളുണ്ടോ?

പ്രത്യേകിച്ച് ഉത്തരവാദിത്വങ്ങൾ ഉള്ളതായി അറിവില്ല. കൃത്യസമയത്ത് പള്ളിയിൽ ചെല്ലണം. കയ്യും കെട്ടി അച്ചടക്കമായി നിൽക്കണം.വി. കുർബാന അനുഭവിക്കണം, വഴിപാടിട്ട് തിരിച്ചു പോരണം, അത്ര തന്നെ. കുർബ്ബാന ചൊല്ലുന്നത് അച്ചൻ, ശുശ്രൂഷിക്കുന്നത് ശുശ്രൂഷകൻ, പാടുന്നത് ഗായക സംഘം, പൊതുജനം നിന്നുകൊടുക്കുകയല്ലാതെന്തു ചെയ്യാൻ?

ഒരു പ്രധാനകാര്യം വിട്ടു പോയല്ലോ ചങ്ങാതീ? അതെന്തു കാര്യാണ്?

ഇതു നിങ്ങൾക്ക് തലമുറയായി നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും എന്നേക്കുമുള്ള ചട്ടം ആയിരിക്കണം. അത് നിങ്ങൾക്കുള്ള സ്വസ്തതെക്കുള്ള ശാബത്ത്. അന്നു നിങ്ങൾ ആത്മ തപനം ചെയ്യണം.

ലേവ്യ. 23:31-32.

ശബത്തിൽ ആത്മതപനം ചെയ്യണമെന്നത് തലമുറ തലമുറകളിലേക്കുള്ള ദൈവത്തിന്റെ ലാസ്റ്റിംഗ് ഓർഡിനൻസാണ്. പുരോഹിതന്മാർ മാത്രമല്ല ജനങ്ങളും ആത്മതപനം ചെയ്യണം.

ആത്മതപനമോ? അതെന്തു പരിപാടിയാണ്?

ഒരാഴ്ചക്കാലത്തെ ലൗകിക ജീവിതത്തിൽ പാപമാലിന്യങ്ങളേറ്റ ആത്മാവിന്റെ നിർമ്മലീകരണത്തിനുള്ള ഒരുക്കത്തിനും സമർപ്പണത്തിനുമാണ് ആത്മതപനമെന്ന പശ്ചാത്താപം. പാപംമൂലം വിഛേദിക്കപ്പെട്ട ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാൻ കൂടിയുള്ള ചികിത്സാ പദ്ധതിയാണ് ശാബത്ത്. അന്ന് ആത്മതപനം ചെയ്യണം.

എന്തിനു വേണ്ടിയാണിത്?

ഒരു രോഗിയാണെന്നറിഞ്ഞാൽ ജോലിയും കുടുംബവും വിനോദവും എല്ലാം മാറ്റിവച്ച് ഡോക്ടറുടെ അടുത്തേക്ക് ഓടില്ലേ? സുഖമാകുന്നതു വരെ മറ്റു കാര്യങ്ങളൊക്കെ മാറ്റി വയ്ക്കില്ലേ? നേരേ ചൊവ്വേ ഭക്ഷണം പോലും കഴിക്കാതെ, ആശുപത്രിയിൽ വളരെ നേരം കാത്തിരുന്ന്, ക്ലേശ പൂർണ്ണമായ ടെസ്റ്റുകൾ ചെയ്ത് സൗഖ്യം നേടിയെടുക്കുകയില്ലേ?

ആത്മാവിന്റെ രോഗം അതിലും അടിയന്തിരമാണ്. ശക്തി ദായകനായ ദൈവവുമായുള്ള വിശുദ്ധ ബന്ധം വിഛേദിക്കപ്പെടുന്ന, ആന്തരിക സമാധാനം താറുമാറാക്കുന്ന ആത്മാവിന്റെ ചികിത്സ എത്ര ലാഘവമായിട്ടാണ് നാമെടുക്കുന്നത്? ആത്മ സൗഖ്യത്തിനും നവീകരണത്തിനും പുതുക്കത്തിനുമായി സഭ ക്രമീകരിച്ചിരിക്കുന്ന ശാബത്തുകൾ എത്ര അലക്ഷ്യമായിട്ടും യാന്ത്രികമായിട്ടുമാണ് വിശ്വാസികളെടുക്കുന്നത്?

അത്രയ്ക്ക് വലിയ പാപങ്ങളൊന്നും ചെയ്യുന്നില്ലല്ലോ?

ഒരു ചെറിയ ജലദോഷം പോലും നമുക്കെത്ര അസഹ്യവും ആയാസകരവുമാണ്. പാപരോഗങ്ങളും ചെറുതാണെങ്കിലും ആത്മചൈതന്യം കെടുത്തിക്കളയുന്നതാണ്, ദൈവവുമായുള്ള ബന്ധം തടസ്സപ്പെടുത്തുന്നതാണ്.

രാജാവായിരുന്നിട്ടുപോലും ദൈവം മുഖം തിരിച്ചെന്നറിഞ്ഞപ്പോൾ ദാവീദു പൊട്ടിക്കരഞ്ഞു.

എന്റെ അകൃത്യങ്ങളെ ഒക്കേയും മായിച്ചു കളയേണമേ, നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ സങ്കീ.51:9,12


ചോദിക്കട്ടെ,

വിശുദ്ധ ശാബത്തിന് ഒരുങ്ങുമ്പോൾ ആത്മതപനം ചെയ്തിട്ടുണ്ടോ? അതിന്റെ ആവശ്യം തോന്നിയിട്ടുണ്ടോ? അത്രയും വലിയ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന സ്വയ നീതികരണമാണോ ആത്മതപനത്തിനു ബുദ്ധിമുട്ടാകുന്നത്?

നമ്മളെത്ര വലിയവരായാലും ദൈവബന്ധം പുന:സ്ഥാപിക്കപ്പെടാതെ രക്ഷയുടെ സന്തോഷം അനുഭവിക്കുവാനാകില്ല. അതിനുള്ള ഏക വഴി ആത്മ തപനമാണ്.

ഓരോ ശാബത്തും ആത്മതപനത്തിന്റെ ദിവസമാകണം, അതിന് തലേദിവസം മുതൽ ഒരുങ്ങണം, സ്വയനീതികരണത്തിന്റെ ഹൃദയം നുറുങ്ങണം, വിങ്ങണം.

ആത്മ ശരീര മനസ്സുകളുടെ സ്പിരിച്യൽ ഡയാലിസിസ് നടക്കേണ്ട അതിപ്രധാനമായ ചികിത്സാ പദ്ധതിയാണ് ശാബത്ത്. അന്ന് നിങ്ങൾ ആത്മതപനം ചെയ്യണം. അത് ഓരോ വിശ്വാസിയുടെയും അടിയന്തിര ആവശ്യമാണ്. കുടുംബം സുഖമാകാൻ, ദാമ്പത്യ പ്രതിസന്ധികൾ പരിഹരിക്കുവാൻ, മക്കൾ ദൈവ ചൈതന്യമുള്ളവരാകാൻ, മുറിഞ്ഞു പോയ ദൈവബന്ധം പുനസ്ഥാപിക്കുവാൻ ആത്മസൗഖ്യവും ആന്തരിക സമാധാനവും പുനസ്ഥാപിക്കുവാൻ ആത്മതപനം ചെയ്യണം.



ഫാദർജി

കരച്ചിലിനും വിലാപത്തിനും രുട്ടുടുക്കുന്നതിനും വിളിക്കുന്ന യഹോവയുടെ ശബ്ദം ഹൃദയം തുറന്ന് കേൾക്കുവാനുമുള്ളതാണ് ശാബത്ത്.

അന്ന് സൈന്യങ്ങളുടെ യഹോവ യായ കർത്താവ് കരച്ചിലിനും വിലാപത്തിനും മൊട്ടയടിക്കുന്നതിനും രട്ടുടുക്കുന്നതിനും വിളിച്ചപ്പോൾ....

യശയ്യാ 22:12.

ആത്മതപനത്തിനുള്ള ദൈവത്തിന്റെ വിളി യെസക്കിയേൽ പ്രവചനത്തിൽ പ്രതിദ്ധ്വനിക്കുന്നതു ശ്രദ്ധിക്കൂ:

നിങ്ങൾ ചെയ്തിരിക്കുന്ന അതിക്രമങ്ങളൊക്കെയും നിങ്ങളിൽ നിന്ന് എറിഞ്ഞു കളവിൻ. നിങ്ങൾക്കു പുതിയൊരു ഹൃദയത്തേയും പുതിയൊരു ആത്മാവിനെയും സമ്പാദിച്ചു കൊൾവിൻ. യിസ്രായേൽ ഗൃഹമേ, നിങ്ങൾ എന്തിനു മരിക്കുന്നു? (യെശ. 18:31)

ആത്മതപനത്തോടെ തിരുസന്നിധിയിൽ ചെല്ലുന്നവർക്കു പാപക്ഷമ വാഗ്ദാനം ചെയ്യുന്ന കരുണാർദ്രവാനായ ദൈവത്തെ ഹോശേയാ പ്രവാചകൻ ഭാവാത്മകമായി പരിചയപ്പെടുത്തുന്നു?

നിങ്ങൾ അനുതാപ വാക്യങ്ങളോടു കൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു അവനോടു: സകലഅകൃത്യത്തേയും ക്ഷമിച്ചു ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ ഹോശ. 14:21.

എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്ന യഹോവയുടെ അരുളപ്പാട് വസ്ത്രങ്ങളെ

Cont...12

# സൂക്ഷിക്കുക സാത്താൻ പടിവാതിൽക്കൽ




**ജോർജ്ജ് ബഹനാൻ**
**കൗൺസിലർ തെറാപ്പിസ്റ്റ്**


കേരളത്തിൽ ആയിരക്കണക്കിന് യുവതി യുവാക്കന്മാർ അറിഞ്ഞും അറിയാതെയും സാത്താന്യ കെണിയിലാണ് എന്ന ഭയാനകസത്യം നമുക്ക് ഞെട്ടലുണ്ടാക്കുന്നില്ല. കാരണം നാം ആ സത്യവുമായി താദാത്മ്യപ്പെട്ടുപോയി. പെട്ടെന്ന് ചൂടുവെള്ളത്തിൽ വീണ തവള ചാടിരക്ഷപ്പെടും. പക്ഷേ തവള കിടക്കുന്ന വെള്ളം സാവധാനം ചൂടാക്കിയാൽ ചൂടുകൂടുന്ന കാര്യം തവള പെട്ടെന്ന് മനസ്സിലാക്കില്ല. അവസാനം രക്ഷപ്പെടാൻ സാധിക്കാതെ അത് വെള്ളത്തിൽ ചത്തുപൊങ്ങും. ഇത് തന്നെയാണ് ക്രിസ്ത്യാനിയുടെയും ഗതി. അവനറിയാതെ അവനുചുറ്റും കൂടുന്ന പൈശാചിക ശ്കതികളെ തിരിച്ചറിയാതെ സാവധാനം അതുമായി താദാത്മ്യപെടുന്ന ദയനീയ അവസ്ഥയാണിന്ന്. ദുഷ്ടത വളരെ സമർത്ഥമായി നമ്മുടെ ഇടയിൽ തഴച്ചു വളരുന്നു. ഇതു കണ്ട് കണ്ട് നമ്മുടെ അറപ്പ് തീർന്നു.

അതുകൊണ്ടുതന്നെ മന്ത്രവാദവും, ബാധ ഒഴിപ്പിക്കലും, കൂടോത്രവും, കൈവിഷവും ചാത്തൻസേവയും തുടങ്ങി അത്യാധുനിക നിഗൂഢ (Occult) ശാസ്ത്രത്തിൽ അത് എത്തി നിൽക്കുന്നു തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിച്ച ആനിബെസന്റ് ഇൻഡ്യയിൽ ഇറക്കുമതി ചെയ്ത നിഗൂഢ ശാസ്ത്രം (Occultism)പല ശാഖകളായി വളരുകയാണ്. പലതിന്റെയും വേരുകൾ നമ്മുടെ സഭകളുടെ ശരീരത്തിൽ ആഴ്ന്നിറങ്ങിക്കഴിഞ്ഞു. നൂറുശതമാനം സാക്ഷരത അവകാശപ്പെടുന്ന കേരളത്തിലേക്ക് മന്ത്രവാദത്തിനും മറ്റുമായി ലക്ഷക്കണക്കിന് രൂപയാണ് വന്നുചേരുന്നത്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്ന്. കേരളത്തിൽ ഏറ്റവും കൂടുതൽ ചാത്തൻസേവ മഠങ്ങളുള്ള സ്ഥലമാണ് തൃശ്ശൂർ. നമ്മുടെ എല്ലാ പത്രമാദ്ധ്യമങ്ങളിലും ഇവരുടെ പരസ്യങ്ങൾ കാണാം. ഇവിടെ പോകുന്നതിൽ ഒരു നല്ല പങ്ക് ക്രിസ്താനികളാണെന്ന കാര്യം ഒരു യഥാർഥ്യമാണ്. നിമിഷനേരംകൊണ്ട് ശത്രുസംഹാരമടക്കം പല ഉദ്ദിഷ്ട കാര്യങ്ങളും സാധിക്കാൻ പലർക്കും ചാത്തനെ തന്നെ വേണം. നാം എല്ലാം ഒരു ഇൻസ്റ്റന്റ് ലോകത്തിലല്ലേ ജീവിക്കുന്നത്. കാര്യങ്ങൾ എളുപ്പത്തിൽ സാധിക്കാൻ കർത്താവിന് സാധിച്ചെന്നു വരില്ല!!! അപ്പോൾ പിന്നെ സാത്താനെ ആശ്രയിക്കുകയല്ലാതെ നിവൃത്തിയില്ല. എല്ലാവരും ചെയ്യുന്നു. പിന്നെ എനിക്ക് എന്തുകൊണ്ട് ചെയ്തുകൂടാ. അന്ധവിശ്വാസവും, അനാചാരവുമായി നാം അവസാനം ഒരു അനുരഞ്ജനത്തിൽ എത്തിച്ചേരുന്നു. ഇതിന്റെ വികൃതമുഖങ്ങൾ നമ്മുടെ വിശ്വാസവുമായി ബന്ധപ്പെട്ട് കാണാൻ സാധിക്കും. കോഴിയെ വെട്ടിയുള്ള നേർച്ചകൾ, വെടിവഴിപാട്, പള്ളിക്ക് ചുറ്റും ഉരുളുക, തുടങ്ങിയവ നമ്മുടെ ചില പള്ളികളിൽ ഉണ്ട്. ഇത് കർത്താവിന് ആവശ്യമുണ്ടോ എന്ന് ചിന്തിക്കാൻപോലും നമുക്ക് സാധിക്കുന്നില്ല. കാരണം ഇതിൽ നിന്നും ധാരാളം വരവുണ്ട്. ഇത് പൈശാചികം തന്നെ. ഇവിടെ നാം നമ്മുടെ വേരുകൾ മറക്കുന്നു.

New age movements നമ്മുടെ വിശ്വാസത്തെ തകർക്കാൻ സാത്താൻ ഉപയോഗിക്കുന്ന ഏറ്റവും ശക്തമായ മാർഗ്ഗങ്ങളിലൊന്നാണ്. എഴുപതുകളിൽ പടിഞ്ഞാറൻ ലോകത്തെ വളരെ ആകർഷിച്ച വ്യക്തിയാണ് മഹർഷി മഹേശ് യോഗി. അദ്ദേഹത്തിന്റെ അതീന്ദ്രിയധ്യാനം ലക്ഷക്കണക്കിന് ക്രിസ്ത്യാനികുടെ വിശ്വാസത്തിൽ വെള്ളം ചേർത്തു. എല്ലാ തുറയിലുള്ള ആൾക്കാരെയും ഈ ധ്യാനം പഠിപ്പിക്കാൻ മഹർഷി ധാരാളം യാത്രകൾ നടത്തി. ഫലമോ, ധാരാളം ക്രിസ്ത്യാനികളുടെ വിശ്വാസം നശിച്ചു. ധാരാളം ക്രിസ്ത്യാനികൾക്ക് മാനസ്സികാഘാതം മൂലം സമനില നഷ്ടപ്പെട്ടു.

ബാബയായും, മാതാവായും, ഗുരുവായുമൊക്കെ അവതരിച്ച് സാത്താൻ അനേകമാളുകളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ധാരാളം രക്ഷകന്മാർ അവതരിക്കുന്ന കാലഘട്ടമാണിത്. അതായത് കള്ളപ്രവാചകന്മാർ! ഇവരെ തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വ്യക്തിയാണ് ശ്രീ.രവിശങ്കർ. ആരെയും ആകർഷിക്കുന്ന കണ്ണുകളും കറുത്ത തലമുടിയുമായി ടിവിയിലും പോസ്റ്ററുകളിലും പ്രത്യക്ഷപ്പെടുന്ന ഈ പുതിയ അവതാരം സുദർശ്ശന ക്രിയ എന്ന നിഗൂഢ ശാസ്ത്രത്തിന്റെ ഉടമസ്ഥനാണ്. കോടിക്കണക്കിനു രൂപാ പ്രസ്ഥാനങ്ങളിലൂടെ കൈകാര്യം ചെയ്യപ്പെടുന്നു. രവിശങ്കറിന്റെ വാക്ചാതുരി ധാരാളം ആളുകളെ ആകർഷിക്കുന്നുണ്ട്. ധാരാളം ക്രിസ്ത്യാനികളും പുറകെ കൂടിയിട്ടുണ്ട് പുസ്തകങ്ങൾ ചൂടപ്പംപോലെ വിറ്റഴിയുന്നു.

ജർമ്മനിയിലെ ബെർലിനിൽ നടന്ന ഒരു ക്രിസ്തീയ യോഗത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ഈ യോഗത്തിന്റെ പ്രധാന പ്രസംഗകൻ രവിശങ്കറായിരുന്നു. യഥാർത്ഥ ദൈവം ആരാണെന്നും, ആ ദൈവത്തെ എങ്ങനെ കണ്ടെത്താമെന്നും രവിശങ്കർ അവിടെയുള്ള ക്രിസ്ത്യാനികളെ പഠിപ്പിച്ചു. നിഗൂഢശാസ്ത്ര (Occult) വിദഗ്ദ്ധനായ രവിശങ്കർ ദൈവത്തെ എങ്ങനെ കണ്ടെത്താം എന്ന് ക്രിസ്ത്യാനികളെ പഠിപ്പിച്ചു എന്നത് പത്രവാർത്തയാണ്. അതായത് ക്രിസ്ത്യാനിക്ക് യേശുവിനെ കണ്ടെത്താൻ രവിശങ്കറും, അയാളുടെ സുദർശ്ശന ക്രിയയും ആവശ്യമായിരി ക്കുന്നു!!! എന്തൊരു വലിയ വീഴ്ചയാണ് സാത്താൻ മാറിനിന്ന് കണ്ണിറുക്കിപറയും 'എങ്ങനെയുണ്ട് എന്റെ ബുദ്ധി'.

ഇത്തരം മുറിവൈദ്യന്മാരിൽ നിന്നും കിട്ടുന്ന വൈകാരിക മാനസ്സിക അനുഭൂതി ആത്മീയതയായി തെറ്റിദ്ധരിക്കരുത്. യോഗയിലെ ആസനങ്ങൾ ചെയ്യുമ്പോഴും, ശ്വാസോച്ഛ്വാസം നിയന്ത്രിക്കുമ്പോഴും ശരീരത്തിന്റെ, മനസ്സിന്റെ പിരിമുറുക്കം മാറുമെന്നുള്ളത് ശാസ്ത്രീയ സത്യമാണ്. ഇത് ആത്മീയതയാണ് എന്ന് തെറ്റിദ്ധരിച്ച് പൗരസ്ത്യ ധ്യാനസമ്പ്രദായം ക്രൈസ്തവികതയുമായി കൂട്ടിയിണക്കുന്ന അപകടകരമായ ഉദ്യമത്തിലാണ് ഇന്നത്തെ തലമുറ. ഇത്തരം ധ്യാനകോഴ്സുകളിൽ ധാരാളം ക്രിസ്ത്യാനികൾ പങ്കെടുക്കുന്നുണ്ട്; കൂടാതെ അച്ചന്മാരും കന്യാസ്ത്രീകളും.

ഇന്ന് ലോകത്തെ മുഴുവൻ സൃഷ്ടിച്ച കർത്താവിലും അവന്റെ അമിതബലത്തിലും വിശ്വസിക്കാനുള്ള മനസ്സ നമുക്കില്ല. ഇതിലെന്ത് ത്രില്ലിരിക്കുന്നു! ബുദ്ധമതത്തിന്റെ സംഭാവനയായ

വിപാസനയും, റെയ്കിയും ഒക്കെ നിഗൂഢ ശാസ്ത്രങ്ങൾ തന്നെ. ധാരാളം രൂപാ ചിലവാക്കിത്തന്നെ നാമിതൊക്കെ പഠിക്കുന്നു. കുറെ നാളുകൾക്ക് മുമ്പ് ബോംബെയിലെ ഒരു പള്ളിയിൽ വികാരി യച്ചൻ പള്ളിയകത്തുതന്നെ 'റെയ്കി' യുടെ ക്ലാസ്സ് എടുത്തു, ഇതറിഞ്ഞ ജനങ്ങൾ വികാരിയച്ചനെതിരെ പ്രക്ഷോഭണം ആരംഭിച്ചു. വേലിതന്നെ വിളവുതിന്നാൽ പിന്നെ എന്തുവിശേഷം. സഭയുടെ എല്ലാ തലങ്ങളിലും സാത്താൻ പണ്ടേ പിടിമുറുക്കിയിട്ടുണ്ട്. അതിന്നും അഭംഗുരം തുടരുന്നു.

ഹെന്റി എട്ടാമന്റെ കാലം തൊട്ട് ചാൾസ് രാജകുമാരന്റെ കാലം വരെ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ നടന്ന നാറുന്ന സംഭവങ്ങൾ ചരിത്രത്തിലുണ്ട്. ചാൾസ് രാജകുമാരന്റെ ചെയ്തികൾ ഈ കാലഘട്ടത്തെ നാണിപ്പിക്കുന്നതാണ്. ഞാൻ ഒരു സ്വവർഗ്ഗഭോഗിയാണെന്ന് പറയാൻ നാണമില്ലാത്ത ബിഷപ്പുള്ള സഭയിൽ എത്ര ചാൾസ് രാജകുമാരന്മാർ വേണമെങ്കിലും ഉണ്ടാകും.

ഇതൊന്നും കാണാൻ ഇംഗ്ലണ്ട് വരെ പോകണ്ട. കേരളത്തിലെ സഭകൾ ആരെയും ലജ്ജിപ്പിക്കുന്നതായിരിക്കുന്നു. നമ്മുടെ സഭകൾ കോടതി കയറിനടക്കുന്നു. സഭാമക്കൾ തെരുവിൽ കൊലപാതകം വരെ നടത്തുന്നു. ഒരു വൈദികനെ പോലീസുകാരൻ ഓടിക്കുന്ന രംഗം നാം ടിവിയിൽ കണ്ടില്ലേ. ഒരു സഭാവിഭാഗത്തിന്റെ പ്രാർത്ഥന യോഗത്തിൽ ആളുകളെ കയറ്റിയത്, മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചാണ്! ഇത് പത്ര വാർത്തയാണ്. ഇതിൽ കൂടുതൽ സഭ എന്താണ് അധ:പതിക്കാനുള്ളത്. ഇതിലൊന്നും ആർക്കും ഒരു സങ്കോചവുമില്ല. കാരണം സാത്താൻ പിടിമുറുക്കി കഴിഞ്ഞു. നമ്മുടെ സഭയെ നയിക്കുന്ന പലരും മദ്യപാനികളല്ലേ. നമ്മുടെ സഭാതിരഞ്ഞെടുപ്പുകൾ രാഷ്ട്രീയത്തെക്കാൾ വൃത്തികെട്ടതല്ലേ? മദ്യവും പണവും ഒഴുകുന്ന തിരഞ്ഞെടുപ്പുകൾ. അതുമല്ല നമ്മൾ ക്രിസ്തീയ നേതൃത്വ യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുമോ? അതായത് നമ്മുടെ സഭാതിരഞ്ഞെടുപ്പുകളിലെ ഏറ്റവും വലിയ സ്വാധീനം സാത്താൻമാരല്ലാതെ ആരാണ്?

വ്യക്തിജീവിതങ്ങളും, സഭയും, പ്രസ്ഥാനങ്ങളും ക്രിസ്തു കേന്ദ്രീകൃതമല്ലെങ്കിൽ അവിടെ പ്രശ്നങ്ങളുണ്ടാകും. പരമഭക്തരായ പുണ്യാത്മാക്കളെ നാം സ്നേഹിക്കണം, ബഹുമാനിക്കണം പക്ഷെ കർത്താവു മാത്രമെ ആരാധനയ്ക്ക് യോഗ്യനായുള്ളൂ. കർത്താവല്ലാതെ എന്തിനെയും ആരാധിച്ചാൽ സാത്താന് സന്തോഷമാണ്. കർത്താവ് നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനത്തില്ലെങ്കിൽ നമ്മുടെ പ്രതിരോധ ശക്തി കുറയും. പിന്നെ എല്ലാ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നമ്മുടെ ജീവിത്തിൽ വന്നുചേരും.

വിശ്വാസത്തിന്റെ കാര്യത്തിൽ നാം എന്തു വിട്ടു വീഴ്ചകൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഉഷ്ണവാനും, ശീതവാനുമല്ലാത്ത ഭീരുക്കളുടെ തലമുറ ശക്തിയും സമാധാനവും കണ്ടെത്തുന്നത് നിഗൂഢശാസ്ത്രം, പ്രകൃതിശക്തി, ജന്മനക്ഷത്രങ്ങൾ, വജ്രക്കല്ലുകൾ, ജപിച്ചുകെട്ടിയ ചരടുകൾ, ഹസ്തരേഖാശാസ്ത്രം, ജാതകം, നേർച്ച തുടങ്ങിയവയിലാണ്. ഈ കൂട്ടർക്ക് എല്ലാം വിധിയും തലയിലെഴുത്തും മാത്രം.

പക്ഷേ കർത്താവ് അയച്ച പരിശുദ്ധാത്മാവിന്റെ ശക്തി, ശിഷ്യന്മാരുടെ മേൽ മുഴങ്ങിയടിക്കുന്ന കാറ്റുപോലെ അഗ്നിജ്വാലപോലെ ഇറങ്ങിയ, എല്ലാത്തിനെയും കീഴ്മേൽ മറിക്കുന്ന ആശ്കതി ഇവർക്ക് അന്യമാണ്. ചോദിച്ചാൽ ഈ ശക്തി നമുക്ക് ആവശ്യം പോലെ കർത്താവ് തരും.

ശബരിമലയിൽ പോയാലും ദൈവത്തെ അനുഭവിക്കാം, അതുപോലെ ഓം എന്ന മന്ത്രം ചൊല്ലിയാൽ കുഴപ്പമെന്താണ്? മാവേലിക്കര ക്രൈസ്റ്റ് ചർച്ചിന്റെ മുൻവശത്തുള്ള വാതിലിൽ ഓം എന്ന് എഴുതിയിട്ടുണ്ട് എന്നൊക്കെ വേദപുസ്തക പണ്ഡിതനും, സുറിയാനി ക്രിസ്ത്യാനിയുമായ ഒരു ഐ.എ.എസ്സുകാരൻ തന്റെ പ്രസംഗങ്ങളിലും അഭിമുഖങ്ങളിലും സൂചിപ്പിക്കുന്നതായും കേട്ടു. എങ്ങും തൊടാതെ കൈയ്യടി വാങ്ങിക്കാൻ ശ്രമിക്കുന്നവർക്ക് അയ്യോ കഷ്ടം! ഇവർ മാമോദീസാ വെള്ളം തലയിൽ വീഴാത്ത സാക്ഷാൽ സ്വാമിവിവേകാനന്ദന്റെ വാക്കുകൾ വായിച്ചു പഠിക്കട്ടെ. എല്ലാ പൈശാചിക ശക്തികളും ഓടിയൊളിക്കും. സ്വാമി വിവേകാനന്ദൻ പറയുന്നു. Keep close to Christ if you want salvation. He is higher than any God that you can imagine. If you think that Christ was a man, do not worship him......It is Christ that God will be manifested (Vivekananda Literature Vo.8:190)

●

## ഞായറാഴ്ച ആത്മതപനത്തിന്റെ...

യല്ല ഹൃദയങ്ങളെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ. യോവേൽ 2:12

ആത്മതപനത്തിനുള്ളഈ ദൈവവിളി ആർക്കാണ് നിഷേധിക്കുവാനാകുന്നത്?

അല്ലല്ല മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ലൂക്കോ 13:3.

പാപക്ഷമയുടെ തമ്പുരാൻ പറയുന്ന നാശത്തിൽ നിന്നു രക്ഷപ്പെടാൻ വഴിയൊന്നു മാത്രം-ആത്മതപനം.

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ. എന്നാൽ കർത്താവിന്റെ സമുഖത്തു നിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയക്കുകയും ചെയ്യും.

അപ്പോ. 3:1-9.

പൊടിക്കൈകൾ കൊണ്ടും കുറുക്കുവഴികൾ കൊണ്ടും പാപം മോചിച്ചു കിട്ടുകയില്ല സുഹൃത്തേ. അതിന് നിനക്കൊന്നു ചെയ്യുവാനുണ്ട്. ആത്മതപനം. ആത്മശരീര മനസ്സുകളുടെ ശുദ്ധീകരണത്തിനായി വി. കുർബ്ബാനയിൽ പുരോഹിതൻ പ്രാർത്ഥിക്കുമ്പോൾ ആത്മതപനത്തോടെ, ആവശ്യബോധത്തോടെ ചുങ്കക്കാരന്റെ നിസ്സഹായതാ ബോധത്തോടെ വിശ്വാസി ഹൃദയം സമർപ്പിച്ച് ആരാധനയിൽ സാന്നിധ്യബോധത്തോടെ നിൽക്കണം. അപ്പോൾ വി. പത്രോസ് പറയുന്നതു പോലെ പാപങ്ങൾ മോചിച്ചു കിട്ടും, കർത്താവിന്റെ സമുഖത്തു നിന്നും ആശ്വാസകാലങ്ങൾ വരും, ക്രിസ്തുവായ യേശുവിനെ നിന്റെ അടുക്കലേക്ക് അയയ്ക്കും. അവൻ നിന്നെ തൊട്ടു സൗഖ്യമാക്കും.

ഇത്ര വലിയ കാര്യങ്ങൾ സാധിതമാക്കേണ്ട മഹനീയ കർമ്മമാണ് ആരാധന. ഭയത്തോടും വിറയലോടും ഭക്തിയോടും സാന്നിദ്ധ്യബോധത്തോടും കൂടെ സ്വയം കാഴ്ചയായി സമർപ്പിക്കേണ്ട അതി വിശുദ്ധ കർമ്മമാണ് വി.ആരാധന. അപ്പോഴാണ് അത് സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത ഉന്നതിയും അനുഗ്രഹവും സമാധാനവും ഒക്കെ ആകുന്നത്.

ആത്മ തപനത്തോടെ സ്വയം അർപ്പിക്കുന്നവർക്ക് മാത്രമാണ് സമാധാനത്താലെ പോവുക എന്ന പുരോഹിതന്റെ ആശീർവാഹത്തിലെ അദൃശ്യമായ സ്വർഗ്ഗീയ അനുഗ്രഹങ്ങളും കൃപാ വാഴ്വുകളും സ്വന്തമാക്കി പോരുവാൻ കഴിയുന്നത്. പോകാം നമുക്ക് ആത്മതപനത്തോടെ അടുത്ത ഞായറാഴ്ച.

○

# ഫിലോക്കാലിയ – മലയാൺമയ്ക്കൊരു ദിവ്യസമ്മാനം

ഫാ. ഡോ. കെ. എം. ജോർജ്ജ്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലയാളത്തിന്റെ സാഹിതീയ സംസ്ക്കാരത്തിനും ആദ്ധ്യാത്മിക സംസ്കൃതിക്കും ലഭിച്ച ഒരു വലിയ സമ്മാനമാണ് ഫിലോക്കാലിയ എന്ന ഗ്രന്ഥസമുച്ചയം. പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തീയ പാരമ്പര്യത്തിൽ നൂറ്റാണ്ടുകളായി അറിയപ്പെട്ടിരുന്ന ഈ മഹൽ ഗ്രന്ഥം പൂർണ്ണമായും മലയാള ഭാഷയിൽ തർജ്ജമ ചെയ്യപ്പെട്ടു പ്രസിദ്ധീകൃതമായി എന്നത് നമ്മുടെ ഭാഗ്യമാണ്.

ഫിലോക്കാലിയ എന്ന ഗ്രീക്കു വാക്കിനർത്ഥം നന്മയോടുള്ള സ്നേഹം എന്നാണ്. ഫിലിയ എന്നാൽ സ്നേഹം അഥവാ സൗഹൃദം എന്നർത്ഥം. കാലോസ എന്നാൽ സുന്ദരമായത്, നന്മയായത്, ശ്രേഷ്ഠമായത് എന്നൊക്കെ അർത്ഥം.അങ്ങനെയാകുമ്പോൾ ഫിലോക്കാലിയ എന്ന വാക്ക് സദ്പ്രേമം എന്നു തർജ്ജമ ചെയ്യാം. അദ്ധ്യാത്മ പ്രേമം എന്നു സിദ്ധിനാഥാനന്ദ സ്വാമിയുടെ തർജ്ജമ. പുരാതന ഗ്രീക്കു ചിന്തയിൽ Truth, Beauty, Goodness എന്നിവ ഒന്നിച്ചു പോകുന്നതാണ്. ഭാരതത്തിൽ സത്യം, ശിവം, സുന്ദരം എന്ന ത്രിമാനാനുഭവം തന്നെയാണത്.

റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ. ചെറിയാൻ ഈപ്പന്റെ അതികഠിനമായ പരിശ്രമത്തിന്റെയും സമ്പൂർണ്ണമായ സമർപ്പണത്തിന്റെയും ഫലമായി ഗ്രീക്കു മൂലകൃതിയും റഷ്യൻ തർജ്ജമയും ഇംഗ്ലീഷിൽ ലഭ്യമായ തർജ്ജമകളും എല്ലാം കണക്കിലെടുത്താണ് മലയാളത്തിൽ ഫിലോക്കാലിയായുടെ 5 സമ്പൂർണ്ണ വാല്യങ്ങൾ പ്രസിദ്ധീകൃതമായത്. ഫിലോക്കാലിയയുടെ അഞ്ചാം വാല്യത്തിന് ഒരു പ്രത്യേകതയുണ്ട്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ലോകത്തെങ്ങും പ്രസിദ്ധീകരിച്ചിട്ടില്ല എന്നതാണ്. രണ്ടുവർഷം മുമ്പ് ഇംഗ്ലീഷും മലയാളവും ചേർന്ന ഫിലോക്കാലിയയുടെ പരിഭാഷ പ്രസിദ്ധീകരിച്ചതിലൂടെ ഇംഗ്ലീഷ് ഭാഷയിലും അതൊരുനാഴികക്കല്ലായി മാറി. ഇതിനുമുമ്പ് കുരിശുമല ആശ്രമത്തിൽ നിന്ന് ഫാ. ഫ്രാൻസിസ് ആചാര്യയുടെ ഉത്സാഹഫലമായി ഫിലോക്കാലിയയിലെ തെരഞ്ഞെടുത്ത ചില ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആഥോസ് മലയിലെ ആശ്രമത്തിൽ ഭദ്രമായി കാത്തു സൂക്ഷിച്ചിരുന്ന മൂലകൃതിയും ഓക്സ്ഫോഡിൽ ഫിലോക്കാലിയ തർജ്ജമ ചെയ്തിരുന്ന ബിഷപ്പ് കാലിസ്റ്റോസിന്റെ കൈവശമുള്ള കയ്യെഴുത്തു രേഖകളും നേരിട്ട് പരിശോധിക്കുവാൻ ചെറിയാൻ ഈപ്പനുസാധിച്ചിട്ടുണ്ട്. പല ഗ്രീക്കു പതിപ്പുകളിലും വിട്ടു കളഞ്ഞ ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്.

എന്താണ് അഞ്ച് വാല്യങ്ങളുള്ള ഈ പുസ്തക സമുച്ചയത്തിന്റെ ഉള്ളടക്കം?

ഏതാണ്ട് നാലാം നൂറ്റാണ്ടുമുതൽ 15 -ാം നൂറ്റാണ്ടു വരെ ജീവിച്ചിരുന്ന തപോനിഷ്ഠരും മനുഷ്യ സ്നേഹികളുമായിരുന്ന ആദ്ധ്യാത്മിക ആചാര്യന്മാരുടെ രചനകളിൽ നിന്ന് സമാഹരിച്ച ഉപദേശ സംഹിതകളാണ് ഫിലോക്കാലിയയുടെ ഉള്ളടക്കം. ഇതു പ്രധാനമായും സന്യാസ നിഷ്ഠയോടെ വേദമനനവും ധ്യാനരീതികളും അവലംബിക്കുന്ന ആദ്ധ്യാത്മിക സാധകരെ ഉദ്ദേശിച്ച് എഴുതപ്പെട്ടവയാണ്. പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ട്, എന്റെ പുറമേയുള്ള മനുഷ്യൻ എപ്പോഴും പുതുക്കം പ്രാപിക്കുന്നു. നമ്മിലുള്ള ആന്തരിക മനുഷ്യത്വത്തെയും അതിന്റെ അപരിമേയമായ ആദ്ധ്യാത്മിക സാധ്യതകളെയും അന്വേഷിച്ചു പിൻതുടരുവാനുള്ള ശ്രമമാണ് ഈ ആചാര്യന്മാർ നടത്തുന്നത്. ഈ പുസ്തകം പ്രധാനമായും സന്യാസിമാരെ ഉദ്ദേശിച്ചുകൊണ്ട് എഴുതപ്പെട്ടവയാണെങ്കിലും കാലക്രമേണ ജനസാമാന്യത്തിന്റെ ആദ്ധ്യാത്മിക പരിശീലനത്തിന് വിശിഷ്ടമായ ഒരു സ്ത്രോതസ്സായി മാറി. അങ്ങനെ ബൈബിൾ കഴിഞ്ഞാൽ പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ അടുത്തസ്ഥാനം ഫിലോക്കാലിയയ്ക്കു കൈവന്നു.

***ലോകത്തിലെ ഏറ്റവും വലിയ ജോലി ആരുടേതാണ്?***
***മാർപ്പാപ്പയുടേത് കാരണം?***
***ഒരു യജമാനനെ മാത്രം പേടിച്ചാൽ മതി മരണത്തിനു ശേഷമേ അദ്ദേഹത്തെ നേരിട്ടു കാണുകയുള്ളൂ.***

ആഥോസ്മലയുടെ ആത്മിക സംസ്ക്കാരം

മെഡിറ്ററേയിനൻ സമുദ്രത്തിൽ ഗ്രീസിന്റെ ഭാഗമായി, ആഥോസ് മല എന്ന പേരിൽ ഒരു ഉപദ്വീപുണ്ട്. ഏതാണ്ട് ആയിരം വർഷങ്ങളായി അത് ഓർത്തഡോക്സ് സന്യാസിമാർ മാത്രം അധിവസിക്കുന്ന ഒരു സ്വതന്ത്ര്യരാജ്യം പോലെയാണ് നിലനിൽക്കുന്നത്. വനഭംഗി നിറഞ്ഞ മലഞ്ചരിവുകളിലും കടൽ തീരത്തും അങ്ങിങ്ങായി ചിതറിക്കിടക്കുന്ന നിരവധി സന്യാസാശ്രമങ്ങളിലാണ് സന്യാസിമാർ വസിക്കുന്നത്. പുസ്തകം ദൈവാന്വേഷകരായ കുറെ ആളുകളുടെ ജീവിതമാണ്. പ്രശസ്തിക്കു വേണ്ടി എഴുത്തുകാരായവരുടെ രചനകളല്ല. ഗുരുവിനെ അന്വേഷിക്കുന്നവർക്ക്, ഈശ്വര സാക്ഷാത്ക്കാരം തേടുന്നവർക്ക്, മുക്തി ആഗ്രഹിക്കുന്നവർക്കാണ് ഇത് പ്രയോജനപ്പെടുന്നത്.

അപ്പോഴാണ് ഞാൻ എന്നതിലേക്കൊന്നു തിരിഞ്ഞു നോക്കാൻ പ്രേരിതനായത്. ഞാൻ ഇത് വാങ്ങാൻ യോഗ്യനാണോ? ഇത് സ്പർശിക്കുന്നതിനുപോലും എനിക്കർഹതയില്ലെന്നു തോന്നി.

അകത്തെ മുറിയിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ഒരു പ്രതി എനിക്ക് നൽകി അദ്ദേഹം പറഞ്ഞു: നല്ല നിലത്ത് വിത്ത് വീഴുന്നതിനുമാത്രമാണ് ഞാനിങ്ങനെ പറഞ്ഞത്.

ഡോ. ചെറിയാനീപ്പനിൽ വരെ എത്തി നിൽക്കുന്ന വിശുദ്ധ ജീവിത സംഘത്തിലെ വലിയവരും ചെറിയവരുമായ ഓരോരുത്തരെയും മനസ്സിൽ ധ്യാനിച്ച് ഞാൻ പുസ്തകം വാങ്ങി. ഇപ്പോൾ ഞാൻ അറിയുകയാണ്. അനുഭവിക്കുകയാണ് ഫിലോക്കാലിയയിലെ വിശുദ്ധ ലിഖിതങ്ങളെ....

സാധകന്റെ സഞ്ചാരം എന്ന അജ്ഞാത കർത്താവിന്റെ പുസ്തകം മലയാളികൾക്ക് പരിചയപ്പെടുത്തിയത് 1969 ൽ ശ്രീരാമകൃഷ്ണാശ്രമത്തിലെ ശ്രീ സിദ്ധനാഥാനന്ദ സ്വാമിയാണ്. ഇതിന്റെ പതിനായിരത്തിലധികം കോപ്പികൾ തൃശൂർ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ തുടർച്ചയായി സാധകൻ സഞ്ചാരം തുടരുന്നു എന്ന പുസ്തകവും 1971 ൽ പ്രസിദ്ധപ്പെടുത്തി.

രണ്ട് പുസ്തകങ്ങളും കൂട്ടി

ച്ചേർത്ത് പരിഷ്ക്കരിച്ച പതിപ്പായി ഡോ. ചെറിയാൻ ഈപ്പന്റെ നേതൃത്വത്തിൽ റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ 2008 പ്രസിദ്ധീകരിക്കുകയുണ്ടായി. സൗജന്യമായിട്ടായിരുന്നു ഇതിന്റെ വിതരണം.

സാധകൻ കയ്യിൽ എപ്പോഴും കരുതിയിരുന്ന ഫിലോക്കാലിയ എന്ന പുസ്തകം സാധകന്റെ സഞ്ചാരത്തിന്റെ സഹൃദയർക്ക് എന്നും അന്വേഷണ വസ്തുവായിരുന്നു. അതിനു പരിഹാരം എന്നോണം ഫിലോക്കാലിയയുടെ ഏതാനും ചില ഭാഗങ്ങൾ അദ്ധ്യാത്മ പ്രേമം എന്ന പേരിൽ വാഗമൺ കുരിശുമല ആശ്രമത്തിൽ നിന്നും ഫ്രാൻസിസ് ആചാര്യ 1983 ൽ പ്രസിദ്ധീകരിച്ചു. ഫിലോക്കാലിയായിൽ നിന്നു തെരഞ്ഞെടുത്ത ഭാഗങ്ങൾ Writing from Philokalia എന്ന പേരിൽ ഇംഗ്ലീഷിസ് പ്രസിദ്ധീകരിച്ചിരുന്നു. അത് സിദ്ധിനിഥാനന്ദ സ്വാമി മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാണ്. അദ്ധ്യാത്മ പ്രേമം ഗ്രീക്കു ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള ഫിലോക്കാലിയയ്ക്ക് വ്യാപകപ്രചാരം ലഭിച്ചത് അതിന്റെ റഷ്യൻ വിവർത്തനത്തിലൂടെയാണ്.

ഫിലോക്കാലിയയുടെ സമഗ്ര മലയാള പരിഭാഷയ്ക്ക് ഡോ. ചെറിയാൻ ഈപ്പന്റെ നേതൃത്വത്തിൽ റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷനാണ് നേതൃത്വം കൊടുത്തത്. അഞ്ചുവാല്യങ്ങളിലായി ഇംഗ്ലീഷിലും മലയാളത്തിലുമുള്ള തർജ്ജമ പ്രസിദ്ധം ചെയ്ത് ഇന്ത്യയിലെ ആശ്രമങ്ങൾക്കും മറ്റും സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതര ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുക എന്ന ബഹുവത്സര പദ്ധതിക്കാണ് ആർ. ഐ. സി. ഫൗണ്ടേഷൻ വ്യാപൃതമായിരിക്കുന്നത്. അഞ്ചാം വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ ഇംഗ്ലീഷിലേക്ക് ഇദം പ്രഥമമായാണ് തർജ്ജമ ചെയ്തിരിക്കുന്നത് എന്നത് പ്രത്യേകതയാണ്. മലയാള തർജ്ജമ മാത്രം ഉൾപ്പെടുത്തി അഞ്ച് വാല്യങ്ങളായുള്ള ഫിലോക്കോലിയയുടെ ജനകീയ എഡിഷനാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മലയാളത്തിലെ ആദ്ധ്യാത്മിക സാഹിത്യത്തിന് അതിവിശിഷ്ഠ സംഭാവനയാണ് ഫിലോക്കാലിയയുടെ പ്രസിദ്ധീകരണത്തിലൂടെ നൽകിയിരിക്കുന്നത്. പ്രസാധകനായ ഡോ. ചെറിയാൻ ഈപ്പൻ ഗ്രന്ഥപരമ്പരയുടെ ആമുഖത്തിൽ ഇങ്ങനെ നിരീക്ഷിക്കുന്നു.

ഫിലോക്കാലിയ ഒരു യാത്രാ പരിപാടിയാണ്. സമയത്തിന്റെ ഒരു ദുർഘ മാർഗ്ഗം! ഉള്ളിൽ പ്രവേശിച്ചാൽ വെളിയിൽ വരാൻ പാടില്ലാതെ ചുറ്റിക്കുന്ന കുഴഞ്ഞ അവസ്ഥ. ജീവിതത്തിന്റെ, ആധുനിക ജീവിതത്തിന്റെ അർത്ഥശൂന്യതയിലൂടെയും മണലാരണ്യത്തിലൂടെയും ജ്ഞാനത്തിന്റെയും നിശബ്ദമായ വഴിത്താര. ചൈതന്യ പൂർണ്ണവും മങ്ങാത്തതുമായ ഒരു സാന്നിദ്ധ്യം. അത് ഒരു സജീവ ശക്തിയാണ് – ഒരു ആദ്ധ്യാത്മികപാത വെളിപ്പെടുത്തി, അതു പിൻതുടരുന്നതിന് മനുഷ്യനെ ഉത്തേജിപ്പിക്കുന്ന ശക്തി വിശേഷം. തന്റെ വിദ്യാവിഹീതന തരണം ചെയ്യാൻ മനുഷ്യനെ ആഹ്വാനം ചെയ്യുന്ന ഒരു കല്പന. ഉള്ളിലെ ജ്ഞാനം അനാച്ഛാദനം ചെയ്യാനുള്ള ഒരു ആഹ്വാനം.

അപ്പോൾ ഫിലോക്കാലിയയിലെ പാഠങ്ങൾ ധ്യാനാത്മക ജീവിതത്തിനുള്ള മാർഗ്ഗ നിർദ്ദേശ രേഖകൾ കൂടിയാണ്. ബൈബിളിനോടൊപ്പം ചേർത്തു വെയ്ക്കാവുന്ന ഒരു പുസ്തകം ഇവിടെയുള്ള സന്യാസിമാരിൽ നിന്നാണ് ഫിലോക്കാലിയയുടെ ആദിരൂപങ്ങൾ ഉരുത്തിരിയുന്നത്. ആഴമായ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള മനനങ്ങളും സിദ്ധാന്തങ്ങളും യാർത്ഥമായ അനുഭവങ്ങളിലേക്ക് മൊഴിമാറ്റം നടത്തുക എന്നതാണ് ഈ സന്യാസിമാരുടെ ദൗത്യങ്ങളിലൊന്ന്.

വിശുദ്ധ പർവ്വതം എന്നു വിളിക്കപ്പെടുന്ന ആഥോസ് മലയിലെ സന്യാസിയായിരുന്ന വിശുദ്ധ നിക്കോദീമോസും കൊരിന്തിലെ ആർച്ച് ബിഷപ്പായിരുന്ന ആഥോസിലെ സന്യാസാശ്രമങ്ങളിൽ നിന്ന് പൊടി തട്ടിയെടുത്ത് സമാഹരിച്ച ഫിലോക്കാലിയ 1782 ൽ വെനീസിൽ ആദ്യമായി പ്രസിദ്ധീകരിച്ചു. ഈ പുസ്തകം വളരെ വേഗം റഷ്യക്കാരുടെ സ്ലാവോണിക്ക് ഭാഷയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. ആ തർജ്ജമ റഷ്യൻ സംസ്ക്കാരത്തെ ആഴമായി സ്വാധീനിച്ചു.വിശ്വപ്രസിദ്ധനായ ദസ്തയവ്സ്കിയുടെ കൃതികൾ മാത്രം നോക്കിയാൽ ഈ സ്വാധീനം റഷ്യൻ സാഹിത്യത്തിലും ദർശനത്തിലും എത്ര ആഴത്തിൽ പതിഞ്ഞു എന്നു കാണാവുന്നതാണ. 19–ാം നൂറ്റാണ്ടിൽ ഏകാന്തവാസിയായ ബിഷപ്പ് തെയോഫാൻ ഫിലോക്കാലിയയുടെ സമ്പൂർണ്ണ റഷ്യൻ മൂലത്തിൽ വിട്ടുകളഞ്ഞ ചില രചനകൾ കൂടി അദ്ദേഹം റഷ്യൻ തർജ്ജമയിൽ ഉൾപ്പെടുത്തി.


## ഉദ്ഘാടനം ചെയ്തു

**വ്യക്തിത്വ വികാസത്തിനും ആത്മ നവീകരണത്തിനും സഹായകമായ മാർഗ്ഗ നിർദ്ദേശങ്ങൾ ദൈവശാസ്ത്ര മനശാസ്ത്ര സമീപനങ്ങളിലൂടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ഫാ. ഡോ. എ. പി. ജോർജ്ജിന്റെ നേതൃത്വത്തിലുള്ള വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു കുട്ടികൾക്കും മുതിർന്നവർക്കും ഇംഗ്ലീഷിലും മലയാളത്തിലും പ്രത്യേക വിഭാഗങ്ങളുണ്ട് സന്ദർശിക്കുക**

**wwwfaitherg.com**


### സാധകന്റെ സഞ്ചാരം

സാധാരണ ജനങ്ങളെ ഏറ്റവുമധികം ആകർഷിച്ച ഒരു കൃതിയാണ് ഒരു സാധകന്റെ സഞ്ചാരം എന്ന പേരിൽ അജ്ഞാതനായ ഒരാൾ റഷ്യൻ ഭാഷയിൽ 19–ാം നൂറ്റാണ്ടിൽ രചിച്ച പുസ്തകം. ഫിലോക്കാലിയ എന്ന മഹത് ഗ്രന്ഥം നെഞ്ചോടു ചേർത്ത് റഷ്യയിലെ വിശുദ്ധ സ്ഥലങ്ങൾ തോറും തീർത്ഥാടനം നടത്തുന്ന ഒരു തീർത്ഥാടകന്റെ ആദ്ധ്യാത്മിക അനുഭവങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. സിദ്ധിനാഥാനന്ദ സ്വാമിയാണ് ഇത് മലയാളത്തിൽ ആദ്യം മൊഴിമാറ്റം നടത്തുന്നത്. ശ്രീരാമകൃഷ്ണാശ്രമം അതു പ്രസിദ്ധീകരിക്കുകയും ചെയ്തു. ഫിലോക്കാലിയയിലെ അനേകം ആത്മീക രത്നങ്ങളിലൊന്നായ യേശു ജപം നിരന്തരമായി ഉരുവിട്ടുകൊണ്ടാണ് തീർത്ഥാടകൻ സഞ്ചരിക്കുന്നത്. മടുത്തു പോകാതെ പ്രാർത്ഥിപ്പീൻ എന്നു യേശുവും അതിനെ അടിസ്ഥാനമാക്കി നിരന്തരം പ്രാർത്ഥിപ്പീൻ എന്നു പൗലോസ് അപ്പോസ്തോലനും നൽകുന്ന ഉപദേശമാണ് യേശു മന്ത്രത്തിന്റെ അടിസ്ഥാനം. യേശുവേ ദൈവ പുത്രാ പാപിയായ എന്നോടു കരുണ തോന്നണമേ എന്നാണ് ആ പ്രാർത്ഥന. ഇത് ചുണ്ടുകൾകൊണ്ട് ഉരുവിട്ട് ഉരുവിട്ട് പിന്നെ ചുണ്ടുകളുടെ ചലനം കൂടാതെ ആന്തരിക മനുഷ്യന്റെ ആത്മീക അധരങ്ങൾ കൊണ്ട് ഉരുവിട്ട് സാധകൻ ഈ പ്രാർത്ഥനയെ സ്വാംശീകരിക്കുന്നു. ഇത് അങ്ങനെ ഹൃദയസ്പന്ദനത്തിനൊപ്പം, ശ്വാസകോശങ്ങളുടെ വികാസ സങ്കോചങ്ങൾക്കൊപ്പം മനുഷ്യന്റെ പ്രാണന്റെ ഭാഗമായിത്തീരുന്നു. അങ്ങനെ ബോധപൂർവ്വം ചൊല്ലിത്തുടങ്ങിയ പ്രാർത്ഥന ഉപബോധത്തിലേക്കും മനുഷ്യമനസ്സിന്റെ അബോധമണ്ഡലങ്ങളിലേക്കും അദൃശ്യമായി പടർന്ന് ജീവിതത്തെ മുഴുവൻ നാമസങ്കീർത്തനമാക്കുന്ന മന്ത്രമായിത്തീരുന്നു. ഹൃദയത്തിന്റെ ഈ പ്രാർത്ഥന നാലാം നൂറ്റാണ്ടിൽ സീനായ് മരുഭൂമിയിലുള്ള വിശുദ്ധ കാതറിൻ ആശ്രമത്തിൽ തുടങ്ങി എന്നാണ് പാരമ്പര്യം. നൂറ്റാണ്ടുകൾക്ക് ശേഷം ആഥോസ്മലയിൽഡ സന്യാസിമാർ ഇത് ഏറ്റെടുത്തു. Hesychia അഥവാ ആഴമായ ഉൾശാന്തി നേടുവാനായി ആഥോസിലെ സന്യാസിമാർ പ്രത്യേക ധ്യാനരീതികൾ വികസിപ്പിച്ചു. അവരുടെ ആദ്ധ്യാത്മിക സാധനയിൽ പ്രമുഖമായ സ്ഥാനം യേശു ജപത്തിനുണ്ടായിരുന്നു.

*Contd 22*

# കണ്ണൂരിലെ കൈത്തറിവ്യവസായവും മിഷനറിമാരും

ഡോ. കെ. കെ. എൻ. കുറുപ്പ്

**ഈ മിഷ്യനറിയുടെ മൂന്നു സന്താനങ്ങളേയും മൂന്നു വയസ്സു പൂർത്തിയാവുന്നതിനു മുമ്പ് പതിവു പോലെ ജർമ്മനിയിലേക്ക് അയക്കേണ്ടി വന്നിരുന്നു. അവർ അവിടെ പരിചയമില്ലാത്ത കുടുംബങ്ങളിൽ വളർന്നുവന്നു. പന്ത്രണ്ട് വർഷത്തിനു ശേഷം 1890 ൽ മാത്രമായിരുന്നു ഈ ദമ്പതികൾക്ക് തങ്ങളുടെ കുട്ടികളെ കാണാൻ കഴിഞ്ഞത്. വലിയൊരു ത്യാഗത്തിന്റെ കഥ ഇത്തരം നെയ്ത്തു വികസനത്തിന്റെ പിന്നിൽ കാണാവുന്നതാണ്.**

**കൈ**ത്തറി വസ്ത്രങ്ങളുടെ കാര്യത്തിൽ മലബാർ നൂറ്റാണ്ടുകളായി വളരെ പ്രശസ്തി ആർജ്ജിച്ച പ്രദേശമായിരുന്നു. എന്നാൽ കണ്ണൂർ കൈത്തറി കേന്ദ്രമെന്ന നിലയിൽ വളർന്നു വന്നത് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിലാണ്. രൂപകൽപന ചെയ്യുന്നതിലും ചായം മുക്കുന്നതിലും നെയ്യുന്നതിലും എല്ലാം കണ്ണൂരിന് അതിന്റേതായ ഒരു പ്രത്യേകതയുണ്ടായി. ചായം മുക്കലിന് ഇവിടുത്തെ വെള്ളം ഏറ്റവും നന്നായി യോജിച്ചു. നെയ്ത്തുകാരുടെ ഒരു കൂട്ടം ഇവിടെ വളർന്നു വന്നു. ജാതി വ്യവസ്ഥയുടെ കാലഘട്ടത്തില്

ചാലിയ സമുദായമാണ് നെയ്ത്ത് സ്വീകരിച്ചിരുന്നതെങ്കിലും ഇന്നു വിവിധ സമുദായക്കാർ ജീവിത വൃത്തിക്കായി ഈ തൊഴിൽ സ്വീകരിച്ചു വരുന്നു. ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും കേരളത്തിലേക്ക് ചാലിയ (ശാലിയ) സമുദായം ഉപനിവേശം നടത്തി വന്നു. തെരുവുകളിലായിരുന്നു അവരുടെ ജീവിതം. ഗണപതി, സോമേശ്വരി, ഭഗവതി തുടങ്ങിയ ദേവതകളെ അവർ ആരാധിച്ചു.

ബാസൽ മിഷനറിമാർ മലബാറിൽ പ്രവർത്തിച്ചു വരുന്നതിനു മുമ്പ് കുഴിമഗ്ഗമായിരുന്നു നെയ്യുവാൻ ഉപയോഗിച്ചു വന്നത്. തോർത്തു മുണ്ടുകൾ, കൗപീനം തുടങ്ങിയവ കുഴിമഗ്ഗങ്ങൾ പ്രവർത്തിപ്പിച്ചായിരുന്നു നിർമ്മിച്ചത്. കുഴിക്കു മുകളിലിരുന്ന് കുഴിയിൽ കാലുകൾ ചലിപ്പിച്ച് ഓടം കൈകൊണ്ട് എടുത്തു മാറ്റിയുള്ള നെയ്ത്തുരീതി. ഒരു തൊഴിലാളിക്കു ലഭിക്കുന്ന കൂലി വളരെ തുച്ഛമായിരുന്നു. എന്നാൽ ബാസൽ മിഷ്യൻ 1834 ൽ തലശ്ശേരിയിൽ നെട്ടൂരിൽ പ്രവർത്തിച്ചു വന്നപ്പോൾ കണ്ണൂരിലും അവർ ഒരുസ്റ്റേഷൻ സ്ഥാപിച്ചു. ഓരോ സ്റ്റേഷനിലും മതപ്രചരണം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ അവർ പ്രവർത്തിച്ചു. മതം മാറിയവർക്ക് മറ്റു സമൂഹങ്ങൾ ജോലി നിഷേധിക്കുകയും പതിവായിരുന്നു. തുടർന്ന് 1869 ൽ ബാസൽ മിഷ്യൻ ഇൻഡസ്ട്രിയിൽ കമ്മീഷൻ രൂപീകരിച്ച് ഇവർക്കു ജോലി നൽകുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാസൽ മിഷ്യൻ ഓടുകളും നെയ്ത്തു കമ്പനികളും ഇത്തരത്തിൽ ആരംഭിച്ചവയാണ്.

മലബാറിൽ അന്ന് വൈദ്യുതി ലഭ്യമല്ലായിരുന്നു. അതിനാൽ പവ്വർ ലൂമുകൾ ഏർപ്പെടുത്താൻ നിർവ്വാഹമില്ലായിരുന്നു. അതിനാൽ നാലു കാലുകളിൽ മഗ്ഗ മുറപ്പിച്ച് മരപ്പലകയിലിരുന്ന് കൈകൊണ്ട് ഓടം ഓടിപ്പിച്ച് നെയ്യുന്ന ആധുനിക കൈത്തറി നെയ്ത്ത് സമ്പ്രദായം മിഷ്യനറിമാർ ഏർപ്പെടുത്തി. ഇത് അന്നു നടപ്പിലാക്കാവുന്ന ഏറ്റവും ആധുനികമായ നെയ്ത്തു രീതിയായിരുന്നു. കണ്ണൂരിൽ ഇത്തരത്തിൽ പുതിയ നെയ്ത്തു കമ്പനികൾ അഥവാ ഫാക്ടറികൾ മിഷനറിമാർ ആരംഭിച്ചു. പുതിയ നെയ്ത്തു രീതി തൊഴിലാളികൾക്ക് ആദായകരമായിരുന്നു. വീതിയുള്ള മുണ്ടുകൾ, കാക്കി എന്നു പേരുള്ള പ്രത്യേക തുണി തുടങ്ങിയവ നെയ്യുവാൻ കഴിഞ്ഞു. ബ്രിട്ടീഷ് ഡിഫൻസ് സമ്പ്രദായത്തിനാവശ്യമായ കാക്കി മുഴുവൻ ഇത്തരത്തിൽ നെയ്തു കൊടുക്കാൻ സാധിച്ചു.

ജർമ്മൻ ശാസ്ത്ര സാങ്കേതിക വിദ്യയാണ് ഈ മാറ്റത്തിന് പിന്നിൽ പ്രവർത്തിച്ചത്. അവിടെ നിന്നും മിഷ്യനറിമാർ കൂടിയായ വീവിങ് മാസ്റ്റർമാരെ കണ്ണൂരിൽ കൊണ്ടു വന്നു. അവർ പുതിയ സാങ്കേതിക വിദ്യ കൈമാറി. മിഷ്യനറിമാരുടെ ഫാക്ടറികളെ തുടർന്ന് നാട്ടുകാരായ മുതലാളിമാരും കമ്പനികൾ തുറന്നു പ്രവർത്തിപ്പിച്ചു.

ബാസൽ മിഷ്യന്റെ ഒരു പരസ്യത്തെ തുടർന്ന് വിൽഹെം പീറ്റർ ഷോയിൻസൽ 1871 ൽ വീവിങ് മാസ്റ്റർ ജോലിക്ക് അപേക്ഷിച്ചു. അദ്ദേഹം 1874 ൽ കണ്ണൂരിലെത്തി. മിഷ്യന്റെ ആവശ്യം, കേരളം കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽ നെയ്ത്ത് ഫാക്ടറികൾ ആരംഭിക്കുക എന്നതായിരുന്നു. ജോലിക്കാർക്ക് മത പരിവർത്തനവും നൽകിവന്നു.

കണ്ണൂരിൽ ഷോയിൻതൽ ഒറ്റ നിലയിലുള്ള വിശാലമായ നെയ്ത്തു ഫാക്ടറികൾ സ്ഥാപിച്ചു വന്നു.

ആവശ്യമായവർക്ക് തൊഴിൽ നൽകുകയും ചെയ്തു. ഇതോടെ കണ്ണൂരിലും മറ്റും നെയ്ത്തിന്റെ ഗുണമേന്മ വർദ്ധിച്ചു വന്നു. ചൊവ്വയിലും ചോമ്പാലിലും ചില ഫാക്ടറി കേന്ദ്രങ്ങൾ ആരംഭിച്ചു. അന്നു മിഷ്യനറിമാർ അനുഭവിച്ച കഷ്ടപ്പാടുകൾ പല വിധത്തിലുമായിരുന്നു. ഷോയിൻതൽ ഒരു ഭാര്യയെ കണ്ടുപിടിക്കാൻ ബാസൽ കേന്ദ്രത്തിലേക്കെഴുതി. അവർ ഭാര്യയുടെ പടം അയച്ചു കൊടുത്തു. തിരഞ്ഞെടുക്കുവാൻ രണ്ടു മൂന്നെണ്ണം കൂടെ വച്ചു. അഡൽ ഫെയ്ഡ് ഫൌൾ അപ്രകാരം തിരഞ്ഞെടുക്കപ്പെട്ടു. അവർ കണ്ണൂരിലെത്തി ഭാര്യയുമായി ജീവിച്ചു. രണ്ടുപേരും 1878 ൽ കാളവണ്ടിയിൽ പല ഫാക്ടറികളും സന്ദർശിച്ചു. ഫാക്ടറിയിൽ 7.40 ന് രാവിലെ ബെല്ലടിക്കപ്പെട്ടു.തൊഴിലാളികൾ നൂൽപ്പിനും നല്ലി ചുറ്റുവാനും അപ്പോൾ ഫാക്ടറിയിലെത്തും. ചെറിയ കുട്ടികളെ കീറത്തുണിയിൽ ഏതെങ്കിലും ഭാഗത്ത് നിലത്തു കിടത്തി വന്നു. ഇവിടുത്തെ ഫാക്ടറിയുടെ പടങ്ങൾ ബാസലിലേക്ക് അയച്ചു വന്നു. ആവശ്യമായ സ്ഥലങ്ങൾ വിലയ്ക്കെടുത്ത് ഫാക്ടറികൾ വിപുലപ്പെടുത്തി.

ഈ മിഷ്യനറിയുടെ മൂന്നു സന്താനങ്ങളേയും മൂന്നു വയസ്സു പൂർത്തിയാവുന്നതിനു മുമ്പ് പതിവു പോലെ ജർമ്മനിയിലേക്ക് അയക്കേണ്ടി വന്നിരുന്നു. അവർ അവിടെ പരിചയമില്ലാത്ത കുടുംബങ്ങളിൽ വളർന്നുവന്നു. പന്ത്രണ്ട് വർഷത്തിനു ശേഷം 1890 ൽ മാത്രമായിരുന്നു ഈ ദമ്പതികൾക്ക് തങ്ങളുടെ കുട്ടികളെ കാണാൻ കഴിഞ്ഞത്. വലിയൊരു ത്യാഗത്തിന്റെ കഥ ഇത്തരം നെയ്ത്തു വികസനത്തിന്റെ പിന്നിൽ കാണാവുന്നതാണ്. രണ്ടാമത്തെ കാഴ്ച 1902 ലും ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ എല്ലാം നഷ്ടപ്പെട്ട അഭയാർത്ഥികളായ ജർമ്മനിയിലേക്ക് അവർ തിരിച്ചു പോയി. ഷോയിൻതൽ പിന്നീട് ഹൃദ്രോഗം പിടിപെട്ട് മരണമടഞ്ഞു.

കണ്ണൂരിലെ നെയ്ത്തു വികസനം തീയ്യ സമുദായത്തിൽപ്പെട്ടവർക്ക് നല്ല വണ്ണം ഉപയോഗപ്രദമാക്കാൻ കഴിഞ്ഞു. സാമുവൽ സന്തോഷ് എന്ന മതം മാറിയ ഒരു ക്രിസ്ത്യാനി 1890 ൽ സ്വന്തമായ ഒരു ഫാക്ടറി തുടങ്ങി. അയാൾ മുമ്പ്

ഒരു സൈനികനായിരുന്നു. മതം മാറിയ മറ്റൊരു വ്യക്തി ആറോൻ സ്വന്തമായി ഒരു നെയ്ത്തു കമ്പനി തുടങ്ങിയിരുന്നു. ആറോൻ സാമുവലിന്റെ മകൾ എമ്മയെ വിവാഹം ചെയ്തു. രണ്ടു കമ്പനികളും ഒന്നായി പ്രവർത്തിപ്പിച്ചു. ഇവർക്കു ജനിച്ച സാമുവൽ ആറോൻ എന്ന വ്യക്തി വടക്കേ മലബാറിലെ നെയ്ത്തു വ്യവസായത്തിന്റെ തല തൊട്ടപ്പനായി മാറി. അദ്ദേഹം 1936 ൽ പാപ്പിനിശ്ശേരിയിൽ ആറോൻ സ്പിന്നിങ്ങ് ആന്റ് വീവിങ് മിൽ സ്ഥാപിച്ചു. ഈ കമ്പനി വൈദ്യുതി ഉപയോഗിച്ചുള്ള പവർലൂം ആയിരുന്നു. ആയതിനാൽ പരമ്പരാഗത കൈത്തറി മഗ്ഗങ്ങൾ മുഴുവൻ വിറ്റഴിച്ചു. ഈ മഗ്ഗങ്ങൾവിലയ്ക്കു വാങ്ങി അനേകം കുടുംബങ്ങൾ ജീവിതം മുന്നോട്ടു കൊണ്ടുപോയി. സാമുവേൽ ആറോൻ പിൽക്കാലത്ത് വടക്കേമലബാറിലെ കോൺഗ്രസ് നേതാവായും വൈസ്രോയിയുടെ കൗൺസിൽ അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. പരിയാരം ആശുപത്രി സമുച്ചയം അദ്ദേഹം ദാനം നൽകിയ ഭൂമിയിലാണ്.

ഇന്ന് കണ്ണൂർ പ്രദേശത്ത് കൈത്തറി വസ്ത്രങ്ങൾ വിദേശത്തു കയറ്റുമതി ചെയ്യുന്ന അനേകം സ്ഥാപനങ്ങൾ കാണാം. ലീലാ ലെയ്സ് അടിസ്ഥാനപരമായി കണ്ണൂർ നിവാസികളാണ്. വാസുലാൽ, ധനലക്ഷ്മി, ഹിന്ദുസ്ഥാൻ തുടങ്ങിയ കമ്പനികൾ പ്രധാനമായും കണ്ണൂർ തുണിത്തരങ്ങൾ യൂറോപ്യൻ മാർക്കറ്റിലേക്കയച്ചു വരുന്നു.

കൈത്തറി രംഗത്ത് പുതിയ മാതൃകകൾ പരിചയപ്പെടുത്തിയും അനേകായിരം കുടുംബങ്ങൾക്ക് ഉപജീവനം നൽകിയും കണ്ണൂർ ഒരു ലൂം പട്ടണമായി പ്രശസ്തിയാർജ്ജിച്ചിരിക്കുന്നു. ഇത്തരത്തിൽ കൈത്തറി വസ്ത്രമാതൃകകൾ സംബന്ധിച്ചുള്ള ഒരു മ്യൂസിയം അറക്കൽ മ്യൂസിയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുവാനുള്ള ചില പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകാണ്. അതുപോലെ വടക്കേ മലബാറിന്റെ ആദ്യ വ്യവസായിയായ സാമുവൽ ഏറോന്റെ സ്മരണ നിലനിർത്തുവാനാവശ്യമായ ചില സംരംഭങ്ങൾ വേണമെന്നും ഉദ്ദേശിച്ചു വരുന്നു. കൂടാതെ കണ്ണൂരിൽ തന്നെ സ ഇ കെ. നായരാരുടെ (മുൻ മുഖ്യമന്ത്രി)പേരിൽ പ്രശസ്തമായ ഒരു മ്യൂസിയം സി. പി. ഐ. (എം.) കെട്ടിപ്പടുക്കുവാൻ പരിശ്രമിച്ചു വരികയുമാണ്.

നെയ്ത്ത് വ്യവസായം വളർത്തിയെടുക്കുവാൻ മിഷ്യനറിമാർ ചെയ്ത സേവനം കണ്ണൂരിന്റെ ഏറ്റവും വലിയ പൈതൃകമായി കാണേണ്ടത് ഒരാവശ്യമാണ്. തദ്ദേശീയമായ വ്യവസായവും അതിന്റെ സംഭാവനയും ഒരു പൈതൃകത്തിന്റെ ഭാഗമാണെന്നു വിലയിരുത്താം. കണ്ണൂരിലെ കൈത്തറി പൈതൃകം അതാണ് വ്യക്തമാക്കുന്നത്.

(അവലംബം : സമയം മാസിക)

# കരിമ്പു വള്ളത്തിൽ...

പുളിക്കീഴ് ഫാക്ടറിയുടെ കുളത്തിൽ എത്തി. ഭീമാകാരനായ ഒരു ക്രയിൻ ഞങ്ങളുടെ വള്ളത്തിലെ കരിമ്പ് നിഷ്പ്രയാസം എടുത്ത് തൂക്കി. ആകെ 16 ടൺ (രണ്ടു വള്ളങ്ങൾ ചേർത്ത്). വല്യ തോടുകൾ പോലെയുള്ള കൺവെയറുകളിൽ കൂടി, കരിമ്പിൻ കെട്ടുകൾ, മില്ലുകളിൽ പ്രവേശിപ്പിച്ച് കരിമ്പിൻ നീരായി ഭീകാരമായ Boiler കളിലെ ആവി ഉപയോഗിച്ച് തിളപ്പിച്ച്, ശുദ്ധിചെയ്ത്, തണുപ്പിച്ച് നല്ല വെള്ള പഞ്ചസാര ചാക്കുകളിൽ നിറച്ച് വീണ്ടും കെട്ടു വള്ളത്തിൽ കയറ്റുന്ന കാഴ്ച ഇന്നും എന്റെ സ്മൃതി പഥത്തിൽ മായാതെ നിൽക്കുന്നു.

ടണ്ണിന് 28 രൂപാ പ്രകാരം, ഏകദേശം 400 ൽപരം രൂപാ ഉടനെ തന്നെ കിട്ടി. ഇതിൽ പഞ്ചസാരയുടെ തോത് അനുസരിച്ചുള്ള ഒരു ഇൻസെന്റീവും ഉണ്ടായിരുന്നു.രൂപാ ഭദ്രമായി മടിയിൽ വച്ചു കൊണ്ട് ഞാനും പിതാവും അടുത്തുള്ള ഒരു ഹോട്ടലിൽ നിന്നും മൃഷ്ടാന്നമായി ആഹാരം കഴിച്ചു. കാൽനടയായി ഏതാണ്ട് 20 കിലോമീറ്റർ വരുന്ന എന്റെ സ്വദേശത്തേക്കുള്ള യാത്രയിൽ -ദൈവത്തിനു സ്തുതി പാടിയും, ദൈവം തമ്പുരാൻ ചെയ്ത ഉപകാരങ്ങൾക്ക് മനസ്സിൽ നന്ദി പറഞ്ഞു കൊണ്ട് നടന്നപ്പോൾ 9 വയസ്സുള്ള ബാലനായ എനിക്ക് ഈ ദൂരം ദൂരമേ അല്ലായിരുന്നു.

ഏതാണ്ട് പാതിരാ കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ എന്റെ പ്രിയമാതാവ് മണ്ണെണ്ണ വിളക്കിന്റെ തിരി താഴ്ത്തി തലയിൽ ഒരു ഈരെഴയൻ തോർത്തും ഇട്ടു ഞങ്ങൾക്കു വേണ്ടി പ്രാർത്ഥനയോടെയിരിക്കുകയാണ്.

പോയ രാവിൽ
എന്നെ കാവൽ ചെയ്ത നായകനേ!

നന്ദിയായ്, എന്ന സാധുകൊച്ചുകുഞ്ഞു ഉപദേശിയുടെ ആശ്വാസ ഗീതത്തിലെ പാട്ടുപാടി പിതാവ് കണ്ണുനീരോടെ പ്രാർത്ഥിച്ചു- ക്ഷീണിതനായ താൻ ഉറങ്ങിപ്പോയി.


സി. എസ്. എസ്

CSS

സാഹിത്യവാരവും
പുസ്തകോത്സവവും

2009 നവംബർ 2-14

മികച്ച പുസ്തകങ്ങൾ
മിതമായ വിലയ്ക്ക്

50%
വരെ വിലക്കുറവ്

ബൈബിൾ, പാട്ടുപുസ്തകങ്ങൾ
ധ്യാനഗ്രന്ഥങ്ങൾ, കൗൺസിലിംഗ്
ക്രിസ്ത്യൻ പേരന്റിങ്ങ്
തുടങ്ങിയ പുസ്തകങ്ങളുടെ വിപുലമായ ശേഖരം
മലയാളത്തിലും ഇംഗ്ലീഷിലും

• വി.സി.ഡി • സി.ഡി.കൾ
• വാക്യബോർഡുകൾ • ചിത്രങ്ങൾ

സി. എസ്. എസ്
ബുക്ക്ഷോപ്പ്

കുരിശുകവല, തിരുവല്ല - 689 101
ഫോൺ: 0469-2630389, 2634936
e-mail: csspublications@dataone.in

Advt.


One day a goat with her small child went into forest for food.Unfortunately they forget their way back to home and struck in the forest at the night. A Big lion came and saw the goat and her child . The goat took her child nearer to her and thought that lion will definitely eat both of them. Lion came nearer to them and put his hands on the child and pampered her and told that “No fear My Dear. I don’t have any sisters so now onwards you are my sister and I am your brother”. And he gave chocolates , biscuits to the child and ask goat to come to his room with his husband for lunch and also ask her to celebrate raksha bandhan with him and gave her his visiting card And he promised the goat that “tell me if any one attack you or threaten you”. And he left the place.Finally the goat got surprised and told her child.... ”I think Elections are coming”

# സ്വദേശാഭിമാനിയുടെ അർദ്ധകായ പ്രതിമ പാളയം രക്തസാക്ഷി മണ്ഡപത്തിനു കൂട്ടായി

ഡോ. കെ. വി. വർഗീസ്

ഏതാനും ആഴ്ചകൾ മുമ്പാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ അർദ്ധകായ പ്രതിമ പാളയം രക്തസാക്ഷി മണ്ഡപത്തിനു സമീപം മാറ്റി സ്ഥാപിച്ചത്. വൈകി വന്ന ഒരു തിരുത്തൽ നടപടിയായിരുന്നു ഇത്. പുതിയ തലമുറ ധീരനായ ഈ ദേശസ്നേഹിയെ മറന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങളുടെ പരിരക്ഷയ്ക്കും തൂലിക പടവാളാക്കി മാറ്റിയ അദ്ദേഹത്തെ 1910ലാണ് അന്നദാതാവായ പൊന്നു തമ്പുരാൻ നാട്ടുരാജ്യമായ തിരുവിതാംകൂറിൽ നിന്നു നാടുകടത്തിയത്. ഒരു പ്രതിഷേധ സ്വരം പോലും അന്നുയർന്നില്ല. കാരണം രാജദ്രോഹമായിരുന്നു കുറ്റം. ബ്രിട്ടീഷ് മലബാറിലുള്ള കണ്ണൂർ നഗരത്തിൽ പാർപ്പുറപ്പിച്ച അദ്ദേഹം 1916 മാർച്ച് 28 ന് ദിവംഗതനാകുകയും ചെയ്തു.

### രാജദ്രോഹക്കുറ്റം!

രാമകൃഷ്ണപിള്ള നടത്തിയ രാജ/രാജ്യദ്രോഹമെന്തായിരുന്നു? പറഞ്ഞാൽ മൂക്കത്തു വിരൽവച്ചു പോകും. അന്നുതിരുവിതാംകൂർ ഭരിച്ചു കൊണ്ടിരുന്നത് ശ്രീമൂലം തിരുനാൾ മഹാരാജാവായിരുന്നു. ബ്രാഹ്മണനോടുള്ള ഭയഭക്തി അദ്ദേഹത്തിന് ഒരു ബലഹീനതയായിരുന്നു. ദിവാനായി ചാർജ്ജെടുത്ത പി. രാജഗോപാലാചാരി ഇതു പൂർണ്ണമായി മുതലെടുക്കുകയും ചെയ്തു.

1899 ൽ പത്രലോകത്തിൽ കാലുകുത്തിയ രാമകൃഷ്ണപിള്ള നിർഭയനായിരുന്നു. കേരള ദർപ്പണത്തിലായിരുന്നു തുടക്കം. ഒട്ടും ആദായകരമല്ലാത്ത ഈ തൊഴിൽ തെരഞ്ഞെടുത്തത് പത്ര പ്രവർത്തനത്തോടുള്ള താത്പര്യം മൂലമായിരുന്നു. ലോക്കിന്റെ സ്വാതന്ത്ര്യസങ്കല്പങ്ങളിൽ ആകൃഷ്ടനായ ഇദ്ദേഹം പൗരാവകാശങ്ങളെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നത് ഈശ്വരനിയോഗമായി കരുതി. കേരളൻ എന്ന തൂലികാ നാമത്തിൽ സമകാലിക പ്രശ്നങ്ങളെ അപഗ്രഥിച്ചു കൊണ്ടിരുന്ന അദ്ദേഹം അധികാരികളുടെ കണ്ണിൽ കരടായത് തികച്ചും സ്വാഭാവികമായിരുന്നു. തുടർന്ന മലയാളിയുടെ പത്രാധിപരായി 1903 ൽ പ്രവേശിച്ച അദ്ദേഗം 1904 നവംബറിൽ ജോലിയിൽ നിന്നു വിരമിയ്ക്കുവാൻ നിർബന്ധിതനായി. പത്രം നടത്തുന്നവരുടെ ഏറാൻമൂളിയാകുവാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ഈ നിർണ്ണായക വേളയിൽ വക്കം അബ്ദുൾ കാദർ മൗലവിയുടെ മേൽ നോട്ടത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന സ്വദേശാഭിമാനിയുടെ മുഖ്യ പത്രാധിപരാകുവാനുള്ള ക്ഷണം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. തന്റെ അഭിപ്രായ സ്വാതന്ത്ര്യത്തിൽ പത്രം ഉടമ കൈകടത്തുകയില്ല എന്ന ഉറപ്പിന്മേലാണ് അദ്ദേഹം ജോലി ഏറ്റെടുത്തത്.

### കൊട്ടാരത്തിൽ അഴിമതിയും ചാല ലഹളയും

പണ്ടു മുതൽ അഴിമതിയ്ക്കു പ്രസിദ്ധി നേടിയ ഒരു ഉപജാപക സംഘം കൊട്ടാരത്തിൽ ഉണ്ടായിരുന്നു. ഇവരുടെ പ്രവർത്തനത്തെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ് അന്ന് ഉണ്ടായിരുന്നത്. രാമകൃഷ്ണപിള്ള ഇക്കാര്യം പരാമർശന വിധേയമാക്കിയത് പലരെയും ചൊടിപ്പിയ്ക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം ദിവാനായിരുന്ന പി. രാജഗോപാലാചാരിയുടെ നോട്ടപ്പുള്ളിയായി പരിണമിച്ചത്. കൊട്ടാരത്തിലുള്ളവരെ വിമർശിക്കാൻ ഒരു പീറ പത്രാധിപർ മുതിരുകയോ? അപ്പോഴാണ് തിരുവനന്തപുരം ചാല കമ്പോളത്തിൽ അസ്വസ്ഥത പൊട്ടിപ്പുറപ്പെട്ടത്. കച്ചവടക്കാരെ പോലീസ് ശല്യപ്പെടുത്തുന്നത് അന്നൊരു പതിവായിരുന്നു. ഏമാൻമാർ കടയിൽ കയറി തോന്നുന്ന വിലയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുമായിരുന്നുവത്രേ. മാത്രമല്ല നികുതിയുടെ കാര്യത്തിൽ ഉണ്ടായിരുന്ന സമീപനവും ദുസ്സഹമായിരുന്നു. വ്യാപാരികൾ സംഘം ചേർന്ന് ഒരു നിവേദനം തയ്യാറാക്കി രാജസന്നിധിയിൽ സമർപ്പിച്ചു. നടപടിക്കാർ പല തവണ കൊട്ടാരത്തിൽ എത്തി സങ്കടം ഉണർത്തിച്ചെങ്കിലും ഒരു മറുപടിയും ലഭ്യമായില്ല. അളമുട്ടിയ കച്ചവടക്കാർ കടകൾ അടച്ച് കൊട്ടാര വാതില്ക്കലേക്ക് ഒരു പ്രതിഷേധജാഥ നടത്തി. ഇത് രാജദ്രോഹമായി വ്യാഖ്യാനിക്കപ്പെടുമെന്ന് അവർ കരുതിയില്ല. ഒരു പ്രതിഷേധജാഥയെ ലഹളയായി ചിത്രീകരിച്ച നടപടി അങ്ങേയറ്റം അപലപനീയമാണെന്ന് ദേശാഭിമാനി തുറന്നടിച്ചു. ഇത് ഭരണകർത്താക്കളെ ക്ഷുഭിതരാക്കി.

പുതുതായി നിലവിൽ വന്ന ജനപ്രതിനിധി സഭയിൽ ദിവാന്റെ ഇഷ്ടപ്രകാരം ആളുകളെ നോമിനേറ്റ് ചെയ്തു കൊണ്ടിരുന്നത് മറ്റൊരു പ്രശ്നത്തിനു തുടക്കം കുറിച്ചു. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ രാമകൃഷ്ണപിള്ള എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും സ്ഥാനാർത്ഥി സ്ഥലത്ത് സ്ഥിരതാമസക്കാരനല്ലാത്തതു മൂലം ഇലക്ഷൻ അസാധുവാണെന്നായിരുന്നു ദിവാന്റെ വാദം. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ കാര്യത്തിൽ ഇതു തന്നെ സംഭവിക്കുകയുണ്ടായി. ഇതും രാമകൃഷ്ണപിള്ളയുടെ നിശിത വിമർശനത്തിനു പാത്രമായി.

ഈ രാജ്യദ്രോഹിയെ രാജ്യം എങ്ങനെ വച്ചു പുലർത്തും? 1910 സെപ്റ്റംബർ 26-ാം തീയതി സ്വദേശാഭിമാനി ഗവൺമെന്റ് കണ്ടു കെട്ടുകയും രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്നു നാടുകടത്തുകയും ചെയ്തു. പലർക്കും പ്രതിഷേധമുണ്ടായിരുന്നുവെങ്കിലും ആരും മിണ്ടിയില്ല.

### വ്യാഴവട്ട സ്മരണകളിലൂടെ

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സഹധർമ്മിണി ബി. കല്യാണിക്കുട്ടിയമ്മ എഴുതിയ വ്യാഴവട്ട സ്മരണകൾ ഈ ചരിത്രസംഭവത്തിന്റെ കരിനിഴലുകൾ വ്യക്തമാക്കുന്നു. ഭർത്താവിന്റെ ശിഷ്ടായുസ്സ് പങ്കുവയ്ക്കുവാൻ ബ്രിട്ടീഷ് മലബാറിലുള്ള കണ്ണൂരിൽ ചേക്കേറിയ അവർക്ക് അധികനാൾ അവിടെ കഴിയേണ്ടി വന്നില്ല. 1916 മാർച്ച് 28ന് അദ്ദേഹം ലോകത്തോടു യാത്ര പറഞ്ഞു.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം രാമകൃഷ്ണപിള്ളയുടെ ഭൗതികാവശിഷ്ടം കണ്ണൂർ കടൽപ്പുറത്തു നിന്ന് തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റ് വളപ്പിൽ റോഡിനരികെ ഒരു മണ്ഡപത്തിൽ സ്ഥാപിക്കണമെന്ന ആവശ്യം ശക്തമായി. പക്ഷേ അപ്പോഴും കൊട്ടാരത്തിലെ ഉപജാപക സംഘം ഒളിവിലും തെളിവിലും ഈ നിർദ്ദേശത്തിനു തുരങ്കം വച്ചു. പട്ടം താണുപിള്ള പോലും അവരുടെ കെണിയിൽ അകപ്പെട്ടുവെന്നാണ് പറയപ്പെടുന്നത്.

*Contd 20*

# Institute for Behavioral & Management Sciences

**JOHN'S GARDEN, PALAMANER ROAD,**
**CHITTOOR-517 002, A.P.**

Phone: (08572) 234 196, 231 459

web:www.ibmsglobal.org.

e-mail:directoribms@yahoo.com, director@ibmsglobal.org

Institute for Behavioral & Management Sciences is an Autonomous Christian Institution dedicated to promote mental health & develop human resources. It was established in 1989 and functions as a Service, Training & Research Organisation in the field of Psychological Counselling, Psychotherapy & Management Development Programmes.

## POST-GRADUATE DISTANCE EDUCATION PROGRAMMES

| | |
|---|---|
| 1. P.G.D.P.C. (Post Graduate Diploma in Psychological Counselling) | 1 Yr. |
| 2. P.G.D.I.C (Post Graduate Diploma in Industrial Counselling) | 1 Yr. |
| 3. M.S. (Master of Science in Counselling & Eligibility: Psychotherapy) Graduation | 2 Yrs. |
| 4. M.S. (Course for participants who have completed PGDPC) | 1 Yr. |
| 5. M.B.A. (Master of Business Administration) | 2 Yrs. |
| 6. D.P.C. (Diploma in Psychological Counselling) +2 | 1 Yr. |

### HIGHLIGHTS OF THESE COURSES

The most prestigious Psychotherapy programme at M.S.level, since 1989.

Recognised by the Indian Hospital Association and the Open International University for Complementary Medicines (Medicina Altrantiva) established under W.H.O Alma Ata Declaration 1962.

Highly suitable for Professionals like Doctors, Professors, Teachers, Engineers. Advocates & also for students and housewives.

The exam and contact programems will be conducted at Trivandrum and Trichur for more details and prospectus, contact. The programme Officer; No:0471 2440002; Mo:9895992129-56; Kakkanadu Lane, Pattom P.O.; Trivandrum.

# രോഗസൗഖ്യം: മരുന്നിനും സർജറിയ്ക്കും

റവ. ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പ

മരുന്നുകൾ സൗഖ്യദാന പ്രക്രിയയ്ക്കു സഹായകരമായ ഒരു ഘടകം മാത്രമാണെന്ന് ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അടുത്ത കാലത്തു പുറത്തുവന്ന Weinberg Study എന്ന പഠനറിപ്പോർട്ട് അനുസരിച്ച് അലോപ്പതി മാർഗ്ഗത്തിൽ സൗഖ്യം ലഭിച്ചതിൽ 20 ശതമാനത്തിനു മാത്രമാണ് മരുന്നുകൾ കൊണ്ടുള്ള ചികിത്സ ഫലിച്ചത്. 30 ശതമാനത്തിന് രോഗമുണ്ടെന്നു തെറ്റായി ധരിച്ചവരെ ശാന്തരാക്കുവാൻ മരുന്നിനു പകരം നൽകുന്ന നിരുപദ്രവകരമായ വസ്തുക്കൾ മൂലം ആശ്വാസം ലഭിച്ചു. 25 ശതമാനത്തിന് കുടൽ ശുദ്ധീകരണ പ്രക്രിയയിലൂടെ രോഗശമനം ലഭിച്ചു. ശേഷിച്ച 25 ശതമാനം രോഗികൾക്ക് X- Factor എന്ന് വിശേഷിപ്പിക്കപ്പെട്ട വിശ്വാസം, പ്രാർത്ഥന, ധ്യാനം, അനുഷ്ഠാനങ്ങൾ ഇവയിലൂടെ രോഗശമനം ലഭിച്ചു. ഈ റിപ്പോർട്ടിന്റെ ആധികാരികതയെ സംശയിക്കുന്നവർക്ക് ഉണ്ടെങ്കിലും ഒരു കാര്യം വ്യക്തമാണ്. മരുന്നു കൊണ്ടും സർജറി കൊണ്ടും മാത്രമാവില്ല സൗഖ്യം ലഭിക്കുക. അതീന്ദ്രിയ പ്രതിഭാസങ്ങളും പ്രസക്തമാകുന്നു.

പൊതുവേ നാം ഇന്ന് സ്വീകരിക്കുന്ന ചികിത്സാ രീതിയ്ക്ക് പല നല്ല വശങ്ങളുമുണ്ടെങ്കിലും താഴെപ്പറയുന്ന പരിമിതികളുമുണ്ട്.

1. മരുന്നുകൾ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ പാർശ്വഫലങ്ങളുണ്ടാക്കുന്നു.

2. ശരീരത്തിന് പ്രയോജനകരമായ ബാക്ടീരിയാകളെ കൂടി antibiotics നശിപ്പിക്കുന്നു.

3. ശരീരത്തിന്റെ രോഗപ്രതിരോധശേഷി മരുന്നുകൾ മൂലം നഷ്ടപ്പെടുന്നു.

4. രോഗികളെക്കാൾ മരുന്നു ഉൽപ്പാദിപ്പിക്കുന്നവർ, കച്ചവടക്കാർ, ഇൻഷ്വറൻസ് കമ്പനികൾ, ഭിഷഗ്വരന്മാർ ഇവർക്ക് ഗുണം കിട്ടുന്ന രീതിയിൽ ചൂഷണ സംസ്ക്കാരം വർദ്ധിക്കുന്നു.

പാശ്ചാത്യ വൈദ്യശാസ്ത്രത്തിന്റെ പിതാവ് ഗ്രീക്ക് സംസ്ക്കാരത്തിൽ ജീവിച്ച Hippocrates (C. 460-377 B.C) ആണെന്ന് കരുതപ്പെടുന്നു. എന്നാൽ അശോക ചക്രവർത്തി (C. 270-232 B.C. ) പ്രാചീന ഗ്രീസിലെ അഞ്ചു പട്ടണങ്ങളിലേക്ക് വൈദ്യസഹായ സംവിധാനങ്ങൾ അയച്ചു കൊടുത്തതായി രേഖകൾ ഉദ്ധരിച്ചു കൊണ്ട് ചരിത്രകാരന്മാർ എഴുതിയിട്ടുണ്ട്. (Ref. Ashoka's Rock Edicts II and XII) അതിനാൽ താരതമ്യേന പ്രസിദ്ധവും സമ്പുഷ്ടവുമായ പാരമ്പര്യചികിത്സാ രീതിയിൽ ഇന്ത്യയിലും ചൈനയിലും മറ്റും അക്കാലത്തുണ്ടായിരുന്നു എന്ന് അനുമാനിക്കാം. ഈ ചികിത്സാ പാരമ്പര്യങ്ങളെ അപ്പാടെ അവഗണിക്കുന്നത് ശരിയല്ല.

Healing was art, not science ഇതായിരുന്നു. പൗരസ്ത്യദേശങ്ങളിലെ ചികിത്സാ പാരമ്പര്യം. ഡോ. ദീപക് ചോപ്രാ പറയുന്നതു പോലെ "The human is consciousness first and matter second" ഡോക്ടർ ചികിത്സിക്കുന്നു, ദൈവം സുഖപ്പെടുത്തുന്നു എന്നതാണ് മഹർഷി പാരമ്പര്യവും ദൈവ വിശ്വാസികളുടെ അനുഭവവും. മതഗ്രന്ഥങ്ങളുടെ സാക്ഷ്യവും അതാണ്. പ്രകൃതിയ്ക്ക് അതിന്റെ തന്നെ സൗഖ്യപ്രദാന രീതികളുണ്ടെന്ന് മനുഷ്യൻ തിരിച്ചറിയണം. പ്രകൃതി വിരുദ്ധ ജീവിത ശൈലി തിരിച്ചടികൾക്കിടയാക്കും എന്നും ഗ്രഹിക്കണം.

ആരോഗ്യ പരിപാലനത്തിന് ഹോളിസ്റ്റിക് മെഡിസിൻ ഇന്ന് വ്യാപകമായി അംഗീകരിക്കപ്പെടുന്നു. ആരോഗ്യത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണം ജീവൻ എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ നിന്ന് വേർതിരിക്കാനാവില്ല. പ്രപഞ്ചത്തിലെ മറ്റ് ഘടകങ്ങളോടുള്ള മനുഷ്യന്റെ ബന്ധം പരിഗണിക്കാതെ ശരീരത്തെ മാത്രം ചികിത്സിക്കുന്നത് അപൂർണ്ണമാണ്. യഥാർത്ഥ സൗഖ്യം ശരീരാത്മ മനസ്സുകളുടെ സൗഖ്യമാണ് . ആത്മീക നിഷ്ഠകൾ ഈ രംഗത്ത് അവഗണിക്കാനാവില്ല. മാനസിക ഘടനയെ മെരുക്കിയെടുക്കാതെ ശരിയായ ആരോഗ്യപരിപാലനം സാദ്ധ്യമല്ല. ശരീരം മാത്രമല്ലല്ലോ മനുഷ്യൻ. മരുന്നും സർജറിയും മാത്രമല്ല, സമൂഹത്തിന്റെ സ്നേഹം, കരുതൽ, ഒരുമനപ്പെട്ടുള്ള പ്രാർത്ഥന, വിശ്വാസത്തോടെയുള്ള ദൈവ വിചാരം, സ്പർശനത്തിന്റെ പുണ്യം, അനുഷ്ഠാനകർമ്മങ്ങൾ, മനോധൈര്യം, പ്രത്യാശ, ഇച്ഛാശക്തി ഇവയൊക്കെ സൗഖ്യം പ്രാപിക്കുന്നതിനുള്ള അനുകൂല ഘടകങ്ങളാണ്.

യോഗ ദർശന വിദ്യകൾ, ഔഷധച്ചെടികൾ, മൊട്ടു സൂചി വിദ്യകൾ, ടിബറ്റിലും ചൈനയിലും ജപ്പാനിലും ആഫ്രിക്കയിലും മറ്റും വിജയകരമായി പരീക്ഷിക്കപ്പെടുന്ന High Genki, Jorei രോഗസൗഖ്യ വിദ്യകൾ, പ്രാണിക് ഹീലിംഗ്, യുനാനി, സിദ്ധ, അകു പംക്ചർ, അകു പ്രഷർ, ഇലക്ട്രോ മാഗ്നറ്റിക് രീതി, ആയുർവേദം, ഹോമിയോപ്പതി, പ്രകൃതി ചികിത്സ തുടങ്ങിയ രീതികൾ പാർശ്വഫലങ്ങൾ ഒഴിവാക്കാൻ അനേകർ സ്വീകരിക്കുന്നു. മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുവാനുള്ള അലക്സാണ്ടർ ടെക്നിക് ഇന്ന് അനേകർ പരീക്ഷിക്കുന്നു. കൈവിരലുകളുടെ സമ്മർദ്ദം ഉപയോഗിച്ച്



ശ്രദ്ധ കേന്ദ്രീകരിക്കുവാനും ചിന്താമണ്ഡലങ്ങളുടെ സ്വാഭാവിക ശാന്തത കൈവരിക്കാനും ഇതുവഴി പഠിപ്പിക്കുന്നു.മനുഷ്യ ശരീരത്തിലെ പിഎംഎഫിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ചികിത്സാക്രമങ്ങളാണ് ഇലക്ട്രോ മാഗ്നറ്റിക് തെറാപ്പി കൊണ്ട് നിർവ്വഹിക്കുന്നത്.

ഹഠയോഗം, രാജയോഗം, ക്രിയായോഗം, ലക്ഷയോഗം തുടങ്ങിയ താന്ത്രിക ധ്യാനവിധികളും ബുദ്ധമതത്തിലെ Zen Meditation ക്രൈസ്തവ സന്യാസ പാരമ്പര്യത്തിലെ Hesychasm (ശ്വാസം ക്രമീകരിച്ച് പ്രാർത്ഥന ആവർത്തിച്ച് ഉരുവിടുന്ന രീതി) ഇവയും ആത്മശുദ്ധിക്കും രോഗസൗഖ്യത്തിനും സഹായകരമാണ്.

മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മതനിഷ്ഠകൾ, ദൈവ കരുതലിൽ സ്വയം സമർപ്പിച്ചു കൊണ്ട് കുറ്റബോധത്താൽ നീറുന്ന മനസ്സ് ദൈവസ്നേഹത്തിന്റെയും വാഗ്ദാനത്തിന്റെയും നിറവിൽ ശാന്തമാക്കൽ, ധ്യാന രീതികൾ, മതഗ്രന്ഥങ്ങളിലെ ദിവ്യ വചനങ്ങൾ വിശ്വസിച്ചും ഉരുവിട്ടും ധ്യാനിച്ചും മന:ശാന്തി നേടുന്ന ഉപാസനകൾ എന്നിവയിലൂടെ ദൈവവിശ്വാസത്തിലും ധാർമ്മികതയിലും അധിഷ്ഠിതമായ ജീവിതം രോഗസൗഖ്യത്തിന് സഹായിക്കും.

യുദ്ധ വേദിയിൽ അർജ്ജുനന്റെ ആകുലത അകറ്റുവാൻ ശ്രീകൃഷ്ണൻ സാരോപദേശം നല്കുന്ന ഭഗവത്ഗീത 18-ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു നിന്റെ ഹൃദയത്തിൽ ഈശ്വരനെ പ്രതിഷ്ഠിക്കുക. ഈശ്വരനിൽ പൂർണ്ണമായും അഭയം പ്രാപിക്കുക.ഈശ്വരകൃപയാൽ പരമസമാധാനവും നിത്യമായ നിലനിൽപ്പും നിനക്കു ലഭിക്കും.... എന്നെ ധ്യാനിച്ചു

# മാനസാന്തരത്തിന്റെ നാളുകൾ മടങ്ങി വരുമോ?

**ഡോ. ജോസ് പാറക്കടവിൽ**

**മാ**ർത്തോമാ സഭയിലെ സീനിയർ വൈദികരിലൊരാളായ പി. ഡി. മാമ്മനച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ഈയിടെ ആഘോഷിക്കുകയുണ്ടായി. ചടങ്ങിൽ പങ്കെടുത്ത സമൂഹത്തിന്റെ വിവിധ തുറകളിൽ പെട്ട എല്ലാ പ്രശസ്ത വ്യക്തികളും അച്ചന്റെ പിതാമഹൻ പുഞ്ചമണ്ണിൽ മാമ്മൻ ഉപദേശിയെയും അനുസ്മരിച്ചു കൊണ്ടാണ് സംസാരിച്ചത്.

മാർ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മാമ്മാൻ ഉപദേശി ഇടവകകളിൽ നടത്തിയ ധ്യാനയോഗങ്ങളെ പ്പറ്റി പറയുകയുണ്ടായി. പല ദിവസങ്ങൾ നീണ്ട ആ ധ്യാനയോഗങ്ങൾക്കൊടുവിൽ ഇടവക ജനങ്ങൾ ഒന്നടങ്കം അനുതാപഹൃദയവുമായി ഒത്തു ചേരുകയും വ്യക്തികൾ തമ്മിൽ വിദ്വേഷമോ ശത്രുതയോ ഉണ്ടായിരുന്നെങ്കിൽ അതെല്ലാം മറക്കുകയും പൊറുക്കുകയും പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്തിരുന്നുവത്രേ. കർക്കിടക മാസത്തിലായിരുന്നു ഇത്തരം ധ്യാനയോഗങ്ങൾ. ചിങ്ങമാസത്തിൽ പുതിയ വർഷത്തെ സ്വാഗതം ചെയ്യുന്നതിനു മുമ്പായി തെറ്റുകുറ്റങ്ങൾ ദൈവമുമ്പാകെ ഏറ്റു പറഞ്ഞ് പുതുക്കം പ്രാപിക്കുവാൻ ഈ ധ്യാനയോഗങ്ങൾ സഹായകമായി എന്നു മെത്രാപ്പോലീത്താ അനുസ്മരിച്ചു.

മാമ്മൻ ഉപദേശിയുടെ ആഹ്വാനമനുസരിച്ച് ജീവിതം ദൈവത്തിനു സമർപ്പിച്ച മൂത്താമ്പാക്കൻ കൊച്ചൂഞ്ഞ് എന്ന യുവാവ് സാധുകൊച്ചുകുഞ്ഞ് ഉപദേശിയായി. ഇരുവരും ആത്മതപനത്തിലൂടെയും മാനസാന്തരത്തിലൂടെയും അനുഭവങ്ങൾ കൊണ്ടാണ് അവരുടെ കാലഘട്ടത്തെ ഒരു സുവർണകാലമാക്കി ചരിത്രത്തിൽ പ്രതിഷ്ഠിച്ചത്.

സുവിശേഷഘോഷണത്തോടൊപ്പം സാമൂഹികതിന്മകൾക്കെതിരേ ആഞ്ഞടിച്ച പ്രവാചകരായിരുന്നു, രണ്ട് ഉപദേശിമാരും മദ്യപാനാസക്തി, പുകവലി, വെറ്റിലമുറുക്ക് തുടങ്ങിയ ദുശ്ശീലങ്ങൾ മുതൽ അമിതപലിശ, കൈക്കൂലി, ആഡംബരം, സുഖലോലുപത, ആർജ്ജനാസക്തി, അതിഭക്ഷണം എന്നിങ്ങനെയുള്ള എല്ലാ തിന്മകൾക്കെതിരെയും അവർ പ്രസംഗിച്ചു. വ്യക്തികളെ ഇവയിൽ നിന്നെല്ലാം പിന്തിരിപ്പിക്കുവാൻ അവർക്കു സാധിച്ചിരുന്നു എന്നതാണ് തിരിഞ്ഞു നോക്കുമ്പോൾ അത്ഭുതകരമായി തോന്നുന്നത്.

ഇന്നത്തേതു പോലെ മദ്യഷാപ്പുകൾ അക്കാലത്തു നാട്ടിൽ സാർവ്വത്രികമായിരുന്നില്ല. എന്നാൽ ഉണ്ടായിരുന്ന ഷാപ്പുകൾ പോലും പൂട്ടിക്കുവാൻ ഈ സുവിശേഷകരുടെ പ്രസംഗങ്ങൾക്കു സാധിച്ചു. കുമ്പനാട്, ഇരവിപേരൂർ, മാരാമൺ, അയിരൂർ, റാന്നി പ്രദേശങ്ങളിലെല്ലാമുള്ള ഷാപ്പുകൾ പൂട്ടിച്ചത്രേ!

സത്യം, ധർമ്മം, നീതി, വിശ്വസ്തത, സ്നേഹം, സേവനം എന്നിങ്ങനെയുള്ള സനാതന മൂല്യങ്ങളെ ഉദ്ഘോഷിച്ചുകൊണ്ടുള്ളതായിരുന്നു ഇവരുടെ സുവിശേഷപ്രസംഗങ്ങൾ. തന്മൂലം നാനാജാതി മതസ്ഥരായ ആളുകൾ ഇവരുടെ പ്രസംഗങ്ങൾക്കു കാതോർത്തു. അക്രൈസ്തവർക്കിടയിലും ഈ ഉപദേഷ്ടാക്കൾക്ക് ആദരം ലഭിച്ചു. മാമ്മൻ ഉപദേശിയുടെ പ്രസംഗം കേട്ടു മദ്യപാനം ഉപേക്ഷിച്ചവരുടെ കൂട്ടത്തിൽ അക്രൈസ്തവരും ഉണ്ടായിരുന്നു.

തീണ്ടലും തൊടീലും നിലനിന്നിരുന്ന സമൂഹത്തിൽ ഇത്തരം അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്താനും മാമ്മൻ ഉപദേശി മടിച്ചില്ല. അസ്പഷ്ടരായ മനുഷ്യരെ അദ്ദേഹം സ്വഭവനത്തിൽ വിളിച്ച് പന്തിഭോജനത്തിനിരുത്തി. ജാതിപ്പേരു ചേർത്ത് മറ്റാളുകളെ വിളിച്ചിരുന്ന ക്രിസ്ത്യാനികളെ ശക്തമായ ഭാഷയിൽ ശകാരിക്കുവാനും അദ്ദേഹം മടിച്ചില്ല.

സമൂഹത്തെ ഇത്രയും ഗാഢമായി സ്പർശിക്കുവാൻ കഴിയുന്ന ആഴമായ മാനസിക പരിവർത്തനം സൃഷ്ടിക്കുവാൻ കഴിയുന്ന വ്യക്തികൾ ആത്മീയ രംഗത്ത് ഇപ്പോൾ ഇല്ലാത്തതെന്തുകൊണ്ട് എന്ന അന്വേഷമം നമുക്കിന്നാവശ്യമാണ്.

---

## സ്വദേശാഭിമാനിയുടെ

1957 ൽ രാമകൃഷ്ണപിള്ളയുടെ അർദ്ധകായ പ്രതിമയ്ക്ക് ഒരിടം ഏജീസ് ഓഫീസിനു മുന്നിൽ ലഭ്യമായി. സ്വദേശാഭിമാനിയുടെ ഓഫീസ് നിലനിന്നതിന്റെ എതിർ ഭാഗത്തുള്ള ഒരു സ്ഥലമാണ് അതെന്നായിരുന്നു ന്യായവാദം. പെട്ടെന്ന് ആരുടെയും ശ്രദ്ധ ആകർഷിക്കാൻ കഴിയാത്തവണ്ണം സ്ഥാനമുറപ്പിച്ച ആ പ്രതിമ അനാശ്ചാദനം ചെയ്തത് പ്രസിഡന്റ് രാജേന്ദ്രപ്രസാദ് ആയിരുന്നു.

എം. സി. റോഡിന്റെ വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമായതോടെയാണ് പ്രതിമയ്ക്ക് വീണ്ടും സ്ഥാനചലനം ഉണ്ടായത്. ഏതാനും ആഴ്ചകൾക്കു മുമ്പ് കൂടുതൽ അനുയോജ്യമായ പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ ഒരു ഭാഗത്തായിട്ടാണ് പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. വലിയ ആൾക്കൂട്ടമോ ആർഭാടമോ ഇല്ലാതെ ആ ചടങ്ങു നിർവ്വഹിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ വില എന്തെന്നറിയാവുന്ന ഒരു യുവ തലമുറ ഇന്നുണ്ടെങ്കിൽ നമുക്ക് സമാശ്വസിക്കാം. ●

## രോഗസൗഖ്യം:


കൊള്ളുക. എന്നിൽ സമർപ്പിച്ചു കൊള്ളുക. എനിക്ക് യാഗവും സ്തുതിയും അർപ്പിക്കുക...എന്നിൽ മാത്രം അഭയം കണ്ടെത്തുക. എല്ലാ പാപത്തിൽ നിന്നും ഞാൻ നിന്നെ വിടുവിക്കും. സങ്കടപ്പെടാതിരിക്കുക.

ബൈബിളിന്റെ ഉപദേശം ഇപ്രകാരമാണ്. അവൻ നിനക്കായി കരുതുകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ. (1 പത്രോ. 5:7) യേശുക്രിസ്തുവിന്റെ ആശ്വാസ വചനങ്ങൾ ഇപ്രകാരമാണ്. എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായി കൊണ്ടും വിചാരപ്പെടരുത്.(മത്താ. 6:25), നാളെയ്ക്കായി വിചാരപ്പെടരുത്. (മത്താ. 6:37). പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ രോഗബാധ നീങ്ങിപ്പോകുന്നില്ല (മത്താ. 17:21).

പ്രാചീനവും ആധുനികവുമായ എല്ലാ ചികിത്സാ സമ്പ്രദായങ്ങളേയും ബഹുമാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യണം.പരമ്പരാഗതമായും പ്രാദേശികമായും ലഭിച്ച ചികിത്സാവിധികളെ കുറിച്ച് കൂടുതൽ ഗവേഷണം നടക്കണം. ആദിവാസികളുടെ അലിഖിത പാരമ്പര്യങ്ങളും താളിയോല ഗ്രന്ഥങ്ങളുടെ അമൂല്യ വിവരങ്ങളും ശാസ്ത്രീയമായി അപഗ്രഥിക്കണം. പ്രകൃതി മൂലകങ്ങളുടെ അപൂർവ്വ കൂട്ടുവിധി ക്രമങ്ങൾ പരീക്ഷിക്കണം. ഔഷധ ചെടികളുടെ പ്രചാരണം വർദ്ധിക്കണം. പുതിയ വൈറസുകളും അവ മൂലമുണ്ടാകുന്ന രോഗങ്ങളും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് പ്രകൃതിയിൽ തന്നെ മറഞ്ഞു കിടക്കുന്ന സംവിധാനങ്ങൾ കണ്ടെത്തി സജ്ജീകരിക്കണം. ഇത്തരം ഗവേഷണ ഫലങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള മുൻകരുതലും ആവശ്യമാണ്.

ശാസ്ത്രം സ്പർശിക്കാത്ത മേഖലകളെയും അപഗ്രഥിക്കാൻ ശ്രമിക്കണം. ശരീരവും മനസ്സും തമ്മിലുള്ള നിഗൂഢ ബന്ധം അത്ഭുതരോഗ ശാന്തി ഇവയൊക്കെ ഇന്നും ശാസ്ത്രലോകത്തിന് നിഷേധിക്കാനാവാത്ത അത്ഭുത പ്രതിഭാസങ്ങളാണല്ലോ. പക്വമായ ആദ്ധ്യാത്മികതയും ശ്രേഷ്ഠമായ പ്രാർത്ഥനാനുഭവവും രോഗസൗഖ്യത്തിന് സഹായമാകുന്നതിനെ കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ സമൂഹത്തിന് പകർന്നു കൊടുക്കണം. രോഗസൗഖ്യം ലഭിച്ചാലും ഒരിക്കൽ നാം മരിക്കേണ്ടവരായതു കൊണ്ട് ധൈര്യവും പ്രത്യാശയും ക്ഷമയോടെ ഉൾക്കൊള്ളുകയും വേണം.

# പുസ്തക പരിചയം




## ഉൾക്കാഴ്ചകൾ

ഡോ. സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപ്പോലീത്ത
ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല, വില 80 രൂപ
പുതിയ ഉൾക്കാഴ്ചകൾ പകരുന്ന ഇരുപത്തിയഞ്ചു പ്രഭാഷണങ്ങളുടെ സമാഹാരം. ദിവ്യദർശനത്തിന്റെ ഉൾക്കാഴ്ചകൾ, ഉപമയുടെ ഉൾക്കാഴ്ചകൾ, സ്മരണയുടെ ഉൾക്കാഴ്ചകൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്ന പ്രഭാഷണങ്ങൾ വർത്തമാനകാല ജീവിതാവസ്ഥകളുടെ അപഗ്രഥനവും അതിനനുസൃതമായ വേദവ്യാഖ്യാനവുമാണ് ഉൾക്കൊള്ളുന്നത്. ബന്ധനങ്ങളുടെ സുഖനിദ്രയിൽ നിന്നു മനുഷ്യനെ തട്ടിയുണർത്തി വിടുതലിന്റെ പുലരിയിലേക്കു നയിക്കുവാനുള്ള ആഹ്വാനം ഈ പ്രഭാഷണങ്ങളിൽ മുഴങ്ങുന്നു. ക്രിസ്തുവിലൂടെയുള്ള വിമോചനം മനുഷ്യസമുദായത്തിനു സാദ്ധ്യമാക്കുവാനുള്ള പ്രചോദനം ഈ പ്രഭാഷണങ്ങളുടെ അന്തര്യാമിയായ ശക്തിയാകുന്നു.

## സ്വാതന്ത്ര്യം തന്നെ ജീവിതം


**പ്രൊഫ. എം തോമസ് മാത്യു**
**ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല വില 75 രൂപ**





മലയാള വിമർശന സാഹിത്യ രംഗത്തെ സംഭാവനകളുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ വയലാർ അവാർഡ് നേടിയ പ്രൊഫ. എം. തോമസ് മാത്യുവിന്റെ ഏറ്റവും പുതിയ രചനയാണ് സ്വാതന്ത്യം തന്നെ ജീവിതം.

സ്വാതന്ത്ര്യത്തെ പരമമൂല്യമായി കണക്കാക്കുന്ന മാനവവാദത്തെക്കുറിച്ചറിയുവാൻ സഹായിക്കുന്ന കൃതിയാണിത്. മാനവ വാദം പലപ്പോഴും നിരീശ്വരത്വത്തിലേക്കു വഴി തിരിഞ്ഞു പോയിട്ടുണ്ടെങ്കിലും മനുഷ്യസത്ത ദൈവികമാണെന്ന വിശ്വാസത്തിലുറച്ചു നിന്നുകൊണ്ട് ദൈവത്തെ അനുസരിക്കുമ്പോൾ മനുഷ്യൻ തന്റെ സത്തയോടു സത്യസന്ധനാവുകയാണ് ചെയ്യുന്നതെന്ന ചിന്താഗതിയാണ് ഗ്രന്ഥകാരൻ പുലർത്തുന്നത്.

ശ്രീബുദ്ധൻ, ഗാന്ധിജി, ശ്രീനാരായണ ഗുരു, എം. എൻ. റോയി, എന്നിങ്ങനെ ഭാരതീയരായ പലരുടെയും ആശയങ്ങളെ അപഗ്രഥിച്ചു കൊണ്ടും ബർട്രാൻഡ് റസ്സൽ തുടങ്ങി എറിക്ഫ്രോം വരെയുള്ള പാശ്ചാത്യരുടെ ചിന്താപദ്ധതികളെ വിശകലനം ചെയ്തു കൊണ്ടും സ്വാതന്ത്ര്യമെന്ന മുഖ്യമൂല്യത്തെ അടിസ്ഥാനമാക്കിയുള്ള മനുഷ്യാന്വേഷണമാണിവിടെ നടത്തുന്നത്. ബൈബിളും കാളിദാസ കൃതികളും ആശാന്റെയും അയ്യപ്പപ്പണിക്കരുടെയും ഇടശ്ശേരിയുടെയും കവിതകളും ബഷീറിന്റെ കഥകളുമെല്ലാം സാന്ദർഭികമായി ഉദാഹരിക്കപ്പെടുന്നതിലൂടെ തത്വചിന്തയുടെ ഗഹനതലങ്ങളിലേക്ക് സാധാരണക്കാർക്കും വഴി തുറന്നു കിട്ടുന്നു എന്നത് ഈ കൃതിയുടെ സവിശേഷതയായി കാണാം..



RESPONSES



# പ്രതികരണങ്ങൾ

**ആ**ഗസ്റ്റ് മാസത്തിലെ ന്യൂവിഷനിൽ പ്രസിദ്ധീകരിച്ച സി. ആർ. നീലകണ്ഠൻ എഴുതിയ യേശുവിന്റെ പാതയിലാണ് ഞാൻ എന്ന ലേഖനം ശ്രദ്ധേയമാണ്.

ശ്രീ. സി. ആർ. നീലകണ്ഠൻ എന്ന വ്യക്തിയെ നേരിട്ടും റ്റി. വി. പരിപാടികളിലൂടെയും അറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഒരു പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിലും സാമൂഹ്യസേവകൻ എന്ന നിലയിലും പ്രശസ്തനാണ്. സമൂഹത്തിൽ താഴെക്കിടയിലുള്ള അദ്ധ്വാനിക്കുന്നവരുടെയും അശരണരുടെയും വിമോചനത്തിനു വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തി എന്ന നിലയിൽ ആദരണീയനാണ്.

അദ്ദേഹത്തിന്റെ യേശുവിന്റെ പാതയിലാണ് ഞാൻ എന്ന സാക്ഷ്യം അത്യധികം വിലപ്പെട്ടതാണ്. പാരമ്പര്യ ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്ന ഏതൊരു വ്യക്തിയും കണക്കിലെടുക്കേണ്ട സാക്ഷ്യമാണത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു ഓരോരുത്തരുടെയും ഉള്ളിൽ നിത്യസത്യമായി വാഴണം എന്ന പ്രസ്താവന ചിന്തായോഗ്യമാണ്.

സമൂഹത്തിലെ ഏറ്റവും ദുർബലർക്കു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വച്ച ക്രിസ്തുവിനെ മാതൃകയാക്കി പ്രവർത്തിക്കുന്ന ശ്രീ. സി. ആർ. നീലകണ്ഠൻ എന്റെ യേശു എന്ന് പറയുന്നു. അതുപോലെ നമുക്ക് എന്റെ യേശു എന്ന് പറയുവാൻ സാധിക്കുമോ?

യേശുവിന്റെ പാതയിലാണോ നാം ഓരോരുത്തരും? ഓരോ ക്രിസ്ത്യാനിയും ചിന്തിക്കേണ്ട വിഷയമാണിത്.

**കോശി തോമസ്**

# ഫിലോക്കാലിയ....

ഇതു തന്നെയാണ് 19-ാം നൂറ്റാണ്ടിൽ റഷ്യയിലെ സാധകന്റെ സഞ്ചാരത്തിലെ യോഗാനുഭൂതിയോട് ഏതാണ്ടു സമാനമെന്നു പലരും വിശേഷിപ്പിക്കുന്ന ഒരു ശാരീരിക- മാനസിക- ആദ്ധ്യാത്മിക അനുഭവമാണ് ഹെസികൃ അഥവാ അദ്ധ്യാത്മ ശാന്തി. അതുകൊണ്ടായിരിക്കാം ഒരു ഹൈന്ദവ സന്യാസിയായസിദ്ധിനാഥാനന്ദ സ്വാമിയെ ഈ ഗ്രന്ഥം സ്വാഭാവികമായി സ്വാധീനിക്കുകയും അതിന്റെ തർജ്ജമയ്ക്ക് അദ്ദേഹം തുനിയുകയും ചെയ്തത്. ആ പരിഭാഷയെ മൂലകൃതിയുമായി ഒത്തുനോക്കി ഡോ. ചെറിയാൻ ഈപ്പൻ പുനപ്രസിദ്ധീകരിച്ചു.

## സന്യാസവും സാധാരണക്കാരും

സന്യാസിമാർക്കു വേണ്ടി എഴുതപ്പെട്ട ഒരു പുസ്തകം എന്തിനാണ് ഇത്രയധികം അധ്വാനിച്ച് തർജജമ ചെയ്ത് പൊതുജനങ്ങൾക്ക് നൽകുന്നത് എന്ന ചോദ്യം സ്വാഭാവികമായി ഉന്നയിക്കാം. എന്നാൽ ഭാരതത്തിലെ ബുദ്ധമതം, ജൈനമതം, ഹൈന്ദവ പാരമ്പര്യം എന്നിവ എടുത്തു നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. സന്യാസി നിഷ്ഠയോടു കൂടി ജീവിക്കുന്ന വ്യക്തികളുടേയും സമൂഹങ്ങളുടെയും ജീവിതചര്യയും ആദ്ധ്യാത്മിക ശൈലിയുമാണ് സാധാരണ ജനങ്ങൾക്ക് മാർഗ്ഗദർശകമായിത്തീരുന്നത്. കുടുംബ ജീവിതം നയിക്കുകയും ലോക വ്യവഹാരങ്ങളിൽ തുടർച്ചയായി വ്യാപരിക്കുകയം ചെയ്യുന്ന ജനങ്ങളിൽ പലരും തങ്ങളുടെ ജീവിതത്തിന് ആത്യന്തികമായ ദിഗ്ബോധവും അർത്ഥവും ലഭിക്കുന്നതിന് വേണ്ടി ആഗ്രഹിക്കുന്നവരാണ്.ആർഷ സംസ്കാരത്തിൽ മഹർഷിമാരുടെ പർണശാലകളും ആചാര്യന്മാരുടെ ഗുരുപീഠങ്ങളും ജനങ്ങൾക്ക് വഴികാട്ടുന്ന ദീപസ്തംഭങ്ങളായിരുന്നു. ബൗദ്ധസന്യാസിമാരുടെ സംഘബോധവും ശരണത്രയങ്ങളും സാമൂഹിക വ്യവസ്ഥയെ ആഴമായി സ്വാധീനിച്ചു. മഹാത്മാഗാന്ധിയുടെ അഹിംസാസിദ്ധാന്തത്തിന്റെയും അതിന് 20-ാം നൂറ്റാണ്ടിലുണ്ടായ മഹത്തായ രാഷ്ട്രീയ സാംസ്കാരിക ധ്വനികളുടെയും വേരുകൾ തേടി നാം ചെല്ലുമ്പോൾ ജൈവ-ബുദ്ധ സന്യാസിസംസ്ക്കാരത്തിലേക്കാണ് നാം എത്തിച്ചേരുന്നത്. ക്രിസ്തീയ പാരമ്പര്യത്തിൽ മരുഭൂമിയിലെ താപസന്മാരുടെയും വലിയ സംഘബോധത്തോടെ ആശ്രമങ്ങളിൽ തങ്ങളുടെ ജീവിതം സമർപ്പിച്ച സന്യാസിമാരുടെയും സൃഷ്ടിയായ ആദ്ധ്യാത്മിക ശൈലികളും ആരാധനാക്രമങ്ങളുമാണ് സാധാരണ വിശ്വാസികൾക്ക് അത്താണിയായും ആദ്ധ്യാത്മിക മാർഗ്ഗദർശനവും തീർന്നത് എന്നുകാണാം. ദസ്തയെവ്സ്കിയുടെ കൃതികളിലെ ഉദാഹരണമെടുത്താൽ കാരമസോവ് സഹോദരന്മാരിലെ പ്രസിദ്ധ കഥാപാത്രമായ ഫാ. സോസിമ റഷ്യയിലെ ഒപ്തീന ആശ്രമത്തിൽ യഥാർത്ഥത്തിൽ ജീവിച്ചിരുന്ന ഒരു സന്യാസിയുടെ പ്രതിരൂപമാണ്. ആത്മാവിന്റെ ആന്തരികമായ വിളികൊണ്ട് ദസ്തയെവ്സ്കി സന്ദർശിച്ചിരുന്ന ഒരു സ്ഥലമായിരുന്നു ഒപ്തീനാ ആശ്രമം. അവിടുത്തെ സന്യാസിമാർ മുൻപറഞ്ഞ യേശുജപവും ഫിലോക്കാലിയയുടെ ആദ്ധ്യാത്മിക അന്തരീക്ഷവും സ്വാംശീകരിച്ചവരായിരുന്നു.

ആദ്ധ്യാത്മികതയുടെ ആത്യന്തിക അനുഭവം സ്നേഹമാണ് എന്ന് ഫിലോക്കാലിയ വ്യക്തമാകുന്നു. സ്നേഹത്തിലൂന്നിയ നിസ്സംഗതയെ പ്രാപിക്കാനാണ് ആദ്ധ്യാത്മിക പരിശീലനം എന്നാണ് ഫിലോക്കാലിയയിലെ ഗുരുക്കന്മാർ പഠിപ്പിക്കുന്നത്.

## എങ്ങിനെയാണ് വായിക്കേണ്ടത്

## ഫിലോക്കാലിയ എന്ന ഗ്രന്ഥം


ഫിലോക്കാലിയ എന്ന ഗ്രന്ഥം ആദ്യം മുതൽ അവസാനം വരെ വായിച്ചു തീർക്കാനുള്ളതല്ല. നമ്മുടെ അനുദിന ധ്യാനത്തിനും ദീർഘവും ആവർത്തിതവുമായ മനനത്തിനും വേണ്ടിയുള്ളതാണ്. വിവിധ പൂക്കളിൽ നിന്ന്തേനീച്ചകൾ ശേഖരിക്കുന്ന വിവിധ രുചികളിലുള്ള തേൻ വ്യക്തവും ഹൃദ്യവുമായ ഏക രുചിയാക്കി രൂപാന്തരപ്പെടുത്തുന്നതുപോലെ വിവിധ കാലഘട്ടങ്ങളിൽ സങ്കീർത്തവും അതിബഹുലവുമായ ആദ്ധ്യാത്മിക അനുഭവങ്ങളിലൂടെ കടന്നുപോയ ഋഷിമാരുടെയും ഗുരുക്കന്മാരുടെയും പ്രബോധനങ്ങളും ഉൾക്കാഴ്ചകളും നമ്മെ ആദ്യം അല്പമൊന്ന് അന്ധകാളിപ്പിച്ചേക്കാം. എങ്കിലും നേതീച്ചയുടെ മാന്ത്രിക വിദ്യപോലെ ആത്മാവിന്റെ മന്ത്രദണ്ഡുപയോഗിച്ച് നമുക്കും തേൻ ശേഖരിക്കാം. ഇക്കാര്യങ്ങളിൽ ആഴമായ തലങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നവൻ യോഗ്യനായ ഒരു ഗുരുവിനെ കണ്ടെത്തി അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ അതു ചെയ്യണമെന്നാണ് പാരമ്പര്യം അനുശാസിക്കുന്നത്. അല്ലെങ്കിൽ അപക്വമതിയായ ഒരു സാധകൻ വഴിതെറ്റിപ്പോകാനിടയുണ്ട്.

## എന്തു മാറ്റം വരും?

മലയാളത്തിൽ ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം കൊണ്ട് പെട്ടെന്ന് എന്തെങ്കിലും മാറ്റമുണ്ടാകുമോ എന്ന് ചോദിച്ചാൽ എന്റെ എളിയ ബുദ്ധിയിൽ തോന്നുന്നത് ക്രിസ്തു പഠിപ്പിച്ച വിത്തിന്റെ ഉപമയാണ്. വിതയ്ക്കുന്ന വൻ വിതയ്ക്കാൻ പുറപ്പെട്ടു. ചിലത് വഴിയരികിൽ വീണു. പക്ഷികൾ അത് കൊത്തിപ്പറത്തി. ചിലത് മുള്ളിനിടയിൽ വീണു. അതു മുളച്ചെങ്കിലും മുള്ളു വളർന്ന് അവയെ ഞെരുക്കിക്കളഞ്ഞു. ചിലത് പാറപ്പുറത്ത് വീണു. മണ്ണില്ലായ്കയാൽ മുളച്ചവിത്ത് ഉണങ്ങിപ്പോയി. ചിലത് നല്ല നിലത്തു വീണു അതു മുളച്ച് വളർന്ന് മുപ്പതും അറുപതും നൂറും മേനിയായി വിളവു നൽകി.

**NEW VISION FOR A CHANGING WORLD**
Annual Subscription.Rs. 100/-
Registered with the Registrar of Newspapers for India,under
**No. KER BIL/2000/1543**

**NOVEMBER 2009**
Postel Regn No. KL/KTM/362/2009-11
Licence No. KL/KTM/WPP-048/2009-2011,
Licensed to post without pre-payment.
Posted at Kottayam RMS on the 28th of every month




Edited, Printed and Published by Dr. Mathew Koshy Punnackadu
Owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam.